T61
D87

# ദ്രോണപൎവ്വം

പ്രൌഢഗംഭീരമായ അവതാരികയോടും
ടിപ്പണത്തോടും കൂടിയത്

പ്രസാധകന്മാർ

ബി. വി. ബുക്ക് ഡിപ്പോ

തൃശ്ശിവപേരൂർ

ബി. വി. പ്രിൻറിംഗ് വർക്ക്സ്

തൃശ്ശിവപേരൂർ

DEPOSITORY LIBRARY No. 3652 CANCELLED
TG D87
DHARMARAM COLLEGE LIBRARY BANGALORE 3957

Price 10 as.) 1115 (വില 10ണ.

# അവതാരിക

മലയാളഭാഷാസാഹിത്യപഥത്തിൽ കൂടി സഞ്ചരിക്കുന്ന ഒരു സഹൃദയൻ രാമചരിതം, ഉണ്ണുനീലിസന്ദേശം, കണ്ണശ്ശരാമായണം മുതലായ ശാഡ്വലസ്ഥലികളെ കടന്ന് മുൻപോട്ടുപോകുമ്പോൾ കാണുന്ന അസന്ദർശിതപൂർവ്വങ്ങളായ രമണീയോദ്യാനങ്ങളാകുന്നു അദ്ധ്യാത്മരാമായണഭാരതാദി ഗ്രന്ഥങ്ങൾ. യാതൊരു മഹാനാണോ ഈ ഗ്രന്ഥാവലിയുടെ സൃഷ്ടികൊണ്ടു് "പൈതലാം മലയാളഭാഷതൻ ശരിയായ ജാതകം കുറിച്ചിട്ടതു്" ആ രാമാനുജാചാര്യപുംഗവൻ ഇന്നും അഖില കേരളീയരുടേയും നിസ്തുല്യമായ ആരാധനയ്ക്കും സമഭിനന്ദനത്തിനും പാത്രമായി പരിശോഭിക്കുന്നു. തുഞ്ചത്തെഴുത്തച്ഛനു് മുമ്പും പിമ്പും ദിവ്യന്മാരായ കവികൾ അനേകംപേർ കേരളത്തിൽ ജനിച്ചിട്ടുണ്ടു്. എന്നാൽ എഴുത്തച്ഛനു മാത്രമേ "പഞ്ചമവേദാദി സദ്ഗ്രന്ഥസന്തതിയാകും പഞ്ചാമൃതത്താൽ പാരിൽ താപത്തെ ശമിപ്പിക്കാൻ" കഴിഞ്ഞുള്ളു. ഗ്രീസിൽ ഹോമർക്കും, ഇംഗ്ലണ്ടിൽ ഷേക്സ്പീയർക്കും, ഭാരതത്തിൽ കാളിദാസനും ഉള്ളസ്ഥാനം തന്നെയാണു് കേരളത്തിൽ തുഞ്ചത്തെഴുത്തച്ഛനും സിദ്ധിച്ചിട്ടുള്ളതു്.

മലയാളഭാഷാസാഹിത്യത്തിൽ ഭാരതം പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. ഒരുലക്ഷം ശ്ലോകങ്ങളുള്ള മൂലഭാരതത്തിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങൾ സം

ഖ്യാതിതങ്ങളും അൽഭുതജനകങ്ങളുമാകുന്നു. ഋഷികറം, ദേവന്മാർ, രാജാക്കന്മാർ മുതലായവരുടെ അസംഖ്യം ചരിതങ്ങൾ്കളയും, മതം, തത്വജ്ഞാനം, ദശ്നം, നിയമം, സമുദായം, പ്രപഞ്ചസൃഷ്ടി, കല, ഇത്യാദ്യസംഖ്യം വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു അമൂല്യവിജ്ഞാനഭണ്ഡാഗാരമത്രെ മഹാഭാരതം. പ്രസ്തുത ഗ്രന്ഥത്തിൻെറ മാഹാത്മ്യാതിശയത്തെക്കുറിച്ച് തൽക്കത്താവുതന്നെ പറയുന്നതു നോക്കുക.

"അത്ഥശാസ്ത്രമിതെന്നല്ല
ധമ്മശാസ്ത്രമിതുത്തമം
കാമശാസ്ത്രമിതാം വ്യാസ
ശ്രീമഹഷിവിനിമ്മിതം."

ദേശകാലവഗ്ഗാദിഭേദചിന്തകൂടാതെ സകലക്കുമുപകരിക്കുന്നവയായി ലൌകികവും പാരത്രികവുമായ എത്രയെത്ര തത്വരത്നങ്ങളാണു് മഹാഭാരതത്തിൽ നിക്ഷിപ്തമായിരിക്കുന്നതു്. ലോകത്തിലെ സകല ഭാഷകളിലും തജ്ജിമചെയ്യപ്പെട്ടിട്ടുള്ള അതിവിശിഷ്ടമായ ഭഗവദ്ഗീതയും ഭാരതത്തിലാണല്ലോ അടങ്ങിയിരിക്കുന്നതു്. ഇത്ര മഹത്തും ഇത്ര ബൃഹത്തുമായ മഹാഭാരതം ആഗോപാലപണ്ഡിതം രുചിക്കത്തക്കവണ്ണം മമ്മസ്പൃക്കും, കവിതാരസസുരഭിലവുമായ ഒരു രീതിയിൽ ഭാഷയിൽ നിമ്മിക്കുവാൻ നിഷ്കാമമായി ഉദ്യമിച്ച തുഞ്ചത്തു് രാമാനുജാചാര്യൻ സവഥാ സംപൂജ്യനാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല.

## എഴുത്തച്ഛന്റെ കാലം

സുപ്രസിദ്ധന്മാരായ ഭാരതീയകവികളിൽ പലരുടേയും കാലം എന്നപോലെ എഴുത്തച്ഛന്റെ ശരിയായ കാലം നിർണ്ണയിക്കുന്നതു് കുഷ്കരസാദ്ധ്യമെന്നുതന്നെ പറയാൻ വിശ്വാസയോഗ്യമായ തെളിവുകളുടെ അഭാവമാണു് ഇതിനു കാരണം. ആചാര്യരുടെ കാലം കൊല്ലവഷം എഴുനൂറിനും എണ്ണൂറിനും മദ്ധ്യേയാണെന്നു ചില ഐതിഹ്യങ്ങളെ ആസ്പദമാക്കി ഭാഷാചരിത്രകത്താവായ ഗോവിന്ദപ്പിള്ള അവർകഠം അഭിപ്രായപ്പെട്ടുന്നു ആധുനികഭാഷാചരിത്രകത്താവായ മി. നാരായണപ്പണിക്കരുടെ അഭിപ്രായം എഴുത്തച്ഛൻ ജീവിച്ചിരുന്നതു് കൊല്ലം എഴുനൂററൻപതിനും എണ്ണൂററിരുപത്തഞ്ചിനും ഇടയ്ക്കായിരുന്നിരിക്കണമെന്നാകുന്നു.

മേല്പത്തൂർ ഭട്ടതിരിയുടെ നാരായണീയത്തിൽ കാണുന്ന "ആയുരാരോഗ്യസൌഖ്യം" എന്ന കലിദിനസംഖ്യപ്രകാരം ആ ഗ്രന്ഥം എഴുതിത്തീത്തതു് കൊല്ലവഷം 762 വൃശ്ചികം 25-ാംനു- ആണെന്നു് സിദ്ധിക്കുന്നു. ഭട്ടതിരിയും എഴുത്തച്ഛനും സമകാലീനന്മാരായിരുന്നുവത്രെ. ഈ തെളിവിനെ പ്രമാണമാക്കി ചിന്തിക്കുമ്പോഠം തുഞ്ചത്തു ആചാര്യരുടെ കാലം കൊല്ലം എഴുനൂറിനും എണ്ണൂറിനും മദ്ധ്യേയാണെന്നു് പറയുന്നതിൽവലിയ അപാകം ഉണ്ടെന്നു് തോന്നുന്നില്ല

എഴുത്തച്ഛന്റെ കൃതികളിലെ ഭാഷാരീതിയും ഈ അനുമാനത്തെ ഏറെക്കുറെ സ്ഥിരീകരിക്കുന്നുണ്ടു്. ദ്രാവിഡപദങ്ങഠം പ്രചുരമായി പ്രയോഗിച്ചിട്ടുള്ള കണ്ണശ്ശനും,

ചെറുശ്ശേരിയും എഴുത്തച്ഛൻെറ കാലത്തിന് മുമ്പുതന്നെ ജീവിച്ചിരുന്നതായി കരുതേണ്ടിയിരിക്കുന്നു. നമ്പ്യാരുടെ ഭാഷാരീതിയാകട്ടെ ആധുനികകാലത്തെ ഭാഷാരീതിയിൽനിന്നും വളരെ ഭിന്നമല്ലതാനും. ഇക്കാരണത്താൽ തുഞ്ചത്താചാര്യരുടെ അനന്തരഗാമിയായിരിക്കണം കുഞ്ചൻനമ്പ്യാർ. ചെറുശ്ശേരി പ്രഭൃതികളുടേയും നമ്പ്യാരുടേയും കാലം മിക്കവാറും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. ഈ തെളിവുകളെ അടിസ്ഥാനമാക്കി എഴുത്തച്ഛൻെറ കാലം കൊല്ലവർഷം എഴുനൂറിനും എണ്ണൂറിനും മദ്ധ്യേയാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

---

## എഴുത്തച്ഛൻെറ ജീവചരിത്രം

ബ്രിട്ടീഷ് മലബാറിൽ പൊന്നാനിത്താലൂക്കിൽ വെട്ടത്തുനാട്ടുദേശത്ത് തൃക്കണ്ടിയൂർ അംശത്തിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു ഉദ്ദേശം അരമൈൽ പടിഞ്ഞാറുള്ള തുഞ്ചൻപറമ്പായിരുന്നു മഹാനായ എഴുത്തച്ഛൻെറ ജന്മസ്ഥലം. ഇദ്ദേഹം ഒരു ചക്കാലനായരായിരുന്നുവത്രേ. ഇദ്ദേഹത്തിൻെറ ജനനത്തെപ്പററി പ്രസിദ്ധമായ ഐതിഹ്യമുള്ളതു ഇപ്രകാരമാകുന്നു. ജ്യോതിശ്ശാസ്ത്രവിശാരദനായ ഒരു നമ്പൂതിരിബ്രാഹ്മണൻ രാത്രികാലത്തു് എഴുത്തച്ഛൻെറ അമ്മയുടെ വീട്ടിൽചെന്നു ചേരുകയും, രാത്രിയിൽ ആകാശപരിശോധനയിൽ പുത്രോൽപാദനത്തിനുള്ള ശുഭമുഹൂർത്തം കാണുകയാൽ

സന്തത്യല്പാദനം ചെയ്കയും ചെയ്തു. ഈ ഐതിഹ്യം തീരെ വിശ്വസിക്കത്തക്കതല്ല.

എഴുത്തച്ഛന് രാമൻ എന്ന പേരോടുകൂടിയ പണ്ഡിതനായ ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നതായി

"അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കരുന്നിങ്കൽ വാഴ്ക രാമനാമാചാര്യൻ
മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും"

എന്ന് അദ്ധ്യാത്മരാമായണപാഠങ്ങളിൽനിന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

"അൻപേണമെൻമനസി ശ്രീനിലകണ്ഠഗുരു"

എന്നു ഹരിനാമകീർത്തനത്തിൽ കാണുന്നതിനാൽ എഴുത്തച്ഛന്നു നീലകണ്ഠൻ എന്നു പേരുള്ള ഒരു ഗുരുവും കൂടി ഉണ്ടായിരുന്നിരിക്കണം.

എഴുത്തച്ഛൻെറ വിദ്യാഭ്യാസത്തെപ്പററിയുള്ള ഐതിഹ്യങ്ങളൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. ഒരു പക്ഷേ ഇക്കാര്യത്തിൽ അദ്ദേഹത്തിനു വളരെ കഷ്ടപ്പാടുകൾ ഉണ്ടായിരുന്നു എന്നുവരാം. അദ്ദേഹം വിദ്യാഭ്യാസാനന്തരം കുറെക്കാലം അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടതായും, അതിനുശേഷം ദേശസഞ്ചാരത്തിനു പുറപ്പെട്ടതായും പറയപ്പെടുന്നു. അസാമാന്യമായ ജ്ഞാനതൃഷ്ണ ഒന്നുമാത്രമായിരിക്കണം ഈ വിഷയത്തിൽ എഴുത്തച്ഛന്ന് പ്രേരകമായിത്തീർന്നത്. എന്തായിരുന്നാലും അദ്ദേഹം ഏതാനുംകാലം വിദേശങ്ങളിൽ സഞ്ചരിച്ചു, തമിഴിലും തെലുങ്കിലും അഗാധമായ പാണ്ഡിത്യം സമ്പാദിച്ച്,

തിരിച്ചു സ്വദേശത്തുവന്നശേഷമാണ് തൻെറ ജീവിതം കൈരളീസേവനത്തിനായി സമപ്പിച്ചതു്.

എഴുത്തച്ഛൻ നിത്യബ്രഹ്മചാരിയായിത്തന്നെ ജീവിതം കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ മരണം ഇന്നപ്പോളെന്നോ ഇന്നസ്ഥലത്തുവച്ചെന്നോ ആക്കും ഖണ്ഡിതമായി പറയുവാൻ നിവ്വാഹമില്ല. എഴുത്തച്ഛൻെറ മെതിയടിയും യോഗദണ്ഡും അദ്ദേഹം ചിററൂരിൽ സ്ഥാപിച്ച ഗുരുമഠത്തിൽ ഇന്നും ഉണ്ടെന്നുമാത്രം പ്രസ്താവം.

## എഴുത്തച്ഛൻെറ കവിതാരീതി

സവ്വതന്ത്രസ്വതന്ത്രനായ എഴുത്തച്ഛൻെറ അനന്യസാമാന്യമായ മനോധമ്മവിലാസവും കവനകലാപാടവവും ആസ്വദിക്കുവാനാഗ്രഹിക്കുന്നവർ അദ്ദേഹത്തിൻെറ മഹാഭാരതം അവശ്യം വായിച്ചിരിക്കേണ്ടതാകുന്നു. അതിൽക്കൂടി അവധാനപൂവ്വം സഞ്ചരിക്കുന്ന ഏതൊരുവനും തുലോം, വിദൂരസ്ഥമായ അദ്ധ്യാത്മഭൂമി ഏററവും അടുത്തു കാണുവാൻ സാധിക്കും. ധമ്മോപദേശം, ആഖ്യാനം, വണ്ണനാവൈദഗ്ദ്ധ്യം, പദപ്രയോഗചാതുര്യം, രസപരിപോഷണം. ചിത്രസൃഷ്ടി, ഔചിത്യദീക്ഷ, സംഭാഷണം, ഫലിതം, മനോധമ്മപ്രകടനം ഇത്യാദ്യംഗങ്ങളിൽ അദ്വിതീയനായ എഴുത്തച്ഛൻ മലയാളികൾക്കു പ്രത്യേകിച്ചും സരസ്വതീഭക്തന്മാക്കു്, ഒരു അക്ഷയദീപം തന്നെയാണു്.

വർണ്ണനയിൽ എഴുത്തച്ഛനുള്ള പാടവം അന്യാദൃശമാകുന്നു. എത്ര സമർത്ഥനായ ചിത്രകാരനെപ്പോലും അധഃകരിക്കത്തക്കവണ്ണമുള്ള രചനാനൈപുണ്യം എഴുത്തച്ഛനു ജന്മസിദ്ധമാകുന്നു. സംഭവങ്ങളേയും, സന്ദർഭങ്ങളേയും, വ്യക്തികളേയും, മതിയായ തന്മയത്വത്തോടും ദൃഢതയോടും കൂടി വായനക്കാരുടെ ഹൃദയദർപ്പണത്തിൽ പ്രതിഫലിപ്പിക്കുന്നതിന് ഈ മഹാകവിക്ക് നിസ്തുല്യമായ സാമർത്ഥ്യമുണ്ട്. "പത്തുസഹസ്രംഗജത്തിൻ ബലമുള്ള മത്തഗജത്തിൽ കഴുത്തിലേറിക്കൊണ്ട്" ഭഗദത്തൻ ഭീമസേനനുമായി ചെയ്യുന്ന യുദ്ധത്തെ കവി വർണ്ണിച്ചിരിക്കുന്നതു നോക്കുക

"ഹസ്തിതന്നസ്ഥികൾ കുത്തിഞെരിക്കയും
മസ്തകംകൈതലം കൊണ്ടുഭേദിക്കയും
ചക്രാന്തിരിക്കയും വക്രിച്ചുവാങ്ങിയു
മഗ്രവരുന്നേരമുഗ്രമടിക്കയും
തുമ്പിക്കൈതന്നിലകപ്പെടുംനേരത്തു
തുമ്പിപറക്കുംപ്രകാരംകഴിക്കയും
കമ്പാംവരുമാറുഭൂമിയിൽ വീഴ്കകം
കൊമ്പുതാഴ്ത്തുമ്പോളുരുണ്ടുകളകയും
മദ്ധ്യേനടയിടപുക്കുദരസ്ഥലേ
കുത്തിയുംപിന്നിൽപുറപ്പെട്ടുമണ്ടിയും"

എന്നുതുടങ്ങിയ ഭാഗത്തെ നേരിട്ടുകണ്ടിട്ടുള്ള ഒരാളെപ്പോലെയാണ് അദ്ദേഹം വർണ്ണിച്ചിരിക്കുന്നത്. ദ്രോണാചാര്യരുടെ പുറപ്പാടിൽ ആർത്തലിച്ചു വരുന്ന സൈന്യത്തിൻെറ ഭ്രമണം നിമിത്തമുണ്ടായ ധൂളിപടലത്താൽ മൂടുന്ന ആകാശത്തേയും തൽസമയം കാണുന്ന പ്രകൃതി

യേയും ഒരു വർഷകാലത്തെ ആകസ്മികസംഭവത്തോടുപമിച്ചിരിക്കുന്നതിന്റെ ഔചിത്യം വായനക്കാർ ഊഹിച്ചറിയുന്നതായിരിക്കും അധികം നല്ലതു്.

"ദിക്കുകളൊക്കെ വെത്തെട്ടുമാറങ്ങിനെ
വെട്ടുമിടികൾപോലെ പടഹങ്ങളും
സന്നദ്ധരായുള്ള വീരർകൈവാളായ
മിന്നൽപിണരുകൾ മിന്നുന്നനേരത്തു
കണ്ണുകൾ തങ്ങളെച്ചിമ്മുന്നിതു ചിലർ
ചാപങ്ങളായ്മികുമിന്ദ്രചാപങ്ങളും
ബാണങ്ങളായുള്ള ധാരാവരിഷവും
ചോരയായുള്ളൊരുമാരിപ്രവാഹവും
പെയ്തുപെയ്തൊക്കെനിറഞ്ഞു നദികളാ-
യോരോവഴിയെയൊലിക്കുന്നനേരത്തു
വക്ത്രങ്ങളാകിയ പത്മങ്ങളുണ്ടതിൽ
കേശങ്ങളായുള്ള ശൈവലപൂരവും
ഹസ്തപാദങ്ങളായുള്ള മത്സ്യങ്ങളു-
മസ്ഥികളായുള്ള പാഷാണജാലവും
ഛിന്നമായുള്ളൊരു ശംഖമുക്താദിയും"

എന്നു തുടങ്ങിയ ഭാഗങ്ങൾ എത്ര മനോഹരമായിരിക്കുന്നു.

അഭിമന്യുവിന്റെ പുറപ്പാടുകണ്ടു സുമിത്രൻ പറയുന്നാഭീഷണിവാക്കുകൾക്കെതിരായി

ഞാനതിബാലനശക്തനെന്നാകിലും
മാനിയാമെന്നുടെ താതനെയോർക്കനീ

No. 3672

എന്നുതുടങ്ങി, തന്നെയും, തന്റെ പിതാവിനേയും, കുലത്തേയും, മററും കുറിച്ച് പറയുന്ന ധീരത എത്ര മാത്രം അനുകരണീയമാണെന്ന് സഹൃദയന്മാർതന്നെ തീച്ച്പ്പെടുത്തട്ടെ.

വ്യൂഹം ചമച്ച് ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ദുശ്ശാസനനെനോക്കി അഭിമന്യു പറയുന്ന

നില്ല നില്ലായ്കിൽനൃപതികുലാധമ!
ശല്യാനുജനുത്തുണയയച്ചീടുവൻ
പാഞ്ചാലിയെസ്സഭയിങ്കനന്നീ പണ്ടു
പൂഞ്ചായൽചുററിയിഴച്ചീലയോചൊല്ലു?
കൊല്ലുവാൻഭീമൻപ്രതിജ്ഞചെയ്തീടിനാൻ
വല്ലായ്മയാൎത്തും നിന്നെഞാൻകൊല്ലുകിൽ

എന്നുപറയിക്കുന്ന ഭാഗം കവിയുടെ ആഗ്രഹമൊമററൊ ആണെന്നനുമാനിക്കുന്നതായിരിക്കും അധികം ഭംഗിയായിരിക്കുക.

നാളെ അസ്തമനത്തിനുമുമ്പ് ജയദ്രഥനെ വധിക്കുമെന്നു അജ്ജുനൻ ശപഥം ചെയ്തതിനുശേഷം കിടന്നുറങ്ങുമ്പോൾ കണ്ട സ്വപ്നത്തിൽ ശ്രീകൈലാസത്തുചെന്നു പരമേശ്വരനെ ധ്യാനിക്കുന്ന

പർവ്വതമന്ദിര! പാർവ്വതീവല്ലഭ!
ഉർവ്വീകരവരഭൂഷണഭൂഷിത

എന്നുതുടങ്ങി,

ദക്ഷാന്തകായതേരക്ഷാകരായതേ
നിത്യംനമോനമ നിത്യംനമോനമഃ

എന്നുവരെയുള്ള ഭാഗങ്ങൾ ഇത്രത്തോളം നീട്ടിക്കൊണ്ടുപോയിട്ടുള്ളതുകൊണ്ടുതന്നെ അദ്ദേഹം ഒരു തികഞ്ഞ ഭക്തനാണെന്നു നമുക്കൂഹിക്കുവാൻ ധാരാളം വഴിയുണ്ട്. ഇതുപോലെ പലസ്ഥലങ്ങളിലും സ്തോത്രങ്ങളെ വലിച്ചു നീട്ടിയിരിക്കുന്നതു് അദ്ദേഹത്തിൻെറ ഭക്തിപാരമ്യത്തിനുദാഹരണമാകുന്നു. ഇതുകൂടാതെ അർജ്ജുനൻ ശിവപാദങ്ങളിൽ നമസ്കരിച്ചപ്പോൾ വിഷ്ണുവിൽ അർച്ചിച്ച കുസുമം ശിവൻെറ മൌലിയിൽകണ്ടു്

വിഷ്ണുവെന്നുംശിവനെന്നുംഭുവനത്തിൽ
വിജ്ഞാനികൾപറയുന്നതൊരജ്ഞാനം
കണ്ടവരൊക്കെവരണ്ടെന്നുചൊല്ലുവോർ
കണ്ടവരല്ലവരാരുമെന്നിണ്ണയം

എന്നിങ്ങിനെ ഒരു യഥാർത്ഥജ്ഞാനിയായി മാറുന്നതും അർജ്ജുനനല്ല എഴുത്തച്ഛൻ തന്നെയാണ്

ഇനി അടുത്തതായി പ്രതിപാദിക്കേണ്ടതു എഴുത്തച്ഛൻെറ അലങ്കാരപ്രയോഗങ്ങളെപ്പററിയാകുന്നു. മിതമായും സരസമായും ഫലപ്രദമായും സന്ദർഭാനുരൂപമായും അലങ്കാരങ്ങൾ പ്രയോഗിച്ചു് തൻെറ കവിതയെ മോടിപിടിപ്പിക്കുന്നതിൽ എഴുത്തച്ഛനു് അന്യാദൃശമായ ശ്രദ്ധയും സാമർത്ഥ്യവും കാണുന്നുണ്ടു്.

1. നാഗാരിയെക്കണ്ട നാഗങ്ങളെപ്പോലെ
നാഗധ്വജാദികൾ നാല്പാടുമോടിനാർ

2. കല്പാന്തമേഘംവരിഷിപ്പതുപോലെ
കോല്പാടുബാണങ്ങൾതൂകിത്തുടങ്ങിനാൻ

എന്നീ ഭാഗങ്ങൾ അനുഗ്രഹത്തിന്റെ അത്ഥാലങ്കാരങ്ങൾക്കുദാഹരണമാകുന്നു.

ചില സന്ദർഭങ്ങളിൽ അനുരൂപമായവിധത്തിൽ ചില ഫലിതങ്ങൾ തട്ടിവിടുന്നതിനും എഴുത്തച്ഛൻ മുതിൎന്നു എന്നു പറയുന്നതു വളരെ രസാവഹമായ ഒരു സംഗതിയാണ്. കൎണ്ണനുമായുള്ള യുദ്ധത്തിൽ ആയുധമെല്ലാം പോയ ഭീമന്റെ പാരാക്രമം കണ്ടു പുഞ്ചിരിതൂകിക്കൊണ്ടെന്നു തോന്നുംവണ്ണമിങ്ങിനെ പറഞ്ഞിരിക്കുന്നു

കൂററൻ മഴയേററുപോകുന്നവണ്ണമേ
കാററിൻമകൻശരമാരിയുമേററേററു
വട്ടമിട്ടാൻ .... .... .... ....

ഭീമനോട് ഹാസ്യസൂചകമായി മടങ്ങിപ്പോകാൻ പറയുന്ന കൎണ്ണനോട് അൎജ്ജുനൻ പറയുന്ന

പോക്കളെംപുക്കരഹസ്യംപറവതി–
നാക്കതോന്നുംതിരിപോരിനാമെങ്കിലോ
എന്തിനിവിടേയ്ക്കുവില്ലുമായ്വന്നിതു
ചന്തമുണ്ടെന്നതുകാട്ടുവാനോഭവാൻ"

എന്നിങ്ങിനെ പരിഹാസവ്യഞ്ജകങ്ങളായ പ്രയോഗങ്ങൾ പലയിടങ്ങളിലും സുലഭമായിക്കാണാവുന്നതാണ്. നമ്പ്യാരുടെ പരിഹാസരീതി ഉൽക്കടമെങ്കിൽ എഴുത്തച്ഛന്റേതു പ്രശാന്തഗംഭീരമാകുന്നു. എഴുത്തച്ഛന്റെ ലക്ഷ്യം കേവലം പരിഹാസം മാത്രമല്ല തദ്വാരാ, കൃത്യോപദേശം കൂടിയാകുന്നു. ആകപ്പാടെ നോക്കുന്നതായാൽ

എഴുത്തച്ഛന്റെ കവിത ഭക്തിരസപ്രധാനവും അത്യന്ത ചമൽക്കാരപ്രദവുമാകുന്നു.

---

## എഴുത്തച്ഛന്റെ കൃതികൾ.

എഴുത്തച്ഛന്റെ കൃതികളായി അറിയപ്പെടുന്നതു് അദ്ധ്യാത്മരാമായണം, ഭാഗവതം, ഭാരതം, ശിവപുരാണം, ദേവീമാഹാത്മ്യം, ചിന്താരത്നം, ഹരിനാമകീർത്തനം, ഇരുപത്തിനാലുവൃത്തം, കൈവല്യനവനീതം മുതലായവയാകുന്നു. ഇവയിൽ അദ്ധ്യാത്മരാമായണവും മഹാഭാരതവും ഹരിനാമകീർത്തനവും എഴുത്തച്ഛന്റെ കൃതികളാണെന്നു് അസന്നിഗ്ദ്ധമായി പ്രസ്താവിക്കാം. മലയാളികളുടെ വിഷ്ണുഭക്തിയെ വളർത്താൻ വേണ്ടി രചിച്ച ഒരു കൃതിയാകുന്നു ഹരിനാമകീർത്തനം. ശിവപുരാണവും ഇരുപത്തിനാലുവൃത്തവും ഭാഗവതത്തിൽ ഏതാനും ഭാഗവും എഴുത്തച്ഛന്റെ കൃതികളല്ലെന്നു് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചെമ്പകശ്ശേരി രാജാവിന്റെ ആജ്ഞപ്രകാരം എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം മൂലം തെലുങ്കിൽനിന്നു തർജ്ജിമ ചെയ്തുവെന്നാണു ഐതിഹ്യം. ചിന്താരത്നം, ദേവീമാഹാത്മ്യം ഈ കൃതികളുടെ കർത്തൃസ്ഥാനവും ഇന്നും സംശയാസ്പദംതന്നെ.

---

## ഉപസംഹാരം

ഒരു സാഹിത്യകാരനെന്ന നിലയിൽ എഴുത്തച്ഛൻ മലയാളികൾക്കും മലയാളഭാഷയ്ക്കുംവേണ്ടി ചെയ്തിട്ടുള്ള യത്നത്തിന്റെ യഥാർത്ഥസ്വരൂപം ഗ്രഹിക്കുക അത്ര എളുപ്പമല്ല. അദ്ദേഹം അക്ഷരമാലയിൽ കാലാനുരൂപമായ പരിഷ്കാരങ്ങൾ വരുത്തി, സന്ദർഭാനുഗുണം മലയാള ശൈലിപ്രയോഗങ്ങൾ ചെയ്തു. ഭാഷാശബ്ദങ്ങൾക്കുള്ള അസാമാന്യശക്തിയെ സ്പഷ്ടീകരിക്കുകയും ആശയാവിഷ്കരണത്തിന് ഏറ്റവും യുക്തമായ ഒരു വാക്യരീതിയെ പ്രദാനം ചെയ്കയും ചെയ്തിട്ടുള്ള സംഗതികൾ അത്യന്തം സ്മരണീയങ്ങളും സ്തുത്യർഹങ്ങളുമാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സാഹിത്യത്തിൽ ഇന്നു പ്രചുരമായി കാണുന്ന കേക, കാകളി, കളകാഞ്ചി, മുതലായ ദ്രാവിഡവൃത്തങ്ങളാണു മലയാളഭാഷയ്ക്കു ഏററവും യോജിച്ചതെന്നു ഉദ്ദേശം നാനൂറുവഷങ്ങൾക്കു മുമ്പുതന്നെ തന്റെ കൃതികൾ മൂലം അദ്ദേഹം പ്രത്യക്ഷപ്പെടുത്തുകയും തന്നിമിത്തം ഇന്നത്തെ കവിതയ്ക്ക് അദ്ദേഹം മാർഗ്ഗദർശിയായിത്തീരുകയും ചെയ്തിട്ടുണ്ട്. എഴുത്തച്ഛൻ തർജ്ജിമപ്രസ്ഥാനത്തിന്റെ മാഹാത്മ്യം നല്ലവണ്ണം മനസ്സിലാക്കി അതിനു ഭദ്രമായ അടിസ്ഥാനങ്ങൾ ഇടുകയും സ്വതന്ത്രതർജ്ജിമമൂലം മഹാവിപുലവും ഹൃദയമോഹനവുമായ സംസ്കൃതസാഹിത്യഹർമ്മ്യത്തിന്റെ കവാടോൽഘാടനം നടത്തുകയും ചെയ്തു. കേരളീയക്കു ആദർശപരവും അത്യുൽകൃഷ്ടവുമായ ഒരു സന്മാർഗ്ഗപദ്ധതിയെ സൃഷ്ടിച്ചു

ളും, ഇന്നു ശാഖോപശാഖകളായി പടൎന്നുവളരുന്ന കേരളസംസ്കാരപാദപത്തിന്റെ ബീജാവാപം ചെയ്തതും, കേരളീയരെ ഭാരതീയരാക്കിയതും, അവരുടെ വീക്ഷണമണ്ഡലം വിസ്തൃതമാക്കിയതും, ഈ യോഗിവൎയ്യനല്ലാതെ മററാരുമല്ല. ഇപ്രകാരം മലയാളഭാഷയ്ക്കു് അനൎഘങ്ങളായ അനേകം ആദൎശങ്ങൾ കാട്ടിത്തന്നിട്ടുള്ള കവിസാൎവ്വഭൗമനും ഭക്തശിരോമണിയും യശശ്ശരീരനുമായ തുഞ്ചത്തു ഗുരുപാദർ സൎവ്വഥാ ആരാദ്ധ്യനായ ഒരു മഹാത്മാവാണെന്നു് പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

# ദ്രോണപൎവ്വം.

—:*:—

ഹരിഃ ശ്രീ ഗണപതയേ നമഃ.

അവിഘ്നമസ്തു.

പഞ്ചവൎണ്ണക്കിളിപ്പെൺകിടാവെ! തെളി-
ഞ്ഞഞ്ചെവിരണ്ടും കുളുക്കെപ്പറക നീ
നെഞ്ചം തെളിഞ്ഞു കുറുക്കിക്കൊഴുത്ത പാൽ
പഞ്ചതാരപ്പൊടികൂട്ടിക്കുഴമ്പാക്കി
നല്ല കദളിപ്പഴങ്ങളും തെരിഞ്ഞു ഞാൻ
മെല്ലെത്തിരുമ്മിയുടച്ചു തേനും വീഴ്ത്തി
വെല്ലവും ശൎക്കരയും പൊടിച്ചിട്ടതിൽ
വെള്ളിത്തളികയിൽ മേളിച്ചൊരുമിച്ചു
വെച്ചിരിക്കുന്നതെടുത്തു ഭുജിച്ചാലു-
മിച്ഛയാകുന്നതു ദാഹമുണ്ടെങ്കിലോ
നീലക്കരിമ്പിന്റെ ചാറുമിളന്നീരും
പാലും മധുവും കുടിച്ചാലുമാവോളം;
ഗ്രീഷ്മസമാനനരിനിവഹത്തിനു
ഭീഷ്മശ്ശരശയനത്തിന്മേൽ വീണാറെ
തോററു സുയോധനനാദികളാകിയ
നൂററുപേരെന്തൊന്നു ചെയ്തതു ചൊല്ലു നീ
ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ

വമ്പനാംകണ്ണനോടാശുസുയോധന-
നനോടുസേനാപതിയാകനീയെന്നാൻ
കണ്ണനുംമന്ദസ്മിതംചെയ്തുചൊല്ലിനാൻ
കണ്ണസുഖംഞാൻപറകയില്ലാരോടും
ദ്രോണരാമാചാര്യർതാനിരിക്കെയെന്തു
മാനിച്ചുമററുള്ളോർനിത്തുന്നിതുപട
മന്നവ!കേൾക്കഭരദ്വാജനന്ദന-
നിന്നുള്ളയോദ്ധാക്കളിൽപ്രബലാധിപൻ
പിന്നെഞാൻപക്ഷഭേദിക്കുന്നതുമുണ്ടു
മന്നവസങ്കടമുണ്ടാകയില്ലേതും
മാനിയായുള്ളസുയോധനൻദ്രോണരെ
സേനാപതിയായഭിഷേകവുംചെയ്താൻ
നാനാവിധമായവാദ്യഘോഷങ്ങളാൽ
വാനവർനാടുകൂടെക്കലുങ്ങീതദാ
ആചാര്യനാശുസുയോധനനാകിയ
നീചനോടേവംതെളിഞ്ഞരുളിച്ചെയ്തു
ആശയംതന്നിലുള്ളാശനീചൊല്ലുക
നാശംകളഞ്ഞുവരംതരുന്നുണ്ടുഞാൻ
ചിന്തിതമെങ്കിൽയുധിഷ്ഠിരൻതന്നെയും
ബന്ധിച്ചുകൊണ്ടുവന്നുനൽകുകവേണ്ടതും
അങ്ങിനെതന്നെയൊരന്തരമില്ലതി-
നിങ്ങനെനാലഞ്ചുനാൾഞാനിരിക്കിലോ
എന്നുഗുരുവുംപ്രതിജ്ഞചെയ്തീടിനാ-
നെന്നുയുധിഷ്ഠിരൻതന്നോടുചൊല്ലിനാൻ

ക്രൂരമുള്ളദൂതനത്തുകേട്ടുധർമ്മജൻ
നീറുംമനസ്സോടുമാധവൻതന്നുടെ
ചേവടിത്താരിണവന്ദിച്ചുചൊല്ലിനാൻ
കേവലാനന്ദമൂർത്തേ! ജഗന്നായക!
ബന്ധിച്ചുകൊണ്ടുപോമാചാര്യനെന്നെയൊ-
രന്തരമില്ലതിനെന്നുധരിച്ചാലും
ചിന്തിച്ചുകൃഷ്ണനുംജിഷ്ണുവുംമററുള്ള
ബന്ധുക്കളുംപറഞ്ഞീടിനാരെന്നുമേ
ബന്ധിച്ചുകൊണ്ടുപോവാനയയ്ക്കുന്നതി-
ല്ലന്തകവൈരിതാൻതന്നെവരികിലും
ശങ്കിയാതൊട്ടുമേവൈകിക്കരുതെന്നു
ശംഖംവിളിച്ചുപുറപ്പെട്ടിതുപട
യുദ്ധംഭയങ്കരമായ്വന്നിതെത്രയും
ചത്തിതുരണ്ടുപുറത്തുമസംഖ്യമായ്
ശല്യരുംമാരുതിയുംപൊരുതോരുപോ-
രെല്ലാവരുംകണ്ടുവിസ്മയിച്ചീടിനാർ
അന്തിയുമായിപടയുംപിരിഞ്ഞുതേ
പിന്തിരിഞ്ഞോരു മാരുപദംവെച്ചില
രാത്രിയിലത്താഴമുണ്ടുകിടന്നാറെ
ധാർത്തരാഷ്ട്രൻതന്നോടാചാര്യനുംചൊന്നാൻ
പാർത്ഥിവനന്ദനനായസുയോധന!
പാർത്ഥനുംകൃഷ്ണനുമൊന്നിച്ചെതിർക്കിലോ
മൂർത്തികൾമൂന്നുപക്ഷംജയിപ്പാൻപണി
യോർത്തുകണ്ടങ്ങവർതമ്മെയകററുകിൽ

ഭോഷ്ക്കല്ലധൎമ്മജൻതന്നെബന്ധിച്ചുനിൻ
കാല്ക്കൽവച്ചീടുവനില്ലൊരുസംശയം
എന്നുഗുരുവരൻചൊന്നൊരുനേരത്തു
ഉന്നൻത്രിഗൎത്തൻപ്രതിജ്ഞചെയ്തീടിനാൻ
ഏററമകററിച്ചുമയ്ക്കുന്നതുണ്ടുഞാ-
നേററുധനഞ്ജയമാധവന്മാരെയും
ഇത്ഥംത്രിഗൎത്തരാജാക്കൾപലരുമാ-
യൊത്തുസഹശപഥംചെയ്തകാരണം
സംശപ്തകന്മാരെന്നേററംപ്രസിദ്ധരായ്
സംശയമെന്നിയേപോരിന്നൊരുമിച്ചാർ
പന്തിരണ്ടാംദിവസംകുരുസൈന്യവും
പന്തിരണ്ടായിപ്പുറപ്പെട്ടുപോരിനായ്
മ്ലേച്ഛഗണങ്ങളുംസംശപ്തകന്മാരു
മാൎത്തുവിളിച്ചാർപടയ്ക്കുപുലർകാലേ
യുദ്ധത്തിനാൎത്തുവിളിച്ചതുകേട്ടിട്ടു
വൃത്രാരിപുത്രനുംകൃഷ്ണനുമെത്തിനാർ
ആചാൎയ്യനുംമഹാവ്യൂഹവുംകൂട്ടിനി
ന്നായോധനത്തിനുറച്ചുനിന്നീടിനാൻ
പാഞ്ചാലനായധൃഷ്ടദ്യുമ്നനേതുമേ
ചാഞ്ചല്യമെന്നിയടുത്താനതുനേരം
ദ്രോണൎജ്ജയിച്ചതുകണ്ടിട്ടുകൌരവ
സേനയുമാൎത്തുനിലവിളിച്ചീടിനാർ
മൂൎഖനായുള്ളദുൎയ്യോധനനോടു
ഭാസ്കരനന്ദനൻപത്തുചൊല്ലീടിനാൻ

ഇക്കണ്ടതേതും കണ്ണനല്ലോ മന്നവ
ചൊല്ലൊണ്ട പാണ്ഡവന്മാരെജ്ജയിപ്പതി
നിക്കണ്ടവർക്കാർക്കുമാവതുമല്ലകേ-
ളിക്കാലമുൾക്കാമ്പിലേലാരാസ്ഥതിന്നു നീ
എന്നു പറഞ്ഞു നിന്നീടുന്ന നേരത്തു
വന്നു നിറഞ്ഞിതു പാണ്ഡവസൈന്യവും
സാത്യകി കേകയ പാഞ്ചാലവീരരും
പാർത്ഥതനയനും മാദ്രിതനയരും
ഘോരനായുള്ളൊരു മാരുതിതാനുമായ്
പാരമടുത്തതു കണ്ടു കുരുക്കളും
ചാടീതു തേരും കുതിരയുമാനയും
കൂടീതിടകലർന്നാശു പെരുമ്പട
കോടീതു ചാപങ്ങൾ തോളികൾ കൈയിൽ
മൂടീ ശരങ്ങൾകൊണ്ടാകാശവീഥിയും
പാടീതു നാരദൻ, പാരം പൊടി പൊങ്ങി
മൂടീതു ദിക്കുകൾ, ചോരപ്പുഴകൾ പോയ്
കൂടീ ജലധിയിൽ, മാറി പൊടികളും
പേടികളഞ്ഞു മരിക്കുന്ന വീരരെ-
പ്പാടീരവും തേച്ചു നാകനാരീജനം
ഓടിയണഞ്ഞുടൻ തേരിൽക്കരേററിനാ-
രോടിയണഞ്ഞു മരിക്കുന്നിതു ചിലർ
വാടിമുഖം ദുരിയോധനസൈന്യവു-
മോടിയതു കണ്ടു വീരൻ ഭഗദത്തൻ
പത്തു സഹസ്രം ഗജത്തിൻ ബലമുള്ള

മത്തഗജത്തിൻകഴുത്തിൽക്കരേറിനാൻ
അത്യബലമുള്ളവൃത്രാരിജാഗ്രജൻ
പത്തുനൂറാർത്തുപാഞ്ഞെത്തിയടുത്തുടൻ
കുത്തുന്നകുംഭിയുമൊത്തുന്നഭീമനു
മെത്തിയെതിർത്തുപോരെത്രയുമത്ഭുതം
ഹസ്തിതന്നസ്ഥികൾകുത്തിഞെരിക്കയും
മസ്തകംകൈത്തലംകൊണ്ടുഭേദിക്കയും
ചക്രംതിരികയുംവക്രിച്ചുവാങ്ങിയു
മുഗ്രവരുന്നേരമുഗ്രമടിക്കയും
തുമ്പിക്കൈതന്നിലകപ്പെട്ടുംനേരത്തു
തുമ്പിപറക്കുംപ്രകാരംകഴിക്കയും
കമ്പംവരുമാറുഭൂമിയിൽവീഴ്കയും
കൊമ്പുതാഴ്ത്തുമ്പോളുരുണ്ടുകളികയും
മദ്ധ്യേനടയിടപുക്കുദരസ്ഥലേ
കുത്തിയും പിന്നിൽപ്പുറപ്പെട്ടുമണ്ടിയും
പൃഥ്വീശനാംഭഗദത്തനെയ്തീടുന്ന
ശസ്ത്രങ്ങൾപേടിച്ചുകന്നുക്കൂടാസ്ഥയും
അപ്രതിമപ്രഭാവപ്രബലേന്ദ്രനാ-
മഭ്രമാതംഗവീരഭ്രമണോപമം
സുപ്രതീകക്രമംകണ്ടുവാതാത്മജ-
നത്ഭുതംകൈക്കൊണ്ടുവിഭ്രമംതേടിനാൻ
മത്തബലമുള്ളഭീമനുമാനയും
ബദ്ധകോപത്തോടുയുദ്ധംതുടർന്നപ്പോൾ
പൃഥ്വികുലുങ്ങിനടുങ്ങിജഗത്ത്രയ

കുഞ്ജികളെഴമലറിക്കലങ്ങുന്നു
യോഗിപ്രതിയോഗിരണ്ടുജനങ്ങളും
നാകികളുംമററുകാണികളായോരും
ചിത്രംവിചിത്രംവിചിത്രംവിചിത്രമി-
തത്ഭുതമത്ഭുതമത്ഭുതമത്ഭുതം
ഇത്ഥംപുകഴ്ത്തുന്നശബ്ദവുംവാരണൻ
മത്തനായേററമലറുന്നശബ്ദവും
ആരവാരങ്ങളുംകോലാഹലങ്ങളും
പോരാളിവീരർനിലവിളിഘോഷവും
ഘോരഘോരംകെട്ടുദുർന്നിമിത്തങ്ങളും
പാരമായുണ്ടുഭയംപൂണ്ടുഫല്ഗുനൻ
പാരാതെപോകവടക്കുദിശിയെന്നു
വാരിജലോചനൻതന്നോടുചൊല്ലിനാൻ
തേരുംതിരിച്ചടിച്ചീടിനാൻമാധവൻ
നേരെതുടർന്നിട്ടുത്താരങ്ങളിരുവരും
പോരിലരികളെവെച്ചേച്ചുപോവതു
പോരാമഹാരഥന്മാർക്കെന്നറിഞ്ഞാലും
പോരായ്മയില്ലയോപാർത്ഥനുംകൃഷ്ണനും
പോരിലെതിർത്തുതിരിഞ്ഞുനിന്നീടുവാൻ
ഇത്ഥംപറയുംത്രിഗർത്തനുംമ്ലേച്ഛരു
മെത്തുന്നസംശപ്തകന്മാരെയുമവർ
പിൻതുടർന്നാശുവരുന്നതുകണ്ടുപോ-
രന്തമില്ലാതെശരവർഷവുംചെയ്തു
പിന്തേച്ചുവന്നരിപുക്കളെയുംചെന്നു

ചെന്താമരാക്ഷനാംകൃഷ്ണനുംപാൎത്ഥനും
കാററിനെക്കാൾവേഗമോടുതേരോടിച്ചു
കാററിൻമകനുംഭഗദത്തനാനയും
ഊററമായ്പോരിനായേററപടനില-
ത്തേററമുഴറേറാടുചെല്ലുന്നതുകണ്ടു
പോററിവിളിച്ചുസുയോധനനാദിയാം
നൂററുവരോടിനാർപേടിയോടാകലാൽ
ഏററുഭഗദത്തവീരനുംപാൎത്ഥനും
കാററിന്മകനോടുകേവലമാനയും
ഉണ്ടായസംഗരംകണ്ടുമഹാജനം
കൊണ്ടാടിനില്ക്കുന്നനേരംഭഗദത്തൻ
മാധവൻതന്നെയുംവാസവിതന്നെയും
ബാധവരുംവണ്ണമെയ്തുപിളൎന്നിതു
കോപിച്ചുപാൎത്ഥനുംബാണംപ്രയോഗിച്ചു
ചാപംമുറിച്ചതുകണ്ടുഭഗദത്തൻ
തെററന്നുമററുള്ളോരാരുമറിയാതെ
മറെറാരുവില്ലുമെടുത്തടുത്തീടിനാൻ
നാരായണാസ്ത്രമെടുത്തഭിമന്ത്രിച്ചു
പാരാതയച്ചാൻകിരീടിയെക്കൊല്ലുവാൻ
പാരമെരിഞ്ഞണയുന്നശരംകണ്ടു
നാരായണൻമെയ്യിലേററുകൊണ്ടീടിനാൻ
ഭൂഷണമായിതുകൃഷ്ണനതുകണ്ടു
ഭാഷണമായിതുമററുള്ളവൎക്കെല്ലാം
മല്ലുക്ഷമാധവനേററുതടുക്കയാൽ
ദുൎബ്ബലൻതാനെന്നുകല്പിച്ചുഫൽഗുനൻ

ചൊററുകോപിച്ചതുകണ്ടുദാമോദരൻ
കുററമില്ലെന്നുപറഞ്ഞുബോധിപ്പിച്ചു
അന്നേരമാനയും ഭീമനെക്കൈക്കൊണ്ടു
നന്നായെടുത്തുമേല്ലോട്ടെറിഞ്ഞിട്ടുടൻ
വീഴുന്നനേരത്തുവാരണംകുത്തിയും
ഭീഷണൻഭീമനുരുണ്ടുകളകയും
അഭ്രമുകാന്തസമപ്രാണനായൊരു
സുപ്രതീകപ്രകോപഭ്രമക്ഷേപണാൽ
ഉഠപ്പൂവിലോത്താൻജഗൽപ്രാണപുത്രനും
ചിൽപുരുഷൻചരണോല്പലയുഗ്മവും
പിന്നെയുംപിന്നെയുംതങ്ങളിലിങ്ങനെ
ഖിന്നതയോടുപൊരുതോരനന്തരം
കുത്തുകൊള്ളാഞ്ഞുകോപിച്ചുമദകരി-
യെത്തിപ്പിടിച്ചുമേല്ലോട്ടെറിഞ്ഞീടിനാൻ
കൊമ്പുതന്മേൽവന്നുവീഴുവാനായിട്ടു
കൊമ്പുമുയത്തിനിന്നാനതുകണ്ടിട്ടു
സംഭ്രമത്തോടൊരുബാണംപ്രയോഗിച്ചാ-
നമ്പർകോൻതന്നുടെനന്ദനനജ്ജുനൻ
വാരണവീരൻതലയററുവില്ലററു
വീരൻഭഗദത്തൻതന്റെതലയററു
നാലാമതാനതൻവാലുമരിഞ്ഞിട്ടു
കോലാഹലത്തോടുപോയിതുബാണവും
നീലമലപോലെവൻകരിവീണിതു
ചാലവേചാരേഭഗദത്തവീരനും

ഭീമനതിവീരതവന്നുവീണീടിനാൻ
പൂമഴപെയ്താരമരന്മാരന്നേരം
ആശ്ചര്യ്യപ്പെട്ടുകണ്ടുനിന്നോർകളും
പാച്ചിൽപിടിച്ചിതുശേഷിച്ചസൈന്ന്യവും
മായകൾകാട്ടിപ്പൊരുതശകുനിയും
മായാമയസഖിയാകിയപാൎത്ഥനും
ചൂതല്ലിതുനല്ലപോരെന്നറികനീ
പോർതിരിന്നില്ലുനില്ലെന്നടുത്തീടിനാൻ
വില്ലുംകുടയുംകൊടിയുംകുതിരയും
ചൊല്ലിക്കൊണ്ടെയ്തുകളഞ്ഞാൻധനഞ്ജയൻ
തെക്കെത്തലയ്ക്കലെതീൎത്തയദ്ധക്കളും
ദക്ഷന്മാരാകുംത്രിഗൎത്താദിവീരരും
പാണ്ഡവസേനയോടേറ്റുതോറ്റീടിനാർ
താണ്ഡവംപോലെചമഞ്ഞിതുയുദ്ധവും
ദ്രോണാത്മജനണഞ്ഞെതൎത്താനതുനേരം
ബാണഗണംവരിഷിച്ചിതുപാൎത്ഥനും
കമ്പംകലൎന്നൊരുവമ്പടകെട്ടുപോ-
യ്വനാനാം കൎണ്ണന്റെപിമ്പിലായീടിനാർ
കൎണ്ണനുംപാൎത്ഥനുംതമ്മിലെതിൎത്തപ്പോൾ
കൎണ്ണാത്മജന്മാരെക്കൊന്നിതുപാണ്ഡവർ
അൎണ്ണവംതന്നിൽമറഞ്ഞിതുസൂൎയ്യനും
കൎണ്ണാദികൾതോറ്റുകൈകനിലയുംപുക്കാർ
ദുഃഖിച്ചുവന്നുഗ്ഗുരുവരൻതന്നുടെ
തൃക്കാൽകൽവീണുദുരിയോധനനൃപൻ

ബന്ധുക്കളായഭഗദത്തനാദിക-
ളന്തകൻവീടുപുക്കീടിനാർപോരിലെ
കോപാഭവാനുള്ളിലുണ്ടായതില്ലേതും
താപവുമല്ലെങ്കിലിങ്ങിനെവന്നിടാ
ഇത്ഥംപരുഷംപറഞ്ഞുസുയോധന
നത്തൽപോവാൻഗുരുവീരനരുൾചെയ്തു
നാരായണനുംനരനാംവിജയനും
പോരിന്നൊരുമിച്ചെതിർത്താലവരോടു
പോരിന്നുപിന്നെയെതിർക്കുന്നതാരെടോ
പോരുംപരുഷംപറഞ്ഞതുനീവൃഥാ
പാരമകറുകപാർത്ഥനെയെങ്കിലോ
നേരേവരുവോരെനിഗ്രഹിച്ചീടുവൻ
നാളെഞാൻമൂന്നിലമൊന്നുചെയ്തീടുവൻ
നാളികലോചനൻപാദങ്ങൾതന്നാണ
ആഹവത്തിന്നൊരുകാണിപഴുതാതെ
വ്യൂഹമിളകാതെനിർത്തീടുവനല്ലോ
അസ്തമിപ്പോളവുമെന്നാലവർകൾക്ക
പൃഥപിക്കവകാശമില്ലെന്നതുംവരും
ശത്രുക്കൾസൈനികവ്യൂഹമിളകാതെ
അസ്തമിപ്പോളവുംനിന്നുവെന്നാകിലോ
ചോദ്യത്തിനായ്ക്കൊണ്ടുവന്നവൻതോററുതെ-
ന്നാദ്യമായീടുന്നധർമ്മംസനാതനം
അല്ലായ്കിലോനൃപൻതന്നെബന്ധിച്ചുഞാ-
നില്ലവകാശമെന്നുംവരുത്തീടുവൻ

രണ്ടുംവരായ്കിലോപിന്നെമൂന്നാമത്തു
മുണ്ടൊന്നതെന്തെന്നുകേൾനീസുയോധന!
കൂട്ടുവൻപങ്കജവ്യൂഹമെന്നാലതിൻ
കൂട്ടമിളക്കുന്നവനെഞാൻകൊല്ലുവൻ
എങ്കിൽത്രിഗൎത്താദികൾചെന്നുപാൎത്ഥനെ
പങ്കജലോചനനോടുമകററണം
സന്ദേഹമില്ലതിനെന്നവർതങ്ങളും
സന്നാഹമോടുഷസ്സിന്നുപുറപ്പെട്ടാർ
പാൎത്ഥനുംപങ്കജനേത്രനുംവൈരിക-
ളാൎത്തതുകേട്ടുതേരേറിപ്പുറപ്പെട്ടു
സംശപ്തകന്മാരുമോടിനാർതെക്കോട്ടു
സംശയമെന്നിയടുത്തിതുപാൎത്ഥനും
ഇങ്ങുപത്മവ്യൂഹവുംചമച്ചാചാൎയ്യ-
നെങ്ങുമിളകാതെവമ്പടനിൎത്തിനാൻ
ഏററുപൊരുതോരുനേരത്തുപാണ്ഡവർ
തോററതുകണ്ടുയുധിഷ്ഠിരൻചൊല്ലിനാൻ
മാധവൻതന്റെമരുമകനാകിയ
വാസവനന്ദനപുത്രനഭിമന്യു
മാധവഫൽഗുനന്മാരോടുതുല്യനെൻ
ബാധകളവാനവൻമതിയായ്വരും
വ്യൂഹംവിഷമമായുള്ളൊന്നതിൽപുക്കു
സാഹസത്തോടെപടയിളക്കീടുവാൻ
ആഹവത്തിങ്കൽചതുരനാകുംമേഘ
വാഹനനന്ദനൻദൂരെയകപ്പെട്ടു

വീര! കുമാര! കുമാരനുനേരായ
ശൂര! സുഭദ്രാത്മജ! ശുഭമന്ദിര!
പോരിനാചാൎയ്യൻവിളിച്ചുനില്ക്കുന്നതിൽ
പോരായ്മയുണ്ണിനമുക്കവരുംതുലോം
പാൎത്ഥനുതുല്യനായുള്ളനീയാകിലെ-
ന്നാൎത്തികെട്ടക്കജയിക്കരിപുക്കളെ
നീയൊഴിഞ്ഞാരെയുംകണ്ടീലമററിന്നി-
പ്പോയിതുകൃഷ്ണനുംപാൎത്ഥനുംദൂരവേ
ധൎമ്മജൻചൊന്നതുകേട്ടിട്ടഭിമന്യു
ധൎമ്മജൻതന്നെത്തൊഴുതുചൊല്ലീടിനാൻ
ഇന്നടിയനുതന്നെജയിക്കാവതോ?
മന്നവ! മാററലരാററരായുള്ളവർ
ഇത്ഥംപറഞ്ഞസുഭദ്രാത്മജനോടു
ചിത്തംതെളിഞ്ഞുധൎമ്മാത്മജൻചൊല്ലിനാൻ
ഭീമനുംദ്രൗപതിതന്നുടെമക്കളും
ഭീമാത്മജനാംഘടോല്ക്കചവീരനും
കേകയന്മാരുംമററുള്ളപടയുമാ-
ശ്ശോകനീതേരുനടത്തുംസുമിത്രനും
സൂതനായുള്ളസുമിത്രനതുനേരം
നീതിയിൽസൌഭദ്രനോടുചൊല്ലീടിനാൻ
ദ്രോണരുംവീരനാംദ്രൗണിയുംകൎണ്ണനും
പ്രാണഭയംകുറയുംകൃപർഭോജനും
മററുംമഹാരഥന്മാരായവൈരികൾ
കററമൊഴിഞ്ഞുപോർചെയ്യുന്നനേരത്തു

മുററാതബാലനായുള്ളൊരുനിന്നാലെ
മുററുംജയിപ്പാൻപണിയെന്നറിഞ്ഞാലും
എന്നുസുമിത്രനാംസാരഥിചൊന്നതു
നിന്നുസുഭദ്രാത്മജൻകേട്ടുചൊല്ലിനാൻ
ഞാനതിബാലനശക്തനെന്നാകിലും
മാനിയാമെന്നുടെതാതനൊരായക്നി
പിന്നെപ്പിതാവുതന്നഗ്രജന്മാരതി
ബലനാഥനായഘടോല്ക്കചൻഭ്രാതാവും
മാതുലനായതുമാധവനെന്നല്ല
വാസവൻമുത്തച്ഛനായതറിഞ്ഞാലും
ഞാനൊരുത്തൻപിടിയാതവനെങ്കിലും
പ്രാണൻകളവതിനായ്മതിയാവരും
പിന്നെപ്പരിഭവിച്ചീടുവാനാളുക-
ളെന്നൊക്കറിച്ചവരുണ്ടെന്നറികനീ
എന്നതല്ലായവർകാരുണ്യമുണ്ടെങ്കി-
ലിന്നുസമസ്തരെയുംജയിച്ചീടുവൻ
പോകപുറപ്പെട്ടുകെന്നുപാത്ഥാത്മജൻ
വേഗേനതേരിൽക്കരേറിനാൻവില്ലുമായ്
പാണ്ഡവസേനയുംചെന്നിതുപിന്നാലെ
ഗാണ്ഡീവധന്വാവുതന്മകൻതന്നൊടും
ശൂലംമുസലംപരിഘവുംചക്രവും
വേലൊടുവെണ്മഴുകുന്തംഗദകളും
ത്തുള്ളുംമുനയോടിളകുംചുരിക്കക-
ളുള്ളംനടുങ്ങുംകട്ടത്തിലവാളുകൾ

മിന്നിപ്പതിചകൾവില്ലുംശരങ്ങളും
ത്തൂണീരമോടുകവചമുഷ്ണീഷവും
ത്തൂണിയുംപൂണ്ടുശോഭിച്ചയോദ്ധാക്കളും
കല്ലുംകവണിയുംനല്ലവടികളും
കൈയിലെടുത്തുള്ളകാഴ്പ്പടകളും
പായുംകുതിരകൾപൂട്ടിനാനാവിധ
മായുധമൊക്കെനിറച്ചുള്ളതേരുകൾ
തോയാകരമലറീടുന്നതുപോലെ
വായുവേഗേനപരന്നുകാണായ്വന്നു
പൊന്നണിഞ്ഞാനകൾമുൾത്തടികൈക്കൊണ്ടു
പൊന്നിന്മലകൾനടക്കുന്നതുപോലെ
വെള്ളത്തിലെത്തിരതള്ളുന്നതുപോലെ
തള്ളിനടക്കുന്നവെള്ളക്കുതിരകൾ
മുമ്പിൽക്കുതിക്കുന്നകാലാൾപ്പടകളും
വൻപോടലറുംപടഹവുംഭേരിയും
വൻകടൽപോലെപരന്നിതുവൻപട
ഹുങ്കാരമോടുമടുക്കുന്നതുനേരം
ദിക്കുകളൊക്കെമറഞ്ഞുപൊടികൊണ്ടു
ചക്രംതിരിഞ്ഞിതുകൌരവസൈന്യവും.
വില്ലാളിവീരനാംദ്രോണരതുകണ്ടു
നില്ലാപടനമുക്കെന്നുരച്ചീടിനാൻ
ചൊല്ലിനാൻമററുള്ളവരോടിതുകാണ്ക
നല്ലവരവുഭയങ്കരമെത്രയും
എല്ലാവരുമുറപ്പിച്ചുനിന്നീടുവിൻ

നല്ലഗജങ്ങളെമുമ്പിൽനിർത്തീടുവിൻ
വല്ലാതധൂളിപ്പടകളകററുവിൻ
വല്ലഭമുള്ളവരൊന്നിച്ചുകൂട്ടുവിൻ
ഇത്തരംചൊല്ലിയുറച്ചുഭരദ്വാജ
പുത്രനാംദ്രോണരൊരുമിച്ചുനിർത്തിനാൻ

## അഭിമന്യുവിൻെറ യുദ്ധവും മരണവും.

മേഘങ്ങൾമാരിചൊരിയുന്നതുപോലെ
തൂകിത്തുടങ്ങിശരങ്ങളതുനേരം
ഏശ്ശേഷ്ടമുട്ടത്തട്ടത്തൎജ്ജുനനന്ദനൻ
ചൈതന്യമുള്ള ജനത്തെയൊട്ടുക്കിനാൻ
ശക്തരായുള്ളവരേത്തിയെതിത്തുടൻ
ചത്തുംമുറിഞ്ഞുമൊഴിച്ചുതുടങ്ങിനാർ
മെല്ലെമെല്ലെക്രമത്താലെയുട്ടത്തട-
ത്തല്ലൽമറുതലയുണ്ടൊന്നുകണ്ടപ്പോൾ
ആത്തപത്മവ്യൂഹമുക്കോട്ടഭേദിച്ചു
പാത്ഥാത്മജൻകരയേറിനാൻകൂട്ടത്തിൽ
ചിന്നിച്ചമഞ്ഞിതുകൌരവസൈന്യവും
ഛിന്നമായ്വന്നിതുകാലുംകരങ്ങളും
ഛന്നമായ്വന്നിതുഭാസ്കരബിംബവും
ഖിന്നമായ്വന്നിതാചാൎയ്യനുചിത്തവും
സന്നമായ്വന്നിതനേകായിരംപട
ധന്യമാരായ്വന്നിതന്തഃപുരസ്ത്രീകളും
ധനപിയായുള്ളഭിമന്യുശരങ്ങളാൽ
മന്യുമുഴുത്തരിമന്നരൊഴിക്കയും

മങ്ങാതിവീഴ്ത്തുകണ്ടുതൊഴിക്കയും
തങ്ങളിൽതങ്ങളിൽപാരംപഴിക്കയും
പ്രാണംപൊഴിക്കയുംകാണക്കഴിക്കയും
ചോരപ്പുഴകൾപലവയൊലിക്കയും
വാരിധിവാരിയുംകൂടിച്ചുവക്കയും
പോരിൽനടുക്കമോടോടിക്കഴിക്കയും
നാരീജനമതുകണ്ടുതൊഴിക്കയും
നാരദൻകൌതുകംപൂണ്ടുചിരിക്കയും
നാരായണായനമായെന്നുജപിക്കയും
നില്ലുനില്ലെന്നുപറഞ്ഞടുക്കയും
നല്ലശൂരന്മാർതിരിഞ്ഞുമരിക്കയും
ആകാശമൊക്കെവിമാനംമറയ്ക്കയും
ചാകാതവർപാഞ്ഞുപോയങ്ങൊളിക്കയും
തമ്മിൽപിരിഞ്ഞുകാണാഞ്ഞുവിളിക്കയും
കമ്മപ്പിഴയെന്നുകണ്ണീരൊലിക്കയും
ആനകൾകൈകാൽപിടഞ്ഞുകിടക്കയും
കാണികൾകണ്ടുകണ്ണേററമറയ്ക്കയും
കൂളികൾകൂട്ടമിട്ടാർത്തുകളിക്കയും
കാളിരുധിരംകുടിച്ചുപുളയ്ക്കയും
ചക്രങ്ങൾകൊണ്ടുകഴുത്തറുക്കയും
വിക്രമമുള്ളവർവെട്ടിനടുക്കയും
വിഖ്യാതരായവർനോക്കിത്തടുക്കയും
ഉൾക്കരുത്തുള്ളവരേററംനടിക്കയും
ഭീമൻഗദകൊണ്ടുപാരമടിക്കയും

ഭീമഗജങ്ങളെയൊക്കെത്തകൎക്കയും
വാജികളെക്കൊലചെയ്തുമുടിക്കയും
വാശിപറകയുമാൎത്തുവിളിക്കയും
വൻപടക്കൂട്ടത്തിലമ്പോടുപുക്കുകൊ-
ണ്ടുമ്പർകോൻതന്നുടെനന്ദനനന്ദനൻ
കമ്പംവരുത്തിച്ചമച്ചൊരുനേരത്തു
ത്തുമ്പംകലൎന്നുദുരിയോധനനൃപൻ
ആചാൎയ്യനമരചന്മാരുമൊന്നിച്ചു
ക്കൂസാതെനിന്നുപോർചെയ്യുന്നനേരത്തു്
സൌമിത്രിരാവണിയോടുചൊല്ലുംവണ്ണം
സൌഭദ്രനാൎത്തങ്ങടുത്താനതുനേരം
കെട്ടുതിരിച്ചിതുവമ്പടതൽക്ഷണേ
പെട്ടെന്നുശല്യാനുജൻതിരിഞ്ഞീടിനാൻ
വാട്ടമില്ലാതപാൎത്ഥാത്മജനന്തകൻ
വീട്ടിലിരിക്കന്നീയെന്നയച്ചീടിനാൻ
നിശ്വാസമുററംകൊണ്ടതുകണ്ടനേരത്തു
ദുശ്ശാസനനുംദുരിയോധനൻതാനും
കൊല്ലുകവൈകാതിവനെയെന്നന്നേരം
ചൊല്ലിയടുക്കുന്നതുകണ്ടഭിമന്യൂ
നില്ലുനില്ലാശ്ശിൽനൃപതികുലാധമ
ശല്യാനുജനുതുണയയച്ചീടുവൻ
പാഞ്ചാലിയെസ്സഭയിങ്കേന്നുനീപണ്ടു
പൂഞ്ചായൽചുററിയഴിച്ചീലയോ? ചൊല്ലു
ക്കൊല്ലുവാൻഭീമൻപ്രതിജ്ഞചെയ്തീടിനാൻ

ഛല്ലാശ്മയാസ്വരുംനിന്നെഞാൻകൊല്ലുകിൽ
എന്നുപറഞ്ഞുശരങ്ങൾതൂകുന്നവ
ചെന്നുതറച്ചതുകണ്ടുദുശ്ശാസനൻ
തന്നുടെസാരഥിതേരുമൊഴിച്ചുകൊ-
ണ്ടിന്നില്ലിതിന്നെന്നുകൊണ്ടുപോയീടിനാൻ
അപ്പോൾതിരിഞ്ഞിതുകർണ്ണനവനോടു
കെല്പോടടുത്തുപോർചെയ്താനഭിമന്യു
വില്ലുംകൊടിയുംകുടയുംകുതിരയും
ചൊല്ലിക്കൊണ്ടെയ്തുമുറിച്ചാനതുനേരം
ഓടിനാൻപേടിയോടാകുലാൽകർണ്ണനും
ഓടാതെനില്ലുനില്ലെന്നഭിമന്യുവും
ആലിലപോലെവിറച്ചരിവാഹിനി
ചാലെത്തിരിച്ചുനടന്നാരതുനേരം
ശങ്കരൻതന്റെവരപ്രസാദത്തിനാൽ
ശങ്കകൂടാതെയ്തടുത്താൻജയദ്രഥൻ
പണ്ടുവനത്തിങ്കൽനിന്നുപാഞ്ചാലിയെ-
ക്കൊണ്ടുപോവാൻതുനിഞ്ഞോരുജയദ്രഥൻ
മണ്ടുന്നനേരത്തുമാരുതനന്ദനൻ
മണ്ടിയണഞ്ഞുപിടിച്ചവൻതന്നുടെ
കണ്ഠംമുറിപ്പാൻതുടങ്ങുന്നനേരത്തു
കണ്ടുനിന്നോരുധർമ്മാത്മജൻചൊല്ലിനാൻ
കൊല്ലാതെനാണംകെടുത്തയപ്പാനതി
നല്ലൽപൂണ്ടാശുജയദ്രഥൻപാർവ്തീ
വല്ലഭൻതന്നൊതപസ്സുചെയ്തീടിനാൻ

നല്ലവരങ്ങൾകൊടുത്താനതുകാലം
വില്ലാളിയാംപാർത്ഥനെന്നിയേമററുള്ളോ-
രെല്ലാരെയും ജയിക്കാവ്വരികെന്നുള്ള
തള്ളലോടാർത്തങ്ങടുത്തുജയദ്രഥൻ
കള്ളമൊഴിഞ്ഞുപൊരുതാനതുനേരം
പേടിച്ചകന്നിതുപാണ്ഡവസൈന്യവും
പേടിയൊഴിഞ്ഞുനിന്നാനഭിമന്യുവും
വൻപടകെട്ടങ്ങുമണ്ടുന്നനേരത്തു
വൻപുള്ളരികൾവളഞ്ഞാരവനെയും
വ്യൂഹവുംനന്നായുറച്ചാരനന്തര
മാഹവമെത്രയുംഘോരമായ്വന്നിതു
ബാലനായുള്ളപാർത്ഥാത്മജൻതന്നെയും
ചാലെച്ചുഴന്നുപോർചെയ്തുതുടങ്ങിനാർ
നാനാരഥികളോടും പൊരുതാർജ്ജുനി
താനെയടുത്താനവർകളുംമണ്ടിനാർ
മണ്ടുന്നതെന്തിന്നിങ്ങളെല്ലാവരും
കണ്ടുനിന്നീടുവിനെന്നുശല്യാത്മജൻ
വന്നാനവനെപ്പടയോടുകൂടവേ
കൊന്നാൻകുമാരനായുള്ളപാർത്ഥാത്മജൻ
ചെന്നിതുചാവാനവൻെറപടയെല്ലാ-
മൊന്നൊഴിയാതെകൊന്നാനഭിമന്യുവും
ധാർത്തരാഷ്ട്രൻദുര്യോധൻതാനടുത്താർത്തു
പോർചെയ്തിതുപാർത്ഥാത്മജൻതാനും
കൂർത്തുമൂർത്തുള്ളശരങ്ങൾതൂകീടിനാ-

നാത്തനായെയാട്ടകന്നാൻദുരിയോധനൻ
മററുള്ളവരോടുചൊന്നാൻതെരുതെരെ
തെററെന്നിവനെവധിക്കെന്നുകേൾക്കയാൽ
ഉററബന്ധുക്കളായുള്ളതേരാളികൾ
ചുററുംചൂഴന്നുപോർചെയ്തുതുടങ്ങിനാർ
അററമില്ലാതൊളമുള്ളശസ്ത്രങ്ങളും
പാററലരൊന്നിച്ചുതൂകുന്നതുകണ്ടു
കൌന്തേയസൂനുസുഭദ്രാത്മജൻതാനും
ഗാന്ധവ്മസ്ത്രമയച്ചാനതുനേരം
തന്മെയ്യിലൊന്നുമേല്ക്കാതെചമഞ്ഞിതു
സമ്മാനിച്ചാരതുകണ്ടാശ്ചുകാണികൾ
നോക്കിയനോക്കിയടിക്കിലെല്ലാടവും
നീക്കമൊഴിഞ്ഞഭിമന്യുവിനെക്കണ്ടു
വൈരികൾവിസ്മയപ്പെട്ടുവാങ്ങീടിനാർ
വൈരംകലന്നുസുഭദ്രാത്മജൻതാനും
നന്നായുണങ്ങിവരണ്ടവനങ്ങളിൽ
ചെന്നുടനഗ്നിപിടിപെട്ടതുപോലെ
കൊന്നുകൊന്നൊക്കെയൊടുക്കുന്നതുകണ്ടു
ചെന്നുസുയോധനപുത്രനാംലക്ഷ്മണൻ
ചൊന്നാനതുകണ്ടഭിമന്യുകോപിച്ചു
നന്നായികണ്ടതുനില്ലുനില്ലിന്നിനി
നിന്നുടെതാതൻെറമുമ്പിലിട്ടാശ്ശുഞാൻ
നിന്നെയമപുരത്തിന്നയച്ചീടുവൻ
എന്നതുകേട്ടുദുര്യോധനനന്ദന

നിദ്രാത്മജസുതൻതന്നെയെയ്തിടിനാൻ
ചൊന്നവണ്ണംതന്നെധാർത്തരാഷ്ട്രൻമുമ്പിൽ
കൊന്നുവീഴ്ത്തീടിനാൻലക്ഷ്മണൻതന്നെയും
ചത്തുമനസ്സുദുരിയോധനൻതന്നി-
ക്ക്രൗര്യമത്തൽപൂണ്ടാനതുകാൺകയാൽ
അർണ്ണവംപോലെയലറിയഭിമന്യു
തിണ്ണംപൊരുതങ്ങടുക്കുന്നതുനേരം
കണ്ണിലകപ്പെട്ടവൈരികളെയൊക്കെ
കണ്ണിമയ്ക്കുന്നതിൽമുമ്പെയൊടുക്കിനാൻ
കർണ്ണൻകൃപർകൃതവർമ്മാബൃഹൽബലൻ
ധന്വിയാംദ്രോണരുംപുത്രരുമെന്നിവർ
ആറുമഹാരഥന്മാരുമൊരുമിച്ചു
വീരോടടുത്തുപൊരുതാരതുനേരം
എല്ലാവരോടുംതടുത്തുപോർചെയ്തുടൻ
വില്ലാളിവീരൻബൃഹദ്രഥനെക്കൊന്നാൻ
ഐവരുംപിന്നെവിഷണ്ണരായാകുലാ-
ലയ്യോ! ശിവ!ശിവ!യെന്നകന്നീടിനാർ
പാർത്ഥതനയനുംഭാസ്കരപുത്രനും,
പേർത്തുമടുത്തുപോർചെയ്താർഭയങ്കരം
അമ്പുകൾകൊണ്ടുകൊണ്ടംഗംപിളർക്കയാൽ
ചെമ്പരത്തിപ്പൂവുപോലെശരീരവും
വമ്പോടുചോരയാൽമൂടീതിരുവരും
മുമ്പരുംകണ്ടുതെളിഞ്ഞിതായോധനം
കർണ്ണനുടെപടനായകന്മാരുടൻ

ചെന്നുപൊരുതാരുവരവരെയും
കൊന്നാനതുകണ്ടടുത്തിതുമാഗധൻ
കൊന്നാനവനെയുമർജ്ജുനനന്ദനൻ
ഇണ്ടൽമുഴുത്തതുകണ്ടരിവർഗ്ഗവും
മണ്ടിനാർപേടിച്ചൊരുത്തരൊഴിയാതെ
വഞ്ചതിയുള്ളശകുനിക്കനുജന്മാ-
രഞ്ചുപേർതുഞ്ചിനാരഞ്ചിയോടുംവിധൌ
കർണ്ണസുയോധനദ്രോണഭോജാദികൾ
കണ്ണുനീർവാർത്തുടൻതമ്മിൽനോക്കീടിനാർ
അപ്പോളടുത്തഭിമന്യുതേർവീഥിയി-
ലുൾപ്പുക്കുകൊന്നുകൊന്നൊക്കെയൊടുക്കിനാൻ
ആചാര്യനംഗേശ്വരനോടുചൊല്ലിനാ
നാശുനീവില്ലുചതിച്ചുമുറിക്കണം
നേരോടിവനെപ്പൊരുതുജയിപ്പതി
നാരുംകരുതായ്കവില്ലുനീഖണ്ഡിക്കിൽ
അർജ്ജുനനന്ദനനെക്കൊലചെയ്വതി
നിജ്ജനത്തിന്നുപണിയില്ലനിർണ്ണയം
ദുർജ്ജനധർമ്മമിതെന്നുവരുംനമ്മെ
സജ്ജനംനിന്ദിക്കുമില്ലൊരുസംശയം
സജ്യചാപായുധന്മാർനിജകീർത്തികൊ
ണ്ടർജ്ജുനവർണ്ണമാക്കേണംജഗത്രയം
ദിഗ്ജയഞ്ചെയ്കിലുമാമീമഹാരണേ
നിർജ്ജരലോകംഗമിക്കിലുമാരുമേ
വർജ്ജനകാര്യങ്ങൾചെയ്യാതിരിക്കേണം

ഗർജ്ജനംചെയ്യോർദുഃഖിച്ചതുമൂലമായ്
കർണ്ണനുംധർമ്മമീവർണ്ണമോരോതരം
വർണ്ണിച്ചുചൊന്നതാകർണ്ണ്യഗുരുവരൻ
വർണ്ണധർമ്മക്രിയാനിർണ്ണയംപാർത്തുകാ-
രുണ്യനിധിമതം കണ്ടുചൊല്ലീടിനാൻ
എന്നാലുമിന്നിനിപ്രാണനെക്കാപ്പതി
നിന്നിതുചെയ്യെന്നുകേട്ടോരുകർണ്ണനും
പിന്നുടെചെന്നൊളിയമ്പെയ്തുചാപവും
ഖണ്ഡിച്ചിതശ്വങ്ങൾകൊന്നിതാചാര്യനും
സൂതനെക്കൊന്നുകൃപരുമതുനേര-
മാദിതേയാധിപപുത്രതനയനും
വാളുംപരിചയുംകൈക്കൊണ്ടതുനേരം
ചീളെന്നുപൊങ്ങിനാനാകാശവീഥിയിൽ
വെട്ടുകൾകൊണ്ടതുനേരമരികൾക്കു
തട്ടുകേടുണ്ടായതുപറവാൻപണി
മേല്പോട്ടുനോക്കിനാരെന്തുഗതിയെന്നു
പേപ്പെട്ടുനിന്നിതുകൌരവസൈന്യവും
വാളുംപരിചയുമെയ്തുഖണ്ഡിച്ചിതു
ബാണങ്ങൾകൊണ്ടുഗുരുവുമംഗേശനും
പാർത്ഥാത്മജൻപടക്കൂട്ടത്തിലന്നേര-
മാർത്തടുത്തീടിനാനായുധംകൂടാതെ
ശക്രാത്മജസുതൻവിക്രമംകൈക്കൊണ്ടു
ചക്രവുംധ്യാനിച്ചടുക്കന്നതുനേരം
ചക്രായുധൻതന്നുപദേശമായൊരു

ചക്രംതിരിഞ്ഞടുക്കുന്നതുകാണായി
വിത്രസ്തരായരിവർഗ്ഗമകന്നുപോ-
തന്ത്രജ്ഞനായഗുരുവെയ്ത്തുഖണ്ഡിച്ചാൻ
പിന്നെയൊരുഗദകൈക്കൊണ്ടഭിമന്യു
കൊന്നാൻഗജതുരഗാദികൾതമ്മെയും
തച്ചുതകർത്തുപൊടിച്ചുരഥങ്ങളു-
മച്ച്യുതൻതന്റെമരുമകനായവൻ
ഗാന്ധാരനെത്തച്ചുകൊന്നൊടുക്കീടിനാൻ
താൻതാൻതനിക്കൊത്തദിക്കിനുമണ്ടിനാർ
ദുശ്ശാസനസുതനായഭരതനും
വിശോകവീരനോടെയ്തടുത്തീടിനാൻ
മാരിനേരായശരങ്ങൾവരുന്നവ
നേരേഗദകൊണ്ടുതട്ടിത്തകർത്തവൻ
പാഞ്ഞടുത്തൊന്നടിച്ചാനവൻതേരുമ-
ങ്ങാഞ്ഞുപിടിച്ചുഗദകൊണ്ടടിച്ചുടൻ
ഒക്കെത്തകർത്തുപൊടിച്ചാൻഭരതനു-
മുൾക്കരുത്തോടുകൈക്കൊണ്ടാനൊരുഗദ
തങ്ങളിൽപിന്നെഗദകൊണ്ടുചെയ്തപോ-
രെങ്ങിനെയെന്നുപറവാൻപണിപണി
പാരംപരപ്പിൽപറയുന്നതെന്തിനു
പോരിൽമരിച്ചാരിരുവർകുമാരരും
ഹാ.ഹാ!ശിവ:ശിവ!യെന്നുമഹാജനം
ഹാഹാ!ഹരിഹരിയെന്നുരച്ചീടിനാർ
ശൂരനായുള്ളകുമാരനഭിമന്യു

പോരിൽമരിച്ചിതുകേട്ടുയുധിഷ്ഠിരൻ
പാരിൽമരാമരംവീണപോലെതദാ
പാരമഴൽപൂണ്ടുമോഹിച്ചുവീണവൻ
പിന്നെയുണർന്നുവിലാപംതുടങ്ങിനാൻ
ഉണ്ണീ! ചതിച്ചോകുമാര! മനോഹര!
എന്നുടെചൊൽകേട്ടുപോയിമരിച്ചൊരു
നിന്നെഞാനെന്നിനിക്കാണുന്നുനന്ദന!
അർജ്ജുനനോടുംമുകുന്ദനോടുംപുന-
രിജ്ജനമെന്തുപറയുന്നതീശ്വര!
രാജ്യവുംവേണ്ടാമതിമതിയുദ്ധവും
പൂജ്യനാമീശനെസ്സേവിക്കവേണ്ടതും
ഇത്ഥംപറഞ്ഞുകരയുന്നധർമ്മജൻ
ചിത്തശോകംകളഞ്ഞിടുവാനായ്ക്കൊണ്ടു
സത്യവതീസുതനായമുനീശ്വരൻ
സത്യവ്രതനുടെമുമ്പിലെഴുന്നള്ളി
ധർമ്മജനാചാരവുംചെയ്തുനിന്നിതു
തന്മനോദുഃഖംകളവാൻമുനീശ്വരൻ
അദ്ധ്യാത്മവാക്കുകൾചൊന്നോരനന്തരം
ചിത്തംതെളിവാനിതിഹാസവുംചൊന്നാൻ

## സൃഞ്ജയോപാഖ്യാനം

പണ്ടുമഹീപതിയാകിയസൃഞ്ജയ-
നുണ്ടായിതുസുതനെത്രയുമാദരാൽ
നാരദൻതന്റെവരപ്രസാദത്തിനാൽ
ചാരുകുമാരനായുള്ളവൻതന്നുടെ

മൂത്രപുരീഷങ്ങൾപോലുംകനകമാ-
യാസ്ഥകലന്നുമരുവുന്നതുകാലം
ദുഷ്ടർവധിച്ചാരടവിയിൽനിന്നതി
കഷ്ടംമഹീപതിക്കുണ്ടായിദുഃഖവും
സൃഞ്ജയൻതന്നുടെശോകംകളവതി-
നഞ്ജസാനാരദൻതാനുമെഴുന്നള്ളി
കേൾക്കമഹീപതേ! ദുഃഖംകളകനീ
ചാകില്ലയാതവരാരുമില്ലോക്കെടോ
ഭോഷ്ക്കല്ലധാതാവുനിർമ്മിച്ചമൃത്യുവിൻ
പോക്കലകപ്പെട്ടുമേവരുംനിർണ്ണയം
പണ്ടുപലഗുണമുണ്ടായമന്നവ-
രുണ്ടായിതുപതിനാറുപേരുഴിയിൽ
അന്തകൻതന്നെയുംവെല്ലുമവർകളു-
മന്തരമെന്നിമരിച്ചാരറികനീ
മുമ്പിൽമരുത്തൻസുഗോത്രനുമംഗനും
വൻപനൌശീനരൻരാമൻതിരുവടി
നല്ലഭാഗീരഥൻതാനുംദിലീപനും
മാന്ധാതാവോടുയയാതിമുചുകുന്ദൻ
അംബരീഷൻശശബിന്ദുമഹീപതി
അന്തിനാരൻഭരതൻപൃഥു ഭാർഗ്ഗവൻ
അന്തമില്ലാതപുകഴുള്ളമന്നവ-
രെന്തഹോചെയ്തതെന്നോർക്കെടോസൃഞ്ജയ!
നാരദനേവംപറഞ്ഞുമറഞ്ഞപോ-
താറിമഹീപതിതന്നുടെദുഃഖവും

നീയുംകളകഴൽധൎമ്മജനിൎമ്മല!
നീയറിയാതവയില്ലൊന്നുനിൎണ്ണയം
എന്നരുൾചെയ്തുമാഞ്ഞുമഹാമുനി
മന്നനുശോകവുമൊട്ടുകുറഞ്ഞതായ്
ദേവകീദേവിതിരുമകൻതാനുമായ്
ദേവരാജാത്മജൻവൈരികളെവെന്നു
വേഗേനസായാഹ്നനേരത്തുഴറിനാർ
പോകെന്നുചൊല്ലിത്തിരിച്ചാനതുനേരം
കണ്ടവർകണ്ടവർമണ്ടുന്നതുകണ്ടും
കണ്ടുശകുനപ്പിഴകളതുകൊണ്ടും
ഇണ്ടലകതാരിലുണ്ടായതുകൊണ്ടും
കൊണ്ടൽനേർവൎണ്ണനോടിങ്ങിനെചൊല്ലിനാൻ
അങ്ങുവലിയൊരുനാശംപിണഞ്ഞതു
മംഗലമൂൎത്തേ! മധുരിപോമാധവ!
എല്ലാമറിഞ്ഞിരിക്കുന്നമല്ലാരിയും
മെല്ലവേചൊല്ലിനാനല്ലലോടുംതദാ
നാശങ്ങളുണ്ടാംരണത്തിങ്കലെങ്കിലും
നാശംനൃപനേതുമില്ലെന്നുനിൎണ്ണയം.
ഇത്ഥമന്യോന്യംപറഞ്ഞുവിഷാദിച്ചു
സത്വരംകൈനിലപുക്കൊരനന്തരം
വൃത്രാരിപുത്രനുപുത്രൻമരിച്ചൊരു
വൃത്താന്തമത്യാകുലത്തോടുകേട്ടപോ-
തുൾത്താരിലുണ്ടായദുഃഖംപറവതി
നിത്രിലോകത്തിങ്കലാൎക്കുമാമല്ലെടോ!

മോഹിച്ചു ഭൂമിയിൽ വീണു കിരീടിയും
മോഹൈകനാശനനാകിയ കൃഷ്ണനും
സ്നേഹപരവശനായവൻ തന്നുടെ
ദേഹമെടുത്തു മുറുകെത്തഴുകിനാൻ
കേഴുന്നിതു ചില ബന്ധുക്കളാകുലാൽ
വീഴുന്നിതു ചിലരോടുന്നിതു ചിലർ
തങ്ങളെത്താഡിച്ചു മോഹിച്ചിതു ചില-
രിങ്ങനെ സർവ്വരും കേഴുന്നതു നേരം
കണ്ണു മിഴിച്ചു തിരുമുഖവും നോക്കി
വിണ്ണവർകോൻമകൻ കേണുതുടങ്ങിനാൻ
അയ്യോ മകനേ കുമാര! ചതിച്ചിതോ
നീയെന്നെയിങ്ങനെയാക്കിച്ചമച്ചിതോ?
സൂര്യസമാന! സുകുമാര! സുന്ദര!
ശൂരസുഭദ്രാത്മജ! മമനന്ദന!
ഹാഹാ! പൊറുക്കുന്നതെങ്ങിനെ നിന്നുടെ
ദേഹമെൻ കൺകൊണ്ടു കാണാതെ ഞാനിനി
ഹാഹാ! മറപ്പതെന്നെന്നു ഞാൻ പൈതലേ!
ഹാഹാ! വൃഥാഫലമായിതെപ്പേരുമേ
വേണ്ടീലെനിക്കിനി യുദ്ധവും രാജ്യവും
വേണ്ടീല ഭൂമിയിൽ വാഴ്ചയുമിന്നിഞാൻ
പ്രാണൻ കളയുന്നതുണ്ടെന്നു ഫൽഗുനൻ
വീണു മുറയിട്ട നേരത്തു കൃഷ്ണനും
മൂഢരെപ്പോലെ ചമയുന്നതെന്തു നീ
തേടൊലാ ചാപല്യമേതുമേ മന്നവ!

യുദ്ധത്തിൽമുൻനോക്കിവേഗാലടുത്തതി
ശക്തിയേറീടുന്നശത്രുക്കളെക്കൊന്നു
വീൎയ്യപുരുഷനായുള്ളതവാത്മജൻ
വീൎയ്യസ്വൎഗ്ഗംപുക്കാനെന്നറിഞ്ഞീടുനീ
നിന്നോടുതന്നെഞാൻചൊന്നൊരുപദേശ-
മിന്നുജലരേഖയായിതോഫൽഗുനാ?
ജാതനായാൽമൃതനാംമൃതനായവൻ
ജാതനാമിങ്ങനെജന്തുധൎമ്മംപുരാ
ജീൎണ്ണവസ്ത്രങ്ങളുപേക്ഷിച്ചുമാനവർ
പൂൎണ്ണശോഭങ്ങളാംവസ്ത്രങ്ങൾകൊള്ളുവോർ
ജീൎണ്ണദേഹംകളഞ്ഞവ്വണ്ണംദേഹികൾ
പൂൎണ്ണശോഭങ്ങളാംദേഹങ്ങളെക്കൊള്ളും
രാജധൎമ്മങ്ങൾനിരൂപിക്കിലിന്നതി
വ്യാജജനപങ്കജവ്യൂഹത്തിലായൊരു
ബാലനെയഞ്ചാറുപേർക്കൂടൊരുമിച്ചു
കാലപുരത്തിനയപ്പാനവകാശം
അന്തകവൈരിവരപ്രസാദത്തിനാൽ
സിന്ധുപതിയാംനൃപനല്ലോകാരണം
പെണ്ണുങ്ങളെപ്പോലെദുഃഖിച്ചിരിയാതെ
തിണ്ണമടുത്തുജയദ്രഥൻതന്നുടെ
കണ്ഠംമുറിപ്പതുതക്കതിതിനെന്നു
കൊണ്ടൽനേർവൎണ്ണനരുൾചെയ്തനന്തരം

## പാൎത്ഥപ്രതിജ്ഞയും ജയദ്രഥവധവും.

ചാരുനയനങ്ങൾചോങ്ങിമറിഞ്ഞിതു
ഘോരപുരികംഞെളിഞ്ഞുവളഞ്ഞിതു
പാരംവിറച്ചുചമഞ്ഞുതിരുവുടൽ
ശൂരനായുള്ളകിരീടികിരീടവും
സൂൎയ്യപ്രഭമായെരിഞ്ഞിളകിതുലോം
നിൎജ്ജരനായകനന്ദനനാകിനോ-
രൎജ്ജുനൻതന്നുടെഖേദകോപങ്ങളാൽ
ഉജ്ജ്വലിച്ചുള്ളൊരുതേജസ്സുകാൺകയാൽ
സജ്വരന്മാരായ്ചമഞ്ഞിതുലോകരും
നാനാജനങ്ങളുംകേൾക്കുമാറൎജ്ജുനൻ
മാനമോടേവംപ്രതിജ്ഞചെയ്തീടിനാൻ
സത്യമിതെല്ലാവരുംകേൾപ്പിനെങ്കിലോ
ചിത്തത്തിൽമേവുന്നകൃഷ്ണൻതിരുവടി
പൊൽത്താരടിയിണയാണെപൊളിയല്ല
സത്യവ്രതനാകുമഗ്രജൻതന്നാണെ
നിത്യനാംകേശവൻതന്നാണനിൎണ്ണയം
എത്രയുംശത്രുവായുള്ളസുയോധന
നത്യന്തമാശ്രയമായജയദ്രഥൻ
പുത്രനെക്കൊല്ലുവാൻകാരണമാകയാൽ
മിത്രനുദിക്കുന്നതാകിലോനാളെഞാൻ
അസ്തമിക്കുന്നതിൻമുൻപേയവൻതല
പത്രികൊണ്ടെയ്തുമുറിക്കുന്നതുണ്ടതി-
നെത്താസ്സിലേതുമേസംശയംകൂടാതെ

ഗാഢമായുള്ളോരുവില്ലുമായഗ്നിയിൽ
ചാടിമരിക്കുന്നതുണ്ടെന്നുനിൎണ്ണയം
ഇത്ഥംപ്രതിജ്ഞയുംചെയ്തുപാൎത്ഥൻപിതൃ-
ദത്തമാംശംഖമെടുത്തുവിളിച്ചിതു
ചാഞ്ചല്യമില്ലാതദേവകിപുത്രനും
പാഞ്ചജന്യത്തെവിളിച്ചരുളീടിനാൻ
ശംഖനാദങ്ങളുംവാദ്യഘോഷങ്ങളും
ശംഖവെടിഞ്ഞുള്ളസിംഹനാദങ്ങളും
കേട്ടുകലുങ്ങിജഗത്രയമന്നേരം
വാട്ടംകളഞ്ഞിതുപാണ്ഡവസേനയും
പാൎത്ഥിവരാൎത്തതുംവാദ്യഘോഷങ്ങളും
പാൎത്ഥൻപ്രതിജ്ഞചെയ്താനെന്നവാൎത്തയും
ആൎത്തിവരുമാറുകേട്ടുജയദ്രഥൻ
ചീൎത്തവിഷാദമോടേപറഞ്ഞീടിനാൻ
മന്നവർമന്നവനായസുയോധന!
കൎണ്ണ!കനിവേറുമാചാൎയ്യ!നിങ്ങളും
പാണ്ഡവകൈനിലതന്നിലെഘോഷങ്ങൾ
താണ്ഡവംപോലെശിവ!ശിവ!കേട്ടിലേ?
ഉഗ്രനാംപാൎത്ഥൻപ്രതിജ്ഞചെയ്തീടിനാൻ
നിഗ്രഹിച്ചീടുമവനെന്നൊനിൎണ്ണയം
രക്ഷിപ്പതിന്നുബലമില്ലനിങ്ങൾക്കു
ശക്രാത്മജനോടുനില്ക്കരുതാൎക്കുമേ
വേഗേനദൂരത്തുപോയൊളിച്ചാകിലും
ചാകാതെകാത്തുകൊണ്ടീടുവനെന്നൊഞാൻ

എന്നതുകേട്ടസുയോധനൻചൊല്ലിനാൻ
ഇന്നുമൊരുത്തർകേൾക്കപ്പറഞ്ഞിടൊല
കാനനംപൂകുന്നകാരിയമെന്തഭി-
മാനമില്ലാതൊരുദുർബ്ബലന്മാരുടെ
പക്ഷമിതെൻചെവികേൾക്കനീചൊല്ലുകി-
ലൊക്കെക്കഴിഞ്ഞിതുമേലിലെയുദ്ധവും
വിശ്വൈകവീരനാംഭീഷ്മവുമാചാര്യനു-
മശ്വത്ഥാമാവുംവൃഷസേനനുംഞാനും
കർണ്ണനുംമററുമഹാരഥന്മാരുമായ്
നിന്നെരക്ഷിക്കുന്നതുണ്ടെന്നുനിർണ്ണയം
നാളേടമേതുചെയ്തുംകഴിച്ചീടുവാ-
നാളുഞാനെന്നറിഞ്ഞീടുകെന്നാനവൻ
മററുള്ളവർകളുമിങ്ങനെചൊല്ലിനാർ
തെററെന്നുകൌരവസേനയുമാർത്തിതു
ബദ്ധവൈരത്തോടുരണ്ടുപരിഷയും
യുദ്ധത്തിനാശുസന്നദ്ധരായീടിനാർ
കൌരവന്മാരുടെകൈനിലതന്നിലെ
ഭൈരവനാദവുംവാർത്തയുംകേട്ടഥ
ശൌരിമുരാരിനരകാരികംസാരി
ഗൌരവഭാവമോടേവമരുൾചെയ്തു
വീര!വിശേഷങ്ങൾകേട്ടതില്ലേസഖേ?
വീരവാദംപറഞ്ഞീടിനാർകൌരവർ
നാനാമഹാരഥന്മാരുമായൊന്നിച്ചു
നാനാപ്രകാരവുംനാളെയുദ്ധത്തിങ്കൽ

കൌന്തേയനാകിയപാൎത്ഥനുകൊല്ലുവാൻ
സൈന്ധവൻതന്നെയയയ്ക്കുന്നതില്ലെന്നും
ഇത്ഥംപ്രതിജ്ഞചെയ്താരവർനിന്നുടെ
സത്യവുംപാരംകടുത്തതോടാഫൽഗുന!
സാധിച്ചുകൊൾവാൻപെരികെപ്പണിയുണ്ട്
ബാധിച്ചുകൂടുമോവൻപുള്ളരികളെ
മല്ലാരിമെല്ലവേചൊല്ലിയവാക്കുകേ-
ട്ടല്ലലോടുംതദാചൊല്ലിനാനൎജ്ജുനൻ
അമ്പരിലമ്പനേവമ്പരിൽമുമ്പനേ
ഉമ്പർകോനോമമതനുരാനേഹരേ!
നിന്തിരുവുള്ളമൊരന്തരമെന്നിയേ
സന്തതമന്ധനാമെന്നിലുണ്ടാകയാൽ
അന്തകവൈരിപുരാന്തകൻതാൻപരി-
പന്ഥിയെന്നാകിലുംഞാൻജയിച്ചീടുവൻ
വ്യാകുലമില്ലതുനില്ക്കവിരവിനാ-
ടാകുലമാരായ്മുറയിട്ടലച്ചിടും
നാരീജനങ്ങൾതൻദുഃഖമടക്കുക
നാരായണാതവവാക്യാമൃതത്തിനാൽ
എന്നതുകേട്ടുമുകുന്ദൻതിരുവടി
ചെന്നുനാരീജനത്തോടരുളിച്ചെയ്തു
ഭദ്രേ!സുഭദ്രേ!ഭഗിനി!കരയരു-
തുത്തമമാർകുലോത്തംസമാമുത്തരേ!
ബാലേ!സുശീലേ!വിമലേമനോഹരേ!
മാലേറിമാഴ്കാഴ്കപാഞ്ചാലനന്ദനേ!

വീരമാതാക്കളാം ധർമ്മങ്ങളോർത്തിടുവിൻ
ദൂരേ വെടിക്കുവിൻ ചാപല്യമൊക്കവേ
വീര്യവാന്മാരാം രിപുക്കളേയും വെന്നു
വീര്യസ്വർഗ്ഗം പുക്കിരിക്കും പുരുഷനെ
ചിന്തിച്ചു നിങ്ങൾ കരഞ്ഞാലവനതി-
നന്തരം വന്നുപോമത്രേ പുനരിനി
സന്താപമൊട്ടു കുറച്ചീടുവിൻ നിങ്ങ-
ളെന്തറിയാത്തവരെപ്പോലെ കേഴുവാൻ
ഇത്ഥമരുൾചെയ്തടക്കി വിലാപവും
മുഗ്ദ്ധവിലോചനനാകിയ മാധവൻ
വൃത്രാരിപുത്രനു ശോകമകറ്റുവാൻ
പുത്രനെക്കണ്ടേ മതിയാവിതെന്നിട്ടു
വൃത്രാരിലോകത്തവനുമായ്ച്ചെന്നുടൻ
പുത്രനെക്കാട്ടി വിഷാദവും തീർത്തിതു
ചിത്രമിതോർക്കിലരനിമിഷംകൊണ്ടു
ചിത്രമോ യോഗേശനല്ലോ ജഗൽപതി
ഉള്ളിൽ പ്രപഞ്ചമെല്ലാമടക്കും പുമാൻ
പള്ളിക്കുറിപ്പുകൊണ്ടീടിനാനിങ്ങനെ
പ്രാണസമൻ മമ പാർത്ഥനുടെ സത്യ
മൂനം വരാതെ കഴിപ്പാൻ പണിതുലോം
ദ്രോണാദികളഭയം കൊടുത്താരവ-
നേണാങ്കചൂഡപ്രസാദവുമുണ്ടല്ലോ
ഇത്ഥം നിനച്ചു നിനച്ചു കിടക്കയാ-
ലർദ്ധരാത്രിക്കുണർന്നീടിനാൻ മാധവൻ

ദാരുകൻതന്നെവിളിച്ചരുൾചെയ്തിതു
പോരതിഘോരമാംനാളെയറികനീ
ഞാൻതന്നെസൈന്ധവൻതന്നെക്കൊലചെയ്തു
കൌന്തേയസത്യത്തെരക്ഷിക്കയുംവേണം
ബാന്ധവമെന്നുള്ളതെങ്ങിനെയുള്ളതെ-
ന്നാന്തരമായെഴുമാത്മാധനഞ്ജയൻ
പൊന്മയമായഗരുഡധ്വജമുള്ള
നമ്മുടെതേരുമൊരുമിച്ചിരിക്കവേ
നിൎമ്മലമായെഴുമായുധജാലവും
ചെമ്മേപിരിയാതെവേണ്ടിവരുമല്ലോ
എന്നുടെസേവകന്മാരെയപേക്ഷിക്ക-
യെന്നുള്ളതൊന്നുകൊണ്ടുംവരാനിൎണ്ണയം
ഇത്തരംദാരുകനോടരുളിച്ചെയ്തു
നിദ്രയുമൊട്ടുകുറഞ്ഞുഭഗവാനും
താനതിഭാരമായ്ചെയ്തൊരുസത്യവും
മാനമേറീടുന്നവൈരികൾവീൎയ്യവും
താനേനിരൂപിച്ചുഖേദിച്ചുഫൽഗുനൻ
മാനസംമാഴ്കിത്തളൎന്നുറങ്ങുംവിധൌ
വിഷ്ണുഭഗവാൻവിരിഞ്ചാദിവന്ദിതൻ
വൃഷ്ണികുലോത്തമൻവിശ്വംഭരാവരൻ
കൃഷ്ണൻതിരുവടിതന്നെയുറക്കത്തി-
ലുഷ്ണനിശ്വാസശമനംവരുംവണ്ണം
ഉഷ്ണേതരാംശുകുലോത്ഭവനാകിയ
ജിഷ്ണുവുംകണ്ടിതുസങ്കടംതീരുവാൻ

ശത്രുക്കളെജ്ജയിച്ചീടുവാനാശുനാം
മൃത്യുഞ്ജയനായരുദ്രനെവന്ദിപ്പാൻ
പോകെന്നുനാരായണൻനരൻതന്നോടു
വേഗേനകൈയും പിടിച്ചരുളിച്ചെയ്തു
നാനാനഗനഗരഗ്രാമദേശങ്ങൾ
കാനനൌഘംനദീജാലവുംപിന്നിട്ടു
കൈലാസമാകിയശൈലോപരിചെന്നു
നീലകണ്ഠൻകഴൽക്കൂപ്പിസ്തുതിചെയ്തു
പർവ്വതമന്ദിര! പാർവ്വതീവല്ലഭ!
ദർവ്വീകരവരഭൂഷണഭൂഷിത!
സർവ്വജ്ഞ! സർവ്വലോകേശ! സർവ്വാത്മക!
ശർവ്വശംഭോമഹാദേവദേവേശ്വര!
ഗംഗാധര! ഹര! ചന്ദ്രകലാധര!
തുംഗജടാഭാരകാരുണ്യവാരിധേ!
ഭസ്മവിലേപനഭർഗ്ഗഭയാപഹ!
വിസ്മയാനന്ദനൃത്തപ്രിയ! ത്ര്യംബക!
ശങ്കര! സ്ഥാണോഗിരീശപുരഹര
ചെങ്കനൽത്തൂകുന്നഫാലവിലോചന!
മുണ്ഡമാലാധര! ദണ്ഡധരാന്തക!
ഖണ്ഡപരശോപശുപതേ! ധൂർജ്ജടേ!
ശൂലപരശുമുഖായുധഭീഷണ!
നാലുവേദപ്പൊരുളാകുന്നനാഥനേ!
അസ്ഥികൾമുത്തുകൾനല്ലതളിരുകൾ
ഉത്തമമായുള്ളപുഷ്പങ്ങൾമുണ്ഡങ്ങൾ

ഇത്തരംകൊണ്ടുള്ള മാല്യവിരാജിത!
മൃത്യുഞ്ജയ! ജയ ഭീമ! ജയജയ
മാരമദഹര! കാളകൂടാഹാര!
കാരണപൂരുഷവാരണഭഞ്ജന!
ചാരണസേവിതസാരസാക്ഷപ്രിയ!
പാഹിനമോനമഃ പാഹിനമോനമഃ
ദേഹിവരം പരമാനന്ദശാശ്വത!
ഭൂതിപ്രിയ നമോ ഭൂതിപ്രദ! നമോ
ഭൂതേശ! തേ നമോ ഭൂതകർത്രേ നമോ
ഭൂതഭർത്രേ നമോ ഭൂതഹർത്രേ നമഃ
ശാന്തായ ഘോരായ ദാന്തായ ശൂരായ
കാന്തായ ഭാഗ്യായ രുദ്രായ ശർവ്വായ
ദക്ഷാന്തകായ തേ രക്ഷാകരായ തേ
നിത്യം നമോ നമോ നിത്യം നമോ നമഃ
ഭക്തിപൂണ്ടിത്ഥം വണങ്ങി സ്തുതിച്ചൊരു
പത്മാക്ഷഫൽഗുനന്മാരോടു ശങ്കരൻ
ഭക്തപ്രിയൻ പരമേശ്വരനീശ്വരൻ
ഭദ്രപ്രദൻ പരമാനന്ദമുൾക്കൊണ്ടു
മന്ദസ്മിതം ചെയ്തൊരിക്കലെ പുൽകിട്ടു
ചന്ദ്രകലാധരനേവമരുൾചെയ്തു
അർദ്ധരാത്രിക്കിതെന്താഗമിച്ചീടുവാൻ
അത്തലുണ്ടായതെന്തെന്നു ചൊല്ലീടുവിൻ
മുഗ്ദ്ധാവിലോചനൻ മൂലപ്രകൃതിക്ക
വിത്തായ കൃഷ്ണനുമപ്പോളരുൾചെയ്തു

അഞ്ചാറുസേനാപതികളൊരുമിച്ചു
വഞ്ചിച്ചഭിമന്യുവായകുമാരനെ
കൊന്നാരതിന്നരിപുക്കളെയൊക്കവെ-
കൊന്നൊടുക്കീടുവാൻതക്കൊരുദിവ്യാസ്ത്രം
ഒന്നരുളീടേണമെന്നുണ്ടുപാർത്ഥനും
വന്നതുമിപ്പോളതിന്നുജഗല്പതെ!
ക്ലേശമതുചൊല്ലിയുള്ളിലുണ്ടാകുണ്ട
കേശവഫൽഗുനന്മാരെപുരവെഞ്ഞാൻ
പാശുപതാസ്ത്രംകൊടുത്തൻവിജയനു
നാശമരികൾക്കതിനാലെവന്നുപോം
പോയാലുമെന്നഭയംകൊടുത്തീടിനാൻ
മായാപതിയായമാരാരിശങ്കരൻ
ചെമ്പൊൽതളിരിണകമ്പിട്ടനേരത്തു
ജംഭാരിനന്ദനൻകണ്ടാനൊരത്ഭുതം
താൻതലനാളതിഭക്തിപൂണ്ടെത്രയും
ശാന്തനായ്ത്തന്റനിയമവിധിയിങ്കൽ
വിഷ്ണുപദത്തിങ്കലർച്ചിച്ചപുഷ്പങ്ങൾ
വിസ്മയത്തോടുകണ്ടുശിവന്റെമൌലിയിൽ
വിഷ്ണുവെന്നുംശിവനെന്നുംഭുവനത്തിൽ
വിജ്ഞാനികൾപറയുന്നതൊരജ്ഞാനം
കണ്ടവരൊക്കവെരണ്ടെന്നുചൊല്ലുമോർ
കണ്ടവരല്ലവരാരുമെന്നിർണ്ണയം
ഇത്ഥംനിരൂപിച്ചുറച്ചുകിരീടിയു
മദ്വൈതമാകിയധാമത്തെവന്ദിച്ചു

കൃഷ്ണനുംതാനുമായിങ്ങുപോന്നീടിനാൻ
ജിഷ്ണുവുമപ്പോളുണൎന്നുപോയിബലാൽ
സ്വപ്നത്തിലിങ്ങനെകണ്ടിട്ടുഫൽഗുനൻ
കല്പിച്ചിതുജയമുണ്ടാവ്വതുമെന്നും
കാരണനാകിയനാരായണൻപരൻ
പാരമായെന്നുടെശംഖനാദംകേട്ടാൽ
പാരാതെതേരുനീകൊണ്ടുവരികെന്നു
ദാരുകനോടരുൾചെയ്തുഭഗവാനും

ബ്രാഹ്മമുഹൂൎത്തേമുകുന്ദൻതിരുവടി
സാമ്യമില്ലാത്തജഗൽപതിമാധവൻ
നിത്യൻനിരാമയൻനീതിമാനീശ്വരൻ
നിത്യകൎമ്മങ്ങളുംചെയ്തുഷസ്സുംവിധൌ
ഭക്തനാംധൎമ്മജൻവാഴുന്നമന്ദിരേ
സത്വരംചിത്തമോദാലെഴുന്നള്ളിനാൻ
മംഗലഗീതസ്തുതികളുംവാദ്യവും
ശംഖനിനാദവുംചമ്പടനാദവും

ദാനങ്ങൾവാങ്ങിവാങ്ങിക്ഷമാദേവക-
ളാനന്ദദാനവുമാശീൎവചനവും
കേട്ടുകേട്ടങ്ങടുത്തീടിനനേരത്തു
വാട്ടംവരാതൊരുഭക്തിയുംമോദവും

കൈക്കൊണ്ടുസല്ക്കരിച്ചീടിനാൻധൎമ്മജൻ
പുഷ്കരനേത്രനുപ്രീതിപൂണ്ടീടിനാൻ
വാസുദേവൻജഗന്മംഗലൻകേശവൻ
വാസവിതന്നെത്തഴുകിയരുൾചെയ്തു

ഖേദിക്കവേണ്ടജയംവരുംനിർണ്ണയം
സാധിക്കുമെന്നറിനിന്നുടെസത്യവും
അംബുജലോചന!തുംബുരുവന്ദിത!
കംബുധരാമൃതസ്യന്ദനാനന്ദമേ
അംബികാവല്ലഭസേവിതശാശ്വത
ബിംബഫലാധര!ചന്ദ്രബിംബാനന!
കൃഷ്ണ!ദയാനിധേ!വൃഷ്ണികുലാധിപ!
വിഷ്ണോ!മുരാരേ!മധുസൂദനഹരേ!
രാമരമാവരശ്യാമാഭിരാമ!മാ
രാകാരസന്മധുരൂപായതേനമഃ
നിൻകൃപയുണ്ടെങ്കിലെന്തൊരുസങ്കടം
പജങ്കലോചന!കേട്ടരുൾകെങ്കിൽനീ
നിദ്രയിൽഞാൻനിന്തിരുവടിതന്നോടും
രുദ്രനെക്കണ്ടുവരംവരിച്ചീടിനാൻ
തൽപാദാബ്ജാർച്ചിതപുഷ്പങ്ങളൊക്കയും
തല്പദാംഭോജംനമസ്കരിക്കുംവിധൌ
ശംഭുതൻമൌലിയിൽക്കണ്ടുതെളിഞ്ഞുഞാൻ
കിംപരംവിസ്മയംതമ്പുരാനേഹരേ
സ്വപ്നപ്രകാരവുമിത്ഥംപറഞ്ഞുടൻ
ചിൽപൂരുഷങ്കലുറപ്പിച്ചുമാനസം
അർജ്ജുനൻനില്ക്കുന്നനേരത്തുധർമ്മജൻ
പിച്ചയല്ലേതുമിതെന്നരുളിച്ചെയ്താൻ
അച്യുതനുംപുനരന്തകവൈരിയും
നിശ്ചയംചിന്തിക്കിലൊന്നെന്നറികനീ
വൈകരുതേതുമുദിച്ചിതുഭാസ്കരൻ

വൈരികൾവന്നൊരുമിച്ചാരെറികനി
ഇന്നുചെറുതുകലഹമുണ്ടായ്വരും
നിന്റയമിത്രനാളെപ്പോലെയല്ലെടോ!
പിന്നെയുംചൊന്നാൻധനഞ്ജയൻനില്ക്കുന്ന
മന്നവന്മാരോടുമഗ്രജന്മാരൊടും
ഉഗ്രനായുള്ളഗ്ഗുരുവീരസത്യമു
ണ്ടഗ്രജനാംമമധൎമ്മതനയനെ
യുദ്ധത്തിലെത്തിപ്പിടിച്ചുകെട്ടീടുവാൻ
ചിത്തത്തിലുണ്ടിനിക്കെന്നൊരുസങ്കടം
അഗ്നിക്കുബന്ധുവാംവായുതൻപുത്രനു
മഗ്നിയിലുത്ഭവിച്ചോരുപാഞ്ചാലനും
സാത്യകിയുംമഹാവിരരാംമററുള്ള
ധാത്രീപതികളുമൊക്കെയൊരുമിച്ചു
കൈനിലചുററുമെൻജേഷ്ഠനെക്കാത്തുകൊ
ണ്ടൈകമത്യത്തോടുനില്പിനെല്ലാവരും
മുററുംമുകുന്ദനൻതുണയുള്ളഞാനെ
ന്യേമററാരുമിന്നുകരുതായ്കപോരിനായ്
കൊററവനായനൃപനെരക്ഷിക്കെണ്ണ
മുററവരായവരിന്നക്കസൎവ്വരും
തേരിനാരങ്ങിനെയാമെന്നതേവരും
തേരേറിനാർനരനാരായണന്മാരും
ദേവാസുരോരഗസിദ്ധവിദ്യാധര
ഗന്ധൎവകിന്നരകിംപുരുഷാദിയും
യക്ഷരക്ഷോഗണചാരണഗുഹ്യക
പ്രേതഭൂതാദിയുമപ്സരസ്ത്രീകളും

അംബരമാൎഗ്ഗ വിമാനങ്ങളേറിനാർ
തുംബുരുനാരദന്മാരുമുഴറിനാർ
ഭേരീപടഹശംഖാദികൾനാദവും
വീരന്മാരായവർസിംഹനാദങ്ങളും
തേരുരുൾനാദംപെരുഞാണൊലികളും
വാരണന്മാരുടെഗൎജ്ജിതനാദവും
ചാരുതുരഗാളിഹേഷാരവങ്ങളും
നാരദവീണാമനോഹരനാദവും
ഒക്കവേപൊങ്ങിമുഴങ്ങിച്ചമകയാൽ
ദിഗ്ഗജങ്ങൾക്കുചെവിയുമടച്ചിതു
കല്പാന്തകാലത്തു സപ്തസമുദ്രങ്ങ
ളുൾഭ്രാന്തികൈക്കൊണ്ടലറുന്നതുപോലെ
ഘോരഘോരമിരുഭാഗവുംവൻപട
വാരിധിപോലെപരന്നുചമഞ്ഞുതേ
സൂചിസരസിജവ്യൂഹംചമച്ചുകൊ-
ണ്ടാചാൎയ്യനായഭർദ്വാജനന്ദനൻ
നിൎത്തിനാൻദക്ഷിണഭാഗത്തുവൻപട
ചിത്രമായോരുശകടാഹ്വയവ്യൂഹം
ഇത്ഥമുറപ്പിച്ചുവാമഭാഗേതഥാ
ചിത്തമുറപ്പിച്ചുരണ്ടുകൂട്ടത്തിനും
മദ്ധ്യേമഹാരഥംതന്നിലാചാൎയ്യനും
ക്രുദ്ധനായ്‌വില്ലുംധരിച്ചുനിന്നീടിനാൻ
യുദ്ധനിലമായൊരാകാശമൊക്കെയും
ഹസ്ത്യശ്വപത്തിമയങ്ങളാംമേഘങ്ങൾ
ഒത്തുപരന്നതുനേരത്തുധൂളിയാൽ

മിത്രബിംബംമറഞ്ഞിടുംദശാന്തരേ
ദിക്കുകളൊക്കവേഞെട്ടുമാറങ്ങനെ
വെട്ടുമിടികൾപോലെപടഹങ്ങളും
സന്നദ്ധരായുള്ളവീരർകൈവാളായ
മിന്നൽപിണരുകൾമിന്നുന്നനേരത്തു
കണ്ണുകൾതങ്ങളെച്ചിമ്മുന്നിതുചിലർ
ചാപങ്ങളായ്മികുമിന്ദ്രചാപങ്ങളും
ബാണങ്ങളായുള്ളധാരാവർഷവും
ചോരയായുള്ളൊരുവാരിപ്രവാഹവും
പെയ്തുപെയ്തൊക്കെനിറഞ്ഞുനദികളാ-
യോരോവഴിയെയൊലിക്കുന്നനേരത്തു
വക്ത്രങ്ങളാകിയപത്മങ്ങളുണ്ടതിൽ
കേശങ്ങളായുള്ളശൈവലപൂരവും
ഹസ്തപാദങ്ങളായുള്ളമത്സ്യങ്ങളു-
മസ്ഥികളായുള്ളപാഷാണജാലവും
ചിത്തമായുള്ളൊരുശംഖമുക്താദിയും
മദ്ധ്യേയൊഴുകുന്നചോരപ്പുഴകണ്ടു
ചിത്രംവിചിത്രംവിചിത്രമെന്നുജനം.
ദുശ്ശാസനനെയെതിർത്താനവനെയും
വിശോകവീരൻവിജയൻജയിച്ചിതു
ശസ്ത്രങ്ങൾകൊണ്ടഭിവാദ്യവുംചെയ്തുത-
ന്നുൾത്താപമെല്ലാമറിയിച്ചനേരത്തു
തോററപോലെയൊഴിച്ചാൻഗുരുവീരനും
മാററലരോടെതിർത്താൻകുരുവീരനും
കൊന്നുകൊന്നൊക്കെയൊടുക്കുന്നതുകണ്ടു

പിന്നെയുംദ്രോണനാടുത്താനതുനേരം
ഒട്ടുയുദ്ധംചെയ്തുപിന്നെയുംപോയിതു
മുട്ടിച്ചെതിർത്തിതുഹാർദ്ദിക്യനന്നേരം
എയ്തുതലയുമറുത്താൻധനഞ്ജയൻ
എയ്തുശരങ്ങൾവരുണാത്മജനപ്പോൾ
ഛത്രധ്വജാശ്വങ്ങളെല്ലാമതുനേരം
വൃത്രാരിപുത്രൻകളഞ്ഞാരനന്തരം
തെററന്നൊരുഗദകൈക്കൊണ്ടെടുത്തവ-
നെററിനാൻകൃഷ്ണനെയപ്പോൾവിജയനും
കണ്ഠവുംകൈയുമൊരമ്പാൽമുറിച്ചിതു
കണ്ടെതിർത്തീടിനാൻകാംബോജനന്നേരം
അന്തകൻവീടുപുക്കാൻപൊരുതേററവു
മന്തികേനിന്നപടയോടുകൂടവേ
പിന്നെശ്രുതായുരാഖ്യനൃപനേററിതു
കൊന്നാനരനിമിഷംകൊണ്ടവനെയും
അപ്പോളവൻതന്നനുജനുംകോപിച്ചു
മുൽപ്പുക്കെതിർത്തതുകണ്ടാശുപാർത്ഥനും
തൽബലൌഘത്തോടുകൂടവേകോപിച്ചു
കെല്പോടുബാണങ്ങളെയ്തുകൊന്നീടിനാൻ
എന്നെയെന്നെക്കൊലചെയ്യുന്നിതർജ്ജുന-
നെന്നരിവീരരൊഴിച്ചുതുടങ്ങിനാർ
ധാർത്തരാഷ്ട്രൻപെരികാത്തനായ്ദ്രോണരെ-
ക്കാൽത്തളിരൻപോടുവന്ദിച്ചുചൊല്ലിനാൻ
കാത്തുജയദ്രഥൻതന്നെയുമെന്നെയും
പാർത്ഥഭയംതീർത്തുരക്ഷിക്കവേണമേ

ശത്രുക്കളെക്കൊന്നുരാജ്യംതരുവതി-
നുൾത്താരിലിപ്പോൾമടിക്കരുതേതുമേ
ദ്രോണർകവചംജപിച്ചുകൊടുത്തിതു
മാനിയായുള്ളസുയോധനനന്നേരം
ഖാണ്ഡവംപുക്കൊരുപാവകനെപ്പോലെ
പാണ്ഡവസേനദഹിപ്പിച്ചിതാചാര്യൻ
ഗാണ്ഡീവധന്വാവുപോയിതൊരുവഴി-
വേണ്ടുംജയദ്രഥനെക്കണ്ടുകൊള്ളുവാൻ
അന്നേരമെങ്ങുനിന്നെന്നറിഞ്ഞിലപോ-
ന്നുന്നതനായധൃഷ്ടദ്യുമ്നനുംവന്നാൻ
ചണ്ഡയുദ്ധത്തിൽമരിച്ചാർപലനൃപ
താന്ദോളിതമായിതന്നേരമാഹവം
സോമകപാഞ്ചാലഭൂപതിവീരന്മാർ
കാർമുകിൽപേമഴതൂകുന്നതുപോലെ
ബാണംപൊഴിച്ചങ്ങടുക്കുന്നതുനേരം
ദ്രോണരുടെപടകെട്ടുപാഞ്ഞുതുലോം
വമ്പനായീടുംദ്രുപദനുംചാപികൾ
മുൻപനാമാചാര്യനുംപൊരുതോരുപോ-
രുമ്പരുംകണ്ടുതെളിഞ്ഞുവാഴ്ത്തീടിനാർ
തുംബുരുനാരദന്മാരുംപുകഴ്ത്തിനാർ
വാളുമായേററമടുത്തിതുപാഞ്ചാലൻ
ബാണങ്ങൾമെയ്യിൽനിറച്ചിതാചാര്യനും
കൊല്ലുന്നതുണ്ടെന്നുറച്ചുഗുരുവരൻ
വില്ലുംകുഴിയെക്കുലച്ചുവലിച്ചുടൻ
നില്ലുനില്ലെന്നണഞ്ഞീടുന്നനേരത്തു

മല്ലാരിതൻപ്രിയനാകിയശൈനേയൻ
കിഞ്ചനചഞ്ചലമെന്നിയേചൊല്ലിനാ-
നഞ്ചിയോട്ടുന്നവനല്ലെന്നറിഞ്ഞാലും
അത്രവൈദഗ്ദ്ധ്യമുണ്ടെങ്കിലോനമ്മിലു-
മിത്തിരിനേരംപൊരുതേമതിയാവൂ
കെല്പോടിവണ്ണംപറഞ്ഞാശുസാത്യകി
മുൽപ്പുക്കെതിർത്തുകണ്ടുഗുരുവരൻ
അസ്ത്രങ്ങൾശസ്ത്രങ്ങൾനാരാചപംക്തികൾ
അർദ്ധചന്ദ്രാകാരമായുള്ളപത്രികൾ
ഇത്തരംകോരിച്ചൊരിഞ്ഞുതുടങ്ങിനാ
നത്തരംതന്നെയുയുധാനനുമെയ്താൻ
മുഗ്ദ്ധവിലോചനഭൃത്യപ്രവരനും
ക്ഷത്രകുലാന്തകശിഷ്യപ്രവരനും
ബദ്ധവൈരത്തോടടുത്തുനിന്നങ്ങിനെ
യുദ്ധംഭയങ്കരമായ്ച്ചെയ്തനേരത്തു
ശുദ്ധനഖണ്ഡൻജഗരല്പിപൂർണ്ണനാം
ദുഗ്ദ്ധാംബുരാശിതിരുമകൾവല്ലഭൻ
ആശുജയദ്രഥനെക്കൊലചെയ്വതി-
ന്നാശുഗവേഗമിയന്നുതേരോടിച്ചാൻ
ശക്തികൾവജ്രങ്ങൾചക്രങ്ങൾശൂലങ്ങൾ
ശസ്ത്രങ്ങളസ്ത്രങ്ങളുംഗദാജാലവും
ഉഗ്രങ്ങളായമുസലങ്ങളെന്നിവ
നിഗ്രഹിക്കേണമിവനെയെന്നൊന്നിച്ചു
ശക്രനുനേരായവിക്രമമുള്ളവൻ
ശക്രാത്മജൻനേർത്തുകിത്തുടങ്ങിനാർ

ഖണ്ഡിച്ചുഖണ്ഡിച്ചൊടുക്കിക്കഴിച്ചൊരാം.
ഖണ്ഡലനന്ദനൻചെല്ലുന്നാനേരത്തു
വിന്ദനുമ്മുകളുള്ളനുവിന്ദനുംകൂടി
മന്ദേതരമടുത്തെത്ത്യാരത്തുനേരം
ഇന്ദ്രാത്മജൻകൊലചെയ്‌വാനവരെയു
മിന്ദിരാവല്ലഭനോടഥചൊല്ലിനാൻ
പൈപദാഹമുണ്ടുകുതിരകൾക്കേററവും
കൈതവമില്ലാതകാരുണ്യവാരിധേ!
കൈകാൽതളൎന്നുനടക്കുന്നതില്ലേതും
വൈകാൎയ്യമുണ്ടതുകൊണ്ടുരണത്തിനും
തണ്ണീർകൊടുത്തുതളൎച്ചകെടുക്കിലേ
സന്നാഹമോടുപോർചെയ്തുകൂടുഹരേ!
എന്നുപറഞ്ഞുശരൌഘംപ്രയോഗിച്ചു
നന്നായ്ക്കുഴിച്ചുപാനീയമുണ്ടാക്കിനാൻ
എന്നതുകണ്ടുമുകുന്ദൻതിരുവടി
പന്നഗശായിപരൻപുരുഷൻതാനും
അശ്വങ്ങളെത്തെളിയിച്ചുതേർപൂട്ടിനാൻ
വിശ്വംഭരൻനിജഭക്തജനപ്രിയൻ
പാരിൽനിന്നീടുംധനഞ്ജയനെക്കണ്ടും
തേരിലേകാകിയാംസാരഥിയെക്കണ്ടും
പാരമടുത്തുമഹാരഥന്മാരെല്ലാം
പോരിനുപാൎത്തതിപ്പോളറിയണം
ഛിദ്രമിദമിതിഛിദ്രമിദമിതി
വിദ്രുതംതൂകിനാരായുധപംക്തികൾ
പൌരവയാദവന്മാരെവധിക്കെന്നു

കൌരവവീരരുമൊത്തുത്തുകീടിനാർ
നാഗധ്വജനും പൊരുതിതു പാരമാ-
സ്വേഗമോടേററമെതിർത്തിതു പാർത്ഥനും
നാഗാരിയെക്കണ്ട നാഗങ്ങളെപ്പോലെ
നാഗധ്വജാദികൾ നാല്പാടുമോടിനാർ
ചെനുജയദ്രഥൻ നില്ക്കുന്ന ദിക്കതി-
ലൊന്നൊഴിയാതെയുറച്ചിതു കൌരവർ
പാരമടുത്ത മഹാരഥന്മാരോടു
വേഗമോടേററമടുത്തിതു പാർത്ഥനും
കോലാഹലമായ് ചമഞ്ഞു കലഹവും
തോലാതവണ്ണം പൊരുതാരരികളും
പാരമുയർന്ന കൊടി കൊടിക്കൂറയും
തേരാളികളുടെ വില്ലിൻ കുട്ടമയും
ആലവട്ടങ്ങളും വെഞ്ചാമരങ്ങളും
ചാലത്തെളിക്കടഞ്ഞുള്ള കുന്തങ്ങളും
തിക്കിയൊരു നിലത്തൊക്കെയൊരുമിച്ചു
നില്ക്കുന്ന നേരത്തു ഫൽഗുനൻ ബാണങ്ങൾ
മാമലമേൽ മഴത്തൂകുന്നതുപോലെ
തൂമകലർന്നു പൊഴിച്ചാനതുനേരം
കാലും കരങ്ങളും തോളും തുടകളും
മാറും വയറും കഴുത്തും തലകളും
കൊററക്കുടകൾ കൊടികൾ കൊടിമരം
കുററമില്ലാതെ കൊടിക്കൂറ ചിഹ്നവും
ചുററും ചുഴന്നീട്ടു മാലവട്ടങ്ങളും
അററമില്ലാതൊരു വെഞ്ചാമരങ്ങളും

അററുവീണുനിറഞ്ഞുരണാങ്കണ
മിററിററുവീഴുന്നചോരയൊലിക്കയും
മുററിനിന്നിടുന്നപററലർതമ്മോടു,
പുററിച്ചുഴന്നുപോർചെയ്താൻധനഞ്ജയൻ
ധർമ്മസുതനുംഭരദ്വാജപുത്രനും
തമ്മിൽപൊരുതുവലഞ്ഞുയുധിഷ്ഠിരൻ
ഭീമനതുകണ്ടുഴറിയടുത്തപ്പോൾ
ഭീമാന്തകസമമായിതുയുദ്ധവും
കിർമ്മീരനന്ദനനാകിയരാക്ഷസൻ
നിർമ്മരിയാദപ്പൊരുമാളുതുനേരം
ഭ്രാതാവിനെയുംപിതാവിനെയുംകൊന്ന
വാതാത്മജനോടുപാഞ്ഞടുത്തീടിനാൻ
തെററന്നടുത്തിതുമാരുതപുത്രനും
ചെററുപോർചെയ്താശുതോററുനിശാചരൻ
നില്ലെന്നണഞ്ഞുപോർചെയ്തിതാചാര്യനും
കൊല്ലുവനെങ്കിൽഞാനെന്നുഘടോൽക്കചൻ
ചൊല്ലെഴുംദ്രോണരോടാർത്തടുത്തീടിനാൻ
വില്ലുമായാചാര്യനുമടുത്തീടിനാൻ
ചെററുവലഞ്ഞിതാചാര്യനുമന്നേരം
തെററന്നടുത്തിതുകിർമ്മീരപുത്രനും
തേരുംകൊടിയുംകുടയുംകുതിരയും
പോരിലഴിഞ്ഞിതുവില്ലുംമുറിഞ്ഞിതു
രണ്ടുപരിഷക്കുമപ്പോളതുകണ്ടു
കൊണ്ടാടിനാർകണ്ടുനിന്നവരൊക്കവേ
വാളുംപരിജയുംകൈക്കൊണ്ടിരുവരും

ചീളെന്നു പൊങ്ങിനാരാകാശവീഥിയിൽ
ചിത്രയുദ്ധം ചെയ്തു ചത്താനലംബുസൻ
ചിത്തവും ചത്തിതു കൌരവക്കന്നേരം
പാത്ഥനും മററുള്ളോരാളിവീരരും
പേത്തും പിരിയാതണഞ്ഞു പോരുന്നേരം
ലോകങ്ങളെ തന്നിൽ ഭിന്നാക്കുന്ന ഘോഷവും
ചായ്ക്കുന്ന പാഞ്ചജന്യത്തിൻ നിനാദവും
ബ്രഹ്മാണ്ഡമെല്ലാം കുലുങ്ങും പടിക്കേട്ടു
നിമ്മലനാകിയ ധമ്മസുതൻ ചൊന്നാൻ
പങ്കജലോചനൻ തൻ കരതാരിലെ
ശംഖനാദമതിഘോഷിച്ചു കേൾക്കുന്നു
ശങ്കാവിഹീനം തെളിഞ്ഞൊരിവാഹിനി
ഹുങ്കാരമോട്ടുകൂടാക്ക്യമുണ്ടേയ്യോ
സങ്കടമേതാനുമെന്റെയനുജനു
സംഭവിച്ചു പുനരില്ലൊരു സംശയം
നാശം വരാതെ പടസ്യമായിപ്പോഴേ
നീ ചെന്നറിഞ്ഞുവരിക ശിനിസുത!
ധമ്മജൻ ചൊന്നതു കേട്ടു ചൊല്ലീടിനാൻ
നിമ്മലനാകിയ സാത്യകിവീരനും
ബന്ധിച്ചു കൊള്ളുവാനന്തരം പാത്ഥപാ-
ത്ഥന്തണന്നാകുമാചായ്യനിരിക്കുന്നു
ഞങ്ങൾ ചിലരതു കണ്ടുനില്ലൂന്നമെ
നിങ്ങളെന്നെ ചിന്തിച്ചു പോകാഞ്ഞിതു നടേ
പാത്ഥനു സങ്കടമുണ്ടാകയില്ലുള്ളി
ലോത്തിടുക മൃത്യുതൻ തന്റെ ചരിത്രങ്ങൾ

എന്നു ശിനിസുതൻ ചൊന്നതു കേട്ടാശു
മന്നവൻ ധർമ്മജൻ പിന്നെയും ചൊല്ലിനാൻ
എന്നെക്കുറിച്ചൊരു വാത്സല്യമുണ്ടെങ്കി-
ലെന്നുടെ കൃഷ്ണധനഞ്ജയന്മാരെന്നി
ചെന്നറികെന്നുള്ള നിർബ്ബന്ധമാശു കേ-
ട്ടന്നേരമാത്തോപമനായ സാത്യകി
ഘോരമായുള്ള പടയുമായ് വേഗേന
പോരിന്നു നേരെ പുറപ്പെട്ടു ചെല്ലുമ്പോൾ
ഏററം മറുതലയെക്കൊല ചെയ്തു പോ-
ത്തുററമുള്ളാചാര്യനെത്തടുത്തീടിനാൻ
തോററു ഗുരുവരനെന്നേ പറയേണ്ടു
പോററി വിളിച്ചിതു ഭോജനരേന്ദ്രനെ
മാഗധനാകിയ സത്യസന്ധൻ തല
മാഴ്ക്കാതറുത്തു ധരണിയിലിട്ടു പോ-
യാനതേർകാലാൾ കുതിരപ്പടയൊക്കെ
മാനമേറീടുന്ന സാത്യകി കൊന്നു കൊ-
ന്നാറൊഴുക്കീ കുരുതിപ്പുനൽ തന്നാലെ
ചീറിയടുത്താൻ ഭരദ്വാജപുത്രനും
കല്പാന്തമേഘം വരിഷിപ്പതുപോലെ
കൈകല്ലോട്ടു ബാണങ്ങൾ തൂകിത്തുടങ്ങിനാൻ.
ഇപ്രധനത്തിന്നു നേരായ പോരു പ-
ണ്ടിപ്രപഞ്ചത്തിങ്കലുണ്ടായതില്ലെന്നു
കേളിമുഴുത്ത കബന്ധവും കാളിയും
കൂളികളും നടമാടിത്തുടങ്ങിനാർ
ഒന്നു തളർന്നു ചമഞ്ഞു ഗുരുവരൻ

ചെന്നുതുണച്ചാനതുകണ്ടുഭോജനം
കോപിച്ചുസാത്യകിബാണങ്ങളെയ്തപ്പോൾ
മോഹിച്ചുതേരതിൽവീണിതുഭോജനും
ആരിനിയുള്ളതെന്നോർത്തുശിനിസുത
നാരാഞ്ഞുപാഞ്ഞങ്ങടുക്കുന്നതുനേരം
രണ്ടനുജന്മാരുമായ്ചെന്നെതിർത്തിതു
കുന്തതകൈവിട്ടനാഗധ്വജനൃപൻ
കണ്ടുകൂടുമ്പോൾശരവരിഷംചെയ്തു
മണ്ടിച്ചാനപ്പോളണഞ്ഞുദുശ്ശാസനൻ.
കോഴകളഞ്ഞുപോർചെയ്താനൊരിത്തിരി
കേഴിച്ചവനെയുമോടിച്ചുസാത്യകി
ജന്യഭയങ്കരംകൊണ്ടുരണഭുവി
ജന്യമാംനാദവുംകൃഷ്ണനുടെപാഞ്ച
ജന്യനിനാദവുംധന്യതചേർന്നൊരു
ധന്വികൾതൻചെറുഞാണൊലിനാദവും
കേട്ടുകേട്ടാകുലപ്പെട്ടുയുധിഷ്ഠിരൻ
കൂട്ടുകനമ്മുടെതേരന്നുചൊല്ലിനാൻ
ഉഗ്രനാംമാരുതിചൊന്നാനതുനേര
മഗ്രജൻതന്നോടടങ്ങണമിത്തിരി
ഉഗ്രവിരചിതാനുഗ്രഹശക്തിസ
മഗ്രപ്രഭാവവാനാംശക്രതനയനെ
നിഗ്രഹിപ്പാനരുതാർക്കുമേകോമള
വിഗ്രഹയോഗബലേനമഹീപതേ!
വ്യഗ്രമുണ്ടാകായ്കകൃഷ്ണഭക്തന്മാരി
ലഗ്രഗണ്യൻമമസോദരൻനിർണ്ണയം

അഗ്രാഹ്യശൌൎയ്യമിയന്നഗ്ഗുരുവര-
നഗ്ര്യകുലോത്ഭവനായഭരദ്വാജ-
നഗ്രശിഷ്യോത്തമശിഷ്യനാമാചാൎയ്യൻ
തൽഗ്രഹണാഗ്രഹംപൂണ്ടുമരുവുന്നു
പാൎത്ഥനുനാശമെന്നോൎത്തഥപാൎത്ഥിവൻ
ചിത്തവിഷാദമോടാൎത്തനായ്പ്പിന്നെയും
മാരുതിയാകുമവരജൻതന്നോടു
ധീരതകൈവിട്ടുചൊന്നാൻനൃപാധിപൻ
ധാൎത്തരാഷ്ട്രൻപടക്കൂട്ടമുണ്ടാക്കുന്നു
മാൎത്താണ്ഡബിംബവുംനന്നായ്മറഞ്ഞുപോയ്
മാധവൻതന്നുടെശംഖനിനാദവും
ഭീതിയാകുംവണ്ണമുണ്ടല്ലോകേൾക്കുന്നു
പോയശിനിസുതൻതന്നെയുംകണ്ടില
പായുന്നിതങ്ങുമിങ്ങുംഭ്രമിച്ചവരും
എന്തൊരുസങ്കടംവന്നതുദൈവമേ!
ചെന്താരിൽമങ്കതൻപുണ്യവിലാസമേ
നെഞ്ചമിടിഞ്ഞിടിഞ്ഞിടുന്നിതത്രയും
ചെഞ്ചെമ്മേതന്നെകഴിക്കയില്ലിന്നോടം
വൈകല്യമേതുംവരാതെപടയുമായ്
വൈകാതെപോകനീമാരുതനന്ദന!
എന്തരുൾചെയ്യുന്നതെന്നാലതുകേൾപ്പാ-
നന്തരമില്ലിനിക്കെങ്കിലുമിന്നിപ്പോൾ
ബന്ധിച്ചുകൊൾവാനുപായങ്ങൾസന്തതം
ചിന്തിച്ചിരുന്നരുളുന്നഗ്ഗുരുവരൻ
ഉത്തമനാകിയനമ്മുടെജ്യേഷ്ഠനെ

ശത്രുക്കളെത്തിപ്പിടിച്ചുകെട്ടീട്ടുംപോരാം
എത്തിലനാമാരുമെന്തിന്നിനല്ലതെ-
ന്നൊത്രയുംദുഃഖിച്ചുനാരിമാരെപ്പോലെ
നാണവുംകെട്ടിരുന്നീടുമാറാക്കാതെ
പ്രാണൻകളയാതിരിക്കണമന്നേരം
എന്നതിനെന്നോടുരസ്സുക്ഷിച്ചുകൊള്ളുവാൻ
പിന്നെയുംപിന്നെയുംനന്നായുറപ്പിച്ചു
പോയിതുപോരിനാതെന്നുടെസോദരൻ
പോയീടുവാൻമടിയുണ്ടെത്തുകൊണ്ടുമേ
സോദരൻചൊന്നതാപൂർവ്വജൻചൊന്നതാ
സാദരംകേൾക്കേണ്ടതെന്നുനിരൂപിക്ക
യാദവപാൎത്ഥശിനിസുതന്മാരെയു-
മാരാഞ്ഞുകണ്ടുവരികവിരയേനീ
പാരിംഘദാദികളെബ് ഭരമേല്പിച്ചു
പാരാതെഭീമൻനടന്നുപടയുമായ്
പോക്കളംതന്നിലകംപുക്കരികളെ
വീക്കന്നതിൻമുമ്പേവീഴ്ത്തിനാനമ്പിനാൽ
വെൺകുടവെൺതഴവെഞ്ചാമരങ്ങളും
ചെങ്കനകക്കൊടിയുംകൊടിക്കൂറയും
മന്ഥരകന്ധരഘണ്ടാരവമുള്ള
സിന്ധുരബന്ധുരസ്യന്ദനാശ്വങ്ങളെ
ഖണ്ഡിച്ചുഖണ്ഡിച്ചരികളെയുംകൊന്നു
ചണ്ഡനാംമാരുതപുത്രൻവരുന്നേരം
പണ്ഡിതനായഭരദ്വാജനന്ദനൻ
മണ്ഡലാകാരമായുള്ളധനുസ്സിനാൽ

അണ്ഡകടാഹംനടുങ്ങുമാറങ്ങനെ
ദണ്ഡമൊഴിഞ്ഞുചെറുത്താനതുനേരം
ദണ്ഡധരൻമുനിയോടടുക്കുന്നേരം
ഖണ്ഡപരശുചെറുത്തതുപോലെയും
ചണ്ഡമുണ്ഡപ്രണാശാന്തരേസുംഭനെ
ച്ചണ്ഡികാദേവിചെറുത്തതുപോലെയും
ചണ്ഡകരകുലജാതൻരഘുവരൻ
ദണ്ഡകാരണ്യനിവാസിഖരാദിയെ
കണ്ടുകോപിച്ചുചെറുത്തതുപോലെയും
മണ്ടിയണഞ്ഞുവൃകോദരനന്നേരം
തേരുംകളഞ്ഞുതിരിച്ചുനടന്നപ്പോൾ
വീരരാംഗാന്ധാരിപുത്രരടുത്തതിൽ
പത്തിനെക്കൊന്നുനടന്നലറീടിനാൻ
ശക്തനാംമാരുതപുത്രൻമഹാരഥൻ
മാരുതിതന്റെവരവുകണ്ടന്നേരം
ശൂരനാംകർണ്ണനണഞ്ഞുപൊരുതപ്പോൾ
മത്തഗജത്തോടുകേസരിയെപ്പോലെ
മത്തനാംമാരുതപുത്രനണഞ്ഞുടൻ
പത്രികൾകൊണ്ടുതകർത്തുതേരുംവില്ലും
മിത്രാത്മജനെയുംമെയ്യുപിളർക്കയാൽ
അംബികാനന്ദനനന്ദനന്മാർതുണ-
യൻപോടുചെന്നിതുകർണ്ണനതുനേരം
മറെറാരുതേരേറിഞാണൊലിയുമിട്ടു
തെററന്നടുത്തതുകണ്ടൊരുമാരുതി
ചിത്തത്തിലോർത്താനടച്ചുതിവച്ചതും

മദ്ധ്യസഭംനിജഭാൎയ്യയെയിഴ്ത്തതും
വസ്ത്രമഴിച്ചതുംകള്ളച്ചൂതിട്ടതും
ബാലരോഷാൽവിഷച്ചോറശിപ്പിച്ചതും
കൊല്ലുവാൻപാമ്പുതന്നാൽകടിപ്പിച്ചതും
വെള്ളത്തിലാമ്മാറുനകെട്ടിയെറിഞ്ഞതും
മററുംപലപലകൎമ്മങ്ങൾചെയ്ത-
തുമുററുംനിരൂപിച്ചുകോപിച്ചടുത്തവൻ
തേരുംകൊടിയുംകളഞ്ഞുശരങ്ങളാൽ
പാരംപരിഭ്രമിച്ചീടിനാൻകണ്ണനും
കുന്തീയോടുള്ളോരുസത്യംമറന്നവൻ
കുന്തീതനയനെകൊല്ലുന്നതുണ്ടെന്നു
തെററെന്നുമററൊരുതേരേറിവന്നവ-
നററമില്ലാതശരങ്ങൾതൂകീടിനാൻ
ദുൎമ്മുഖൻതാനുമടുത്താനവനുടെ-
ലെണ്ണമണിപോലെചമച്ചിതുഭീമനും
കണ്മണിപാരമുരുണ്ടിതുകണ്ണനും
കമ്മിണ്ണിപോലുംകുറഞ്ഞീലഭീമനും
വഞ്ചകനായസുയോധനതമ്പിമാ-
രഞ്ചുപേർകൂടിയടുത്താരതുനേരം
പഞ്ചതചേൎത്താനവരെവൃകോദരൻ
ചഞ്ചലംപൂണ്ടടുത്തീടിനാൻകണ്ണനും
നെഞ്ചുറപ്പിച്ചുഭയങ്കരംമാരുതി
കിഞ്ചനസംശയമെന്നിയടുത്തെയ്തു
തേരുംകുതിരയുംവില്ലുംകൊടികളും
നേരേപൊടിച്ചുകുഴച്ചിതുചോരയിൽ

പാരംവലഞ്ഞിതുകർണ്ണനതുകണ്ടു
നേരേയടുത്തുസുയോധനതമ്പിമാർ
ചെന്നാരൊരോരേഴുപേർഭീമനവർകളെ
യൊന്നിച്ചുകൂട്ടിയുരുട്ടിച്ചമച്ചിതു
പിന്നെപ്പിരിഞ്ഞുപോകാവ്വാനൊരിക്കലും
മുന്നമറിഞ്ഞുപറഞ്ഞുവിദൂരരെ-
ന്നന്നേരമോർത്താൻദുരിയോധനൻതാനും
കണ്ണുനീർവാർത്തുടൻശോകിച്ചിതുതുലോം
കർണ്ണനുംമറ്റൊരുതേരേറിവന്നിതു
മുന്നമീവണ്ണമകപ്പെട്ടതില്ലെന്നു
സന്നാഹമുൾക്കൊണ്ടുസൂര്യതനയനും
അർണ്ണവംപോലെയലറിയടുക്കുമ്പോൾ
കണ്ണുംചുവത്തിയണഞ്ഞുവൃകോദരൻ
എണ്ണമില്ലാതൊരുബാണങ്ങളെയ്തെയ്തു
കർണ്ണനുടെയുടൽകീറിനാനേറ്റവും
അംഗംതളർന്നിരിക്കുന്നസുയോധന-
നംഗേശനെക്കൊലചെയ്യുമേമാരുതി
ചൊല്ലുവിനാശുപടയുമായെന്നതു
ചൊല്ലിനാൻതമ്പിമാരോടുസുയോധനൻ
നന്നായ്ത്തുണച്ചാരവർകളുംകർണ്ണനും
നന്നായികണ്ടതടുത്തന്നുഭീമനും
കൊന്നാനൊരേഴിനെപ്പിന്നെയുമന്നേരം
കർണ്ണനവനൊരുകോപംപരവതി-
ന്നിന്നുപണിനമുക്കെന്നതുനിർണ്ണയം
ഭീമനോടേറ്റമണഞ്ഞുസൂര്യാത്മജൻ
പേമഴപോലശരങ്ങൾതൂകീടിനാൻ

വില്ലുംമുറിച്ചുതേരുംകളഞ്ഞാനവൻ
നല്ലനാംമാരുതിഭൂമിയിൽച്ചാടിനാൻ
വാളുംപരിചയുംകൈക്കൊണ്ടടുത്തപ്പോൾ
ബാണങ്ങളെയ്തുപൊളിച്ചാൻപരിചയും
വാളുകൊണ്ടൊന്നെറിഞ്ഞീടിനാൻഭീമനും
കോളുകഴിവുണ്ടതിനെന്നുകർണ്ണനും
കൂററമഴയേററുപോകുന്നവണ്ണമേ
കാററിന്മകൻശരമാരിയുമേററു
വട്ടമിട്ടാനൊന്നതുകണ്ടവൻപട
പെട്ടെന്നടുത്തുശൂലംമുസലംഗദ
ശക്തികൾമുൾത്തടിവാളുംചുരികയും
ചക്രംപരശുവജ്രങ്ങൾകുന്തങ്ങളും
ശസ്ത്രങ്ങളുംവരിഷിച്ചിതുകർണ്ണനേ
മിത്രാത്മജനെയ്തവറെറയുംഖണ്ഡിച്ചാൻ
ബദ്ധകോപത്തോടുചൊല്ലിനാനിങ്ങനെ
ബദ്ധനായിപ്പോലാചിത്തട്ടേയന്നി
ഓക്കെക്കേടോകർണ്ണനെന്നെന്നെവൃകോദര!
നോക്കബകനല്ലകിമ്മീരനല്ലഞാൻ
പാക്കഹിഡിംബനുംമാഗധനുമല്ല
ഊക്കനിനക്കുണ്ടുപാരമെന്നാകിലും
പോക്കകരുതിവരാസ്ഥിയെനാടു
പക്ഷേവനത്തിനുപൊയ്ക്കോൾകനല്ലതു
ഭക്ഷനമുള്ളടമെങ്കിലുമാമെടോ
വല്ലാതെനിന്നുമറിഞ്ഞുനോക്കായ്കനീ
കൊല്ലുന്നതില്ലഞാനെന്നുമേനിർണ്ണയം
മണ്ടിക്കിഴയ്ക്കയുംവേണ്ടാകിരീടിയും

കൊണ്ടൽനേർവർണ്ണനുമെങ്ങിതവരൊടെ
പിന്നിലൊളിച്ചുകൊൾകെന്നുചൊല്ലുംവിധൌ
മുന്നിലാമ്മാറുവന്നീടിനാൻപാർത്ഥനും
എന്തെടോനില്ലുനില്ലെന്നുപറയുന്ന-
തെന്തുഞാൻകൂടെയറിയരുതെന്നുണ്ടോ
പോക്കളെംപുക്കരഹസ്യംപറവതി
നാക്കേതാനുംതിരിപോരിനാമെങ്കിലോ
എന്തിനിവിടെക്കവില്ലുമായ്വന്നിതു
ചന്തമുണ്ടെന്നതുകാട്ടുവാനോഭവാൻ?
ഇത്ഥംപറയുന്നവൃത്രാരിപുത്രനും
മിത്രതനയനുംതമ്മിൽപൊരുതുപോ-
രെത്രയുംഘോരമായെന്നുപറയാവീ-
തെത്രയുംപാരമടുത്തുധനഞ്ജയൻ
അർദ്ധചന്ദ്രപ്രഭമായശരങ്ങളെ-
ത്തരുതൽവരുത്തിയോടിച്ചാനതുനേരം
കാൽകൈതുടതോൾഗളതലമെന്നിവ
വേഗേനഖണ്ഡിച്ചുഖണ്ഡിച്ചുഖണ്ഡിച്ചു
ആളാനവാജികളെക്കൊലചെയ്തുചെ-
ത്താലോലകല്ലോലകോലാഹലംപോലെ
കോലാഹലത്തോടടുക്കുന്നസാത്യകി
ചാലെവരുന്നതുകണ്ടുകോപത്തോടും
ശൂരതപൂണ്ടോരുകാലാരിയെപ്പോലെ
ഭൂരിശ്രവാവാട്ടത്താനതിവിദ്രുതം
കൊന്നൊഴിഞ്ഞങ്ങുമയയ്ക്കുന്നതില്ലിനി
നിന്നെഞാനെന്നാശുരന്നവനാകിയ

ഭൂരിശ്രവാവന്നെത്തസ്ത്രൗഘനേർത്തു
പൂരിച്ചിതമ്പുകൊണ്ടാകാശമാർഗ്ഗവും
വൃത്രനുമിന്ദ്രനുമേററപോലെയൊരു
യുദ്ധംഭയങ്കരമായ്‌വന്നിതന്നേരം
ശംഖപടഹാദിവാദ്യങ്ങൾഘോഷിച്ചു
ശങ്കവെടിഞ്ഞുനാലഞ്ചാറുനാഴിക
രണ്ടുമലമേൽമഴപൊഴിയുംവണ്ണം
കണ്ടുകൂടാതവണ്ണംപൊരുതീടിനാർ
വില്ലുംപൊട്ടിച്ചുതേരുംകളഞ്ഞിതു
ശല്യതരമുടനന്യോന്യമന്നേരം
ഖഡ്ഗചർമ്മങ്ങൾകൈക്കൊണ്ടങ്ങിരുവരും
പക്ഷികളെപ്പോലെപുഷ്കരേപൊങ്ങിനാർ
കണ്ടവർക്കാനന്ദമാമ്മാറിരുവരു
മുണ്ടായസംഗരമെത്രമനോഹരം
പെട്ടെന്നുവാൾമുറിച്ചീടിനാൻസാത്യകി
മുഷ്ടിയുദ്ധത്തിനെത്തിപ്പിടിച്ചീടിനാൻ
മുഷ്ടിചുരുട്ടിത്തെരുതെരെക്കുത്തിയും
കെട്ടിയുംകാലുംകരങ്ങളുംതങ്ങളിൽ
നിഷ്ഠുരമാമ്പടിമുട്ടിയുംമുട്ടുകൊ-
ണ്ടിട്ടുതലയ്ക്കുതലകൊണ്ടിടിക്കയും
ഏററുമയച്ചുമടിച്ചുമിടിച്ചുമ-
ങ്ങൂററംപിടിച്ചുംകടിച്ചുംപൊടിച്ചുമാ
മാററലരന്തകന്മാരായ്മരുവിന
കൂററന്മാർതങ്ങളിലേററുപൊരുമന്നേരം
ഊക്കുള്ളഭൂരിശ്രവാവിൻചവിട്ടുകൊ-

ണ്ടാക്കംകുറഞ്ഞുവീണീടിനാൻസാത്യകി
ചെന്നുതലമുടിചുററിപ്പിടിച്ചിതു
മന്നനിടത്തുകരംകൊണ്ടുമാററത്തിൽ
വാളുമെടുത്തുടൻതൂക്കിപ്പിടിച്ചിട്ടു
മേളംകലർന്നുഗളഭുവിവെട്ടുവാൻ
ഓങ്ങിയനേരത്തുകൃഷ്ണൻതിരുവടി
ശാർങ്ഗവരായുധൻനാരായണൻപരൻ
സംഭ്രമത്തോടരുൾചെയ്തിതുപാർത്ഥനോ_
ടുമ്പർകോൻനന്ദനവീര!വിജയ!നീ
സാത്യകിയെക്കൊലചെയ്യുന്നതുകാണ്ക
പാർത്ഥിവനാകിയഭൂരിശ്രവാവെട്ടോ
പെട്ടെന്നുനോക്കിയതുകണ്ടുഫൽഗുനൻ
മുട്ടിനുനേരമുറിച്ചാനൊരമ്പിനാൽ
വാളുംകരവുമായ്‌വീണിതകലവേ
വാളെടുത്താനതുതന്നെശിനിസുതൻ
ഭൂരിശ്രവാവിൻതലയറുത്തീടിനാൻ
പൂരിച്ചകോപമിയന്നാശുസാത്യകി
മാധവൻതന്നെയുംപാർത്ഥനെയുംനന്നാ_
യാദരവോടുപുകഴ്ത്തിനാർകണ്ടവർ
പിന്നെയൊരുതേരിലേറിനാൻസാത്യകി
വന്നടുത്താനതുനേരത്തുകർണ്ണനും
തങ്ങളിൽതന്നെശരവരിഷംചെയ്താ_
രിങ്ങിനെയില്ലൊരുയുദ്ധമതുപോലെ
പാർത്ഥനുംഭീമനുംസാത്യകിവീരനും
മൂർത്തികൾമൂവരുമെന്നപോലേരുഷാ

ക്രുത്തശരങ്ങളുംതൂകിയട്ടത്തപ്പോൾ
ആർത്തരായർത്തുലോംധാർത്തരാഷ്ട്രാദികൾ
വൃദ്ധക്ഷത്രാത്മജനായജയദ്രഥൻ
മൃത്യുതടുപ്പാനൊരുമിച്ചുകർണ്ണനും
ദ്രോണരുംപുത്രനുംഭോജൻശകുനിയും
മാനിയായുള്ളകൃപർദുര്യോധനൻ
പിന്നെയുംമററുള്ളതേരാളികളൊക്കെ-
നിന്നാർപൊരുതൊരുകാണിപഴുതാതെ
പിന്നിൽജയദ്രഥൻതന്നെയുമാക്കിനാർ
സന്നദ്ധരായാർമരിപ്പതിന്നേവരും
ഇക്കണ്ടനാമിവരോടുപോർചെയ്തുചെ-
യ്തൊക്കെയൊടുങ്ങിയൊഴിഞ്ഞിവനെക്കൊൽവാൻ
എന്നുമയയ്ക്കയില്ലെന്നുതമ്മിൽപറ-
ഞ്ഞൊന്നിച്ചിളക്കംകളഞ്ഞുനിന്നീടിനാർ
വാരണവാജിരഥചരണധ്വനി
ഘോരപടഹാദിവീരവാദ്യധ്വനി
ചാരണകിന്നരകിമ്പുരുഷധ്വനി
കാരണപൂരുഷപാഞ്ചജന്യധ്വനി
സാരമിയന്നചെറുഞാണൊലിധ്വനി
നാരദവീണാരവാഭിരാമധ്വനി
എന്നിവകൊണ്ടുമുഴങ്ങിജഗത്ത്രയം
നന്നുനന്നെന്നുപുകഴ്ന്നിതുനാരദൻ
ഘോരമായുണ്ടായസംഗരംകണ്ടാശു
ദാരുകനുംതേരിലേറിവന്നീടിനാൻ
വിണ്ണവർനാഥനാംനാരായണനെയും

വിണ്ണവർകോൻമകൻതന്നെയുമന്നേരം
വിണ്ണവർപുഷ്പവരിഷവും പെയ്തിതു
വിണ്ണിലെ നാരിമാരും വിളങ്ങീടിനാർ
നീങ്ങുകയില്ല പടയെന്നു കണ്ടഥ
ശാർങ്ഗവരായുധനാകിയ മാധവൻ
ഉഗ്രമായുള്ള ദിവാകരബിംബവും
ചക്രമെടുത്തു പിടിച്ചു മറച്ചിതു
ശക്രാത്മജനുടെ സത്യത്തെ രക്ഷിപ്പാൻ
വിക്രമശാലിയാം വിശ്വൈകനായകൻ
അസ്തമിച്ചീടിനാനാദിത്യദേവനെ-
ന്നുൾത്തളിരിങ്കൽ നിനച്ചിതെല്ലാവരും
സൈന്ധവൻ തന്നെ രക്ഷിച്ചു കഴിഞ്ഞിതു
കൌന്തേയസത്യവും മിഥ്യയായ്വന്നതേ
വഹ്നിയിൽ വീണു മരിക്കുമാറായിതു
വിണ്ണവർകോൻമകനില്ലൊരു സംശയം
ശേഷിച്ചരികൾക്കു വാഴുമാറായിതു
വാഴുമാറായിതു ധർമ്മജൻ കാനനം
ഇത്ഥം പറഞ്ഞു കളിച്ചു പുളച്ചിതി
മത്തരായ്നിന്നിതു കൌരവവീരരും
അപ്പോൾ ജയദ്രഥൻ തന്റെ തലയതും
ശില്പമായുണ്ടു മുകുന്ദൻ തിരുവടി
കാട്ടിക്കൊടുത്തിതു പാർത്ഥനു വൈകാതെ
വാട്ടം വരാതൊരു ബാണം പ്രയോഗിച്ചു
കണ്ഠം മുറിച്ചതു കണ്ടു സസംഭ്രമം
കൊണ്ടൽവർണ്ണനും പാർത്ഥനോടോതിനാൻ

ഊഴിയിൽവീഴൊല്ലാസൈന്ധവൻതൻതല
വീഴ്കിലുണ്ടുവിഷമമറികെടോ
ജിഷ്ണുവവൻതലമേലെത്തുടനുടൻ
വിഷ്ണുപദത്തിങ്കലാക്കിട്ടുമോദിച്ചാൻ
മല്ലനിഷൂദന!മല്ലവിലോചന!
ചൊല്ലെല്ലവിടെക്കൊണ്ടയാക്കേണമിത്തല
ചൊല്ലിനാനപ്പോളവനോടുകൃഷ്ണനും
ചൊല്ലിയതൊരുവൃദ്ധക്ഷത്രനാകിയ
കല്യാണശീലൻജയദ്രഥൻതൻപിതാ
ചൊല്ലിനാനെന്റെമകന്റെതലയരു-
ത്തൂഴിയിൽവീഴ്ത്തുന്നവർകളുടെതല
യേഴുനുറുങ്ങിമരിക്കുന്നതിന്നിനി
അന്തരമില്ലതിനെന്നാൻവിരവോടു
സന്ധ്യയെന്നോർത്തവനപ്പാൻജലംകോരി
മന്ത്രവുംചൊല്ലിനില്ക്കുന്നിതിപ്പോഴുടൻ
ഊക്കുന്നതിൻമുമ്പതൽകരംതന്നില-
ങ്ങാക്കേണമിത്തലയെന്നിതുകൃഷ്ണനും
ഊപ്പതിനായ്ക്കൊണ്ടുകോരിയനീരതിൽ
ചാപ്പോടുവീണിതുപുത്രനുടെതല
പെട്ടെന്നുമുണ്ഡവുംനിരുമത്തുപൊഴ
തിട്ടുംകളഞ്ഞുവൃദ്ധക്ഷത്രനുംചത്താൻ
യുദ്ധജയിച്ചുവൃദ്ധക്ഷത്രപുത്രനെ
വൃത്രാരിപുത്രനുംസത്യത്തെരക്ഷിച്ചാൻ
ചക്രവുമിങ്ങടക്കിടിനാൻമാധവൻ
അർക്കനുംനന്നായ്ത്തെളിഞ്ഞുവിളങ്ങിനാൻ

സത്യസ്വരൂപനാമീശ്വരൻതന്നുടെ
ചിത്തകാരുണ്യമുണ്ടാകിലസാരനും
ചിത്തേനിനച്ചതുസാധിക്കുമല്ലാഞ്ഞി-
ലർത്ഥപുരുഷകാരാദിയുംനിഷ്ഫലം
ചിത്തകാരുണ്യമുണ്ടാകേണമെങ്കിലോ
ഭക്തിയൊഴിഞ്ഞുമറ്റൊന്നുവേണ്ടാതാനും
ഭക്തനാംമർത്ത്യനശക്തനെന്നാകിലും
നിർദ്ധനനാകിലും നീചനെന്നാകിലും
ഉത്തമന്മാരിൽവച്ചുത്തമനായ്വന്നു
ഭുക്തിയുംമുക്തിയുംസാധിക്കുമേവനും
ബുദ്ധികുറഞ്ഞൊന്നുശുദ്ധിചേർന്നുണ്ടെങ്കിൽ
ശുദ്ധവിലോചനനെബ് ഭജിച്ചീടുവിൻ
ദീർഘമായ്വീർത്തുവിഷാദിച്ചുകൌരവർ
പോർക്കളംതന്നിൽനിന്നൊട്ടുഴന്നീടിനാർ
വെല്ലുവാൻവേലനമുക്കരിപുക്കളെ
നല്ലമൊഴിയവർക്കുണ്ടെന്നുനിർണ്ണയം
ചൊല്ലാഞ്ഞജാള്യമിതെന്നുകുരുസുതൻ
നില്ലെന്നടുത്തുകൃപരുമായന്നേരം
അൻപുള്ളശിഷ്യനാമമ്പർകോൻപുത്രന്റെ
യമ്പുകൾകൊണ്ടുതളർന്നുകൃപരുടൻ
മോഹിച്ചുതേരിൽവീണുകൃപാചാര്യനും
ഹാഹാഗുരുവധംചെയ്യേനിതെന്നതി
സ്നേഹപരവശനായിതുപാർത്ഥനും
മോഹമാത്രമരിച്ചീലെന്നുകൃഷ്ണനും
ആഹവചാതുര്യമുള്ളജലധര

വാഹനപുത്രനെക്കൊല്ലുവാനായതി
സാഹസംപൂണ്ടട്ടഃത്താരുമഹാരഥ
രാഹന്തഹാഹാനിനാദേനവാങ്ങിനാർ
ആചാര്യപുത്രനുമാശ്ശുജയിപ്പതി
നാശയുണ്ടായത്തുംപോയോരനന്തരം
വാങ്ങിസുഃയോധനസൈന്യവുംദുഃഖിച്ചു
ശാൎങ്ഗപരായണർതാനുംവിജയനും
ഒന്നിച്ചുകൈകനിലപുക്കാർധനഞ്ജയൻ
വന്ദിച്ചിതുനൃപൻതന്നെയുമാദരാൽ
നനുജയദ്രഥൻതന്നെവധിച്ചതു
മന്നവ!ഫൽഗുനനെന്നിതുകൃഷ്ണനും
മന്ദസ്മിതംചെയ്തുഃകോൾമയിർകൊണ്ടൊരാ-
നന്ദബാഷ്പം വാർത്തുവന്ദിച്ചുചൊല്ലിനാൻ
നിത്യൻമുകുന്ദനനാദിമുരാരിയെൻ
ചിത്തേവിളങ്ങുന്ന നാരായണൻപരൻ
കൃഷ്ണൻകരുണാകരൻകമലാവരൻ
വൃഷ്ണികുലാധിപൻവിശ്വൈകനായകൻ
വിഷ്ണുവിമലൻവിരിഞ്ചാദിവന്ദിതൻ
ജിഷ്ണുമുഖാമരവന്ദിതൻമാധവൻ
ചിൽപുമാൻഭക്തപ്രിയൻപരമേശ്വരൻ
നിത്യമിനിക്കതുണയാകമൂലമെ-
ന്നത്തലൊഴിഞ്ഞുജയംവരുന്നൂസദാ
ആക്രമോത്താലറിയാവതല്ലാതവ
നാകമേറുംനൃപനോടരുളിച്ചെയ്തു
മന്നവനിന്നുടെകോപംമുഴക്കയാൽ

വന്നീടുമല്ലോ വിജയം വിജയനാൽ
ധാർത്തരാഷ്ട്രന്മാർക്കു ക്ഷയം പ്രാപിക്കും
ധാത്രീപതേ! പുനരില്ലൊരു സംശയം

രാത്രിയുദ്ധവും ഘടോല്ക്കചന്റെ മരണവും

ഇത്ഥം പറഞ്ഞു പറഞ്ഞവർ മേവിനാർ
ചിത്തമുഴന്ന സുയോധനൻ താനും
ദ്രോണരോടുടനെപ്പരുഷം പറഞ്ഞിതു
ക്ഷീണതയോടതു കേട്ടിതാചാര്യനും
എന്നെപ്പരുഷം പറയുന്നതെന്തിനു
തന്നാലൊരുവന്നുമാവതു ചെയ്യുന്നു ഞാൻ
ഓർക്കനീയും നരനാരായണന്മാരെ
യാർക്കു ജയിക്കരുതെന്നറിയേണമേ
പാർക്കുന്നതല്ല പുലരുവാനൊന്നിനി
പോർക്കെന്നതിശീഘ്രമുഗ്രവീരനും
രാത്രിയിലൊത്തു തുടങ്ങിക്കണ്ടോരു
പാതകരാമിക്കുലം പുറപ്പെട്ടു പാരിനായ്
ഭീമനാദത്തോടു തത്താലിതാരെ
ഭീമൻ തെരുതെരെ ചെന്നൊന്നൊട്ടുകീടിനാൻ
ആത്തരോഷമൊത്താചാര്യനുമത്രയും
ഭീതികലർന്ന സുയോധനൻ സൈന്യവും
സോമദത്തൻ മഹീപാലൻ ഹാരധരൻ
പോർമദത്തോടു ശരവർഷം ചെയ്താൻ
എന്നോടിതെല്ലാം കണക്കല്ല നില്ലുനി-
ല്ലെന്നോടുരത്തീടിനാൻ സാത്യകിവീരനും

ചെന്നാന്യൂനകമക്ഷൗഹിണിസേനയോ-
ടുന്നതന്നായഘടോല്ക്കചനന്നേരം
വന്നോരസുരപ്പടയുംഘടോല്ക്കചൻ
തന്നുടെബാണപ്രയോഗവുംകണ്ടിട്ടു
നന്നായടുത്തിതശ്വത്ഥാമാദൈത്യരെ
കൊന്നൊടുക്കീടിനാൻ ബാണഗണങ്ങളാൽ
രാമനുംരാവണൻതാനുംപോരുംവണ്ണം
ഭീമനാംദ്രൗണിയുംഭീമതനയനും
ഘോരഘോരശരമാരിചൊരിഞ്ഞപോ-
താരവാരങ്ങളുംസിംഹനാദങ്ങളും
ഭൈരവാകാരമായ്വന്നിതുയുദ്ധവും
പാരംതളൎന്നുഘടോല്ക്കചവീരനും
തോറെറാഴിച്ചാനതുകണ്ടടുത്തീടിനാൻ
കാററിൻമകൻപോരിൽക്കുററനെപ്പോലെയ-
ണ്ണാററലർക്കൂട്ടത്തിലൂടെക്കൊട്ടുപുക്കുടൻ
മാററിമറുതലനിന്നലറീടിനാൻ
നൂററുവർമൂത്തവനായസുയോധന
നാററരുതാതദുഃഖംപൂണ്ടുതന്നേരം
കണ്ണുനീരോലോലമാലിയന്നാകുലാൽ
കണ്ണനോടല്ലൽതീൎക്കെന്നുചൊല്ലീടിനാൻ
നിൎണ്ണയംപാണ്ഡവന്മാരെമുടിപ്പനെ-
ന്നൎണ്ണവംപോലെയലറിനാൻകൎണ്ണനും
എന്നതുകേട്ടുരചെയ്തുകൃപാചാൎയ്യ-
നെന്നോവിഷാദമേനന്നിതെടോസഖേ
എന്നുംകേൎക്ക്യന്നപട്ടികടിക്കയി-

ല്ലെന്നുനീകേട്ടിട്ടുമില്ലേ? സുയോധന!
കൊല്ലുക പാണ്ഡവന്മാരെയെന്നുള്ളതു
ചൊല്ലുകയെന്നിമററൊന്നില്ലകണ്ണനാൽ
കൊല്ലുന്നതുണ്ടെങ്കിലിന്നുഞാനെന്തിനു
ചൊല്ലുന്നതുത്തരമെന്നിതുകണ്ണനും
കൊല്ലുന്നതുണ്ടെന്നൊഴിഞ്ഞുനീയോ പണ്ടു
ചൊല്ലുമാറില്ലയല്ലോ നൃപനോടെടോ
ചെല്ലുകയില്ലകിരീടിതന്മുന്നിൽനി
ചെല്ലുകിൽനിന്നു പോരുകയുമില്ലല്ലോ
നിന്നു പോരുതാകിലന്നവൻനിന്നെയും
കൊന്നൊടുക്കീടുമതിനില്ലസംശയം
ഏററനാളൊക്കവേ ഫൽഗ്ഗുനൻതന്നോടു
തോററൊഴിഞ്ഞുഞാൻ കണ്ടീലെടോനിന്നെ
പാണ്ഡവന്മാരുടെശൌര്യങ്ങളല്ലയോ
താണ്ഡവംചെയ്യുന്നതുംഭുവനങ്ങളിൽ
സത്യയമനിയമാർജ്ജവസന്തോഷ-
ഭക്തിശമദമദാനതപോബല
ശക്തികളുള്ളവർപാണ്ഡവന്മാരത്രേ
ശക്തനെന്നുള്ളനിനവേനിനക്കുള്ളു
കൃഷ്ണാവിവാഹവുംഖാണ്ഡവദാഹവും
വൃഷ്ണികൾതമ്മെജയിച്ചപ്രകാരവും
ഉത്തരദിക്കുജയിച്ചതുംവേഗത്തിൽ
മൃത്യുഞ്ജയൻതന്നോടസ്ത്രംപറിച്ചതും
യുദ്ധനിവാതകവചവധാദിയും
ചിത്രരഥവിജയാദിയുമോർക്കനീ

ഗോഗ്രഹണാദിയുംകൊണ്ടാണ്ടുകണ്ടീലേ?
ആഗ്രഹംനീപറയുന്നതെടോകണ്ണ!
നാവരിഞ്ഞീടുവനിത്തരമെന്നോടു
പേപറഞ്ഞീടുകിലെന്നിതുകണ്ണനും
മാതുലൻതന്നെപ്പറഞ്ഞതുകേൾക്കയാൽ
ക്രോധംമുഴുത്തെഴുന്നേററിതശ്വത്ഥാമാ
കശ്മലനാകിയനിന്നെയിപ്പോൾത്തന്നെ
കുത്തിനുറുക്കുവനെന്നുഗുരുസുതൻ
അന്തകനെപ്പോലെവേഗാലടുത്തപോ-
തന്തരാപുക്കാൻദുരിയോധനൻതാനും
കണ്ടവർചെന്നുചാതിക്കാരവുംപിടി-
ച്ചുണ്ടായഘോഷംപറയാവതല്ലേതും
കണ്ടുപൊറുക്കാമോധിക്കാരമെന്നതു
മുണ്ടാംകഴിവുചാതിക്കാരമെന്നതും
പണ്ടുംദുരുക്തിചതിക്കാരർനിങ്ങളും
കണ്ടുകൊണ്ടാലുമതിക്കാലമെങ്കിലോ
കണ്ടിരിക്കുന്നുചതിക്കാരർനിങ്ങളും
കണ്ടിരിക്കുന്നിതതിക്കാലമെങ്ങളും
നീയല്ലേപാഞ്ഞതുനീയല്ലേപാഞ്ഞതു
നീയടങ്ങീടങ്ങുനീയടങ്ങീടങ്ങു
നീപടിയാതവൻനീപ്പിടിയാതവൻ
വീപറഞ്ഞാലെന്തുനീപറഞ്ഞാലെന്തു
നിങ്ങളെഞങ്ങളറിയുമടങ്ങുക
നിങ്ങളെഞങ്ങളുമങ്ങിനെയല്ലയോ?
എന്തുഞങ്ങൾക്കുകുറവൊന്നുകണ്ടതു

മെന്തുകുറവുഞങ്ങൾക്കൊന്നുകണ്ടത്തും
ഏങ്കിൽനടപ്പിൻപറയേണമോപല
വെങ്കിൽനടപ്പിനതകാത്തതെന്തിപ്പോൾ
ഞങ്ങൾപിട്ടിയാതപൊണ്ണന്മാരെത്രയും
നിങ്ങൾനടപ്പിൻമിട്ടുക്കുള്ളവരല്ലോ
നിങ്ങൾപറഞ്ഞിട്ടുചൊല്ലണമോഞങ്ങൾ
ഞങ്ങൾക്കെനിങ്ങൾകൂടാഞ്ഞാൽപണിത്തുലോം
ഇത്ഥംപലരുംപലവുംവിവാദിച്ചു
ചിത്തംകലങ്ങിച്ചമഞ്ഞിതെല്ലാവരും
കൂട്ടവുംകൂടികയെത്തുപെരുമ്പട
വാട്ടംകളഞ്ഞുനടന്നാരനന്തരം
ശൌര്യംനടിച്ചടുത്തീടിനാനാശുഗശൻ
വൈരംനടിച്ചങ്ങടുത്താൻകിരീടിയും
കൊള്ളിമിന്നുംവണ്ണംചെന്നുതെരുതെരു
കൊള്ളുന്നബാണങ്ങളേറവുപൊറായ്കയാൽ
പൊള്ളപറഞ്ഞദിവാകരനന്ദന-
നുള്ളുള്ളമൊട്ടുമുഴറിവാങ്ങീടിനാൻ
കണ്ണുസഖിദുരിയോധനനന്നേരം
ചെന്നുഗുരുസുതൻതന്നോടപേക്ഷിച്ചാൻ
നിത്തുകനമ്മുടെസൈന്യമെഴിയാതെ
വൃത്രാരിപുത്രനെക്കൊല്ലുകവൈകാതെ
ചൊറവുപൊറുത്താലുമെന്നുഗുരുസുതൻ
തെററന്നടുക്കുന്നതുകണ്ടനേരത്തു
പാഞ്ചാലവീരനടുത്തുപടയുമായ്
ചാഞ്ചാടിവീണുതുടങ്ങിരിപുക്കളും

നിദ്രയുംക്ഷുത്തുംതളൎച്ചയുംമോഹവും
ശസ്ത്രങ്ങൾകൊണ്ടുമുറിഞ്ഞുള്ളതാപവും
കൈക്കൊണ്ടൊഴിച്ചുതുടങ്ങിപെരുമ്പട
വെക്കന്നടുത്തിതുബാൽഹികനന്നേരം
ഉഗ്രനായുള്ളൊരുസാത്യകിവൈകാതെ
നിഗ്രഹിച്ചാൎത്തുനടന്നടുത്തീടിനാൻ
പന്തവുംകത്തിച്ചിതേററമുയരവേ
ചന്തമോടെല്ലാവരുംപടകണ്ടിതു
യോഗിപ്രതിയോഗിതമ്മിൽപിരിയാതെ
വേഗാലടുത്തിതുകൂടിപെരുമ്പട
പോരുംഭയങ്കരമായിച്ചമഞ്ഞിതു
പോരുംപറഞ്ഞതുശ്ശൂരതയേറിന
പേരുംപെരുപ്പവുമുള്ളോർമരിച്ചിതു
കൂരമ്പുമംബരദേശേവിതാനിച്ചു
ഭാസ്കരനന്ദനനാകിയകൎണ്ണനും
പോൎക്കൊരുമിച്ചുവന്നീടിനാൻപിന്നെയും
വൻപടചത്തൊഴിയുന്നതുകണ്ടപോ-
ത്തുമ്പർകോൻപുത്രനേവംപറഞ്ഞീടിനാൻ
ഏകാദശാക്ഷൗഹിണീബലമുള്ളതി
ലേകാദശംഗണിച്ചീടുന്നതാകിലോ
ഏഴുമൊടുക്കിയേനിപ്പകൽകൊണ്ടുഞാ-
നിഷലുണ്ടോനിശിശേഷമൊടുക്കുവാൻ
സൂൎയ്യസുതൻെറവരവുകണ്ടീലയോ
തേർതെളിച്ചീടുകതിന്നുനേരേപോവാൻ
ഞാൻപറഞ്ഞീടുവൻകൎണ്ണനോടേല്പതി-

നാംപൊഴുതോൎത്തിരിക്കുന്നിതു കേളെടോ
കാലമണഞ്ഞതില്ലിത്തിരിയുണ്ടിനി
കാലസ്വരൂപനല്ലോജഗദീശ്വരൻ
കാലബലമവലംബനമേവനും
കാലനെപ്പണ്ടുകാലാരിവധിച്ചതും
കാലബലാനവലോകനംകൊണ്ടല്ലോ
കാലാവലോകനംകാൎയ്യസാദ്ധ്യംസഖേ!
കൎമ്മക്ഷയകാലമെന്നിയേകൊല്ലുവാൻ
ചെമ്മേപാണിപരമേശ്വരനാകിലും
കൊന്നതുഞാൻമൃതനായതവനിതി
നന്നുതോന്നുന്നവാറെന്നേപറയാവൂ
സത്യസ്വരൂപൻസകലജഗന്മയൻ
സത്വരജസ്തമോഹീനൻസനാതനൻ
സത്വഗുണപ്രധാനാത്മകനവ്യയൻ
തത്വമായുള്ളൊരുവസ്തുപരമാത്മാ
നിത്യൻനിരാകുലൻനിൎമ്മമൻനിൎമ്മലൻ
നിത്യമനിത്യനിവാസൻനിരാമയൻ
നിൎഗ്ഗുണൻനിശ്ചലൻനിഷ്ക്രിയൻനിഷ്കളൻ
നിഷ്കളങ്കൻനിരാതങ്കനേകൻപരൻ
ആനന്ദപൂൎണ്ണനനന്തനനാദിമാ
നാനന്ദിനാമ്പരമാനന്ദകോമളൻ
ജ്ഞാനസ്വരൂപനമൃതമയനജൻ
മാനിയാമൎജ്ജുനനോടരുൾചെയ്തപ്പോൾ
നിൎജ്ജരേന്ദ്രാത്മജൻതന്നഭിമാനവും
ലജ്ജയാകുമ്പിട്ടിതാനനാംഭോജവും
ചെന്താമരാക്ഷനോടപ്പോളുണൎത്തിച്ചു

പംക്തികണ്ണോപമനായഘടോൽക്കചൻ
എന്തിനുപേടിയടിയൻജയിപ്പനൊ-
രന്തരമില്ലവിടവഴങ്ങിടുകിൽ
എങ്കിൽനീചെൽകെന്നയച്ചാരവർകളും
വൻകടൽപോലെയണഞ്ഞാനസുരനും
ചീററമോടേററുപൊരുതിതുകണ്ണനും
കാററിന്മകന്റെമകനോടത്തുനേരം
ചെങ്കതിരോന്മകനാകുലംപൂണ്ടൊരു
സങ്കടപ്പെട്ടതുകണ്ടുസുയോധനൻ
ഊക്കുള്ളരക്കരുംകൂടിനിൽക്കുന്നോരു
രാക്ഷസനാകുമലംബലൻതന്നൊടു
മാരുതിപുത്രനെക്കൊൽകെന്നുചൊല്ലിനാൻ
സൂര്യ്യസുതനുവലച്ചിൽതീർത്തീടുവാൻ
മായാവിശാരദനായൊരുരാക്ഷസ
നായോധനത്തിന്നടുത്തൊരുനേരത്തു
പായുന്നിതേററവും പാണ്ഡവസൈന്യവും
ഛായാപതിസുതനൊന്നുവീർത്തിടിനാൻ
മായാവികളോടടുത്തുഘടോൽക്കചൻ
മായമൊഴിഞ്ഞുപൊരുതൊടുക്കീടിനാൻ
മായാമയനാകുമായർകോനന്നേരം
വായുസുതാത്മജൻതന്നോടരുൾചെയ്തു
സംഗരത്തിങ്കൽവിദഗ്ദ്ധനായ്മേവിനോ-
രംഗേശനെക്കൊലചെയ്കവിരയേനീ
പിന്നെയാംകൊൽവാനലംബലൻതന്നെയെ-
ന്നംഭോജനേത്രനരുൾചെയ്തനന്തരം

അംഗാരലോചനതുല്യൻഘടോല്ക്കച-
നംഗേശനോടുമസുരവരനോടും
ഏത്തുംകുറയാതെനിന്നുപിണങ്ങിനാ-
നാതങ്കമുററുംകൊണ്ടുയന്നാനസുരശാൻ
അംബരംതാനവലംബമായ്നിന്നോര-
ലംബലൻറതലവെട്ടിയറുത്തുടൻ
അംബികാസൂനുതനയനുകാഴ്ചയാ
യമ്പോടുമുന്നിലിട്ടാത്താൻഘടോല്ക്കചൻ
അക്കതനയനുമപ്പോഴരക്കനോ
ടുഗ്രതയോടുബാണങ്ങളുംതൂകീടിനാൻ
കീറിമുറിഞ്ഞിതുദേഹവുമന്നേര
മേറിനാനംബരംമാരുതിനന്ദനൻ
കൂടവേചെന്നുതുണച്ചുവിജയനു
മാടുകാൽപെട്ടിതുഭാസ്കരപുത്രനും
പോരിലണഞ്ഞുഹിഡിംബ്യാത്മജൻതാനും
തേരുംതകത്തുപൊടിച്ചുടത്തന്നേരം
നേരവധിക്കുമിവനെന്നെയെന്നോത്തു
പാരംവലഞ്ഞൊരുഭാസ്കരനന്ദനൻ
വേലെടുത്താശുവേഗേനചാട്ടീടിനാൻ
നീലമഹാമലപോലെഘടോല്ക്കചൻ
ജീവനുംവേറിട്ടുഭൂമിയിൽവീണിതു
പാവനിതാനതിതാപവുംതേടിനാൻ
ദുഃഖവുംപൂണ്ടിതുധമ്മജനാദികൾ
പുഷ്കരനേത്രൻതെളിഞ്ഞരുളീടിനാൻ
അക്കതനയനുശക്തിപോയീമമ

ശക്രതനയനൊാക്ഷിപ്പതിന്നിനി
പാരംപണിയില്ലയെന്നുമുകന്ദനാം
കാരുണ്ണ്യവാരിധികല്പിച്ചിതന്നേരം
ഭൂപതിവൎഗ്ഗമുറക്കമിളക്കയും
കോപംമുഴുക്കയുംഖേദംപെരുകയും
സാദംഭവിക്കയുംമോദംക്ഷയിക്കയും
ബോധംമറക്കയുംപോരിന്നാട്ടുകയും
പോകാതവണ്ണംപരിഭവംവായ്ക്കയും
ചാകാതവർജ്ജള്ളന്മാരെന്നുരയ്ക്കയും
പിന്തിരിഞ്ഞെന്തിനുപോകുന്നതെങ്കിൽനാ
മന്തകൻവീടുപൂകേണമെന്നിങ്ങനെ
ചിന്തവെടിഞ്ഞടുത്തീടുന്നിതുപരി
പന്ഥികളുംതിരിപോരിന്നായെന്നുടൻ
കുന്തംഗദാസിപരശുപരിഘാദി
സന്തതംതൂകിനാരന്ധകാരാന്തരേ
ഉഗ്രശസ്ത്രങ്ങളുംക്രോധവുംമാനവും
കൈകൊണ്ടെടുത്തുമുഴുത്തോരിരുട്ടത്തു
തങ്ങളിൽതങ്ങളിലേതുമറിയാതെ
തിങ്ങിവിങ്ങുംപടതമ്മിലിടചേൎന്നു
കുത്തുകൊണ്ടുകുടൽമാലതുറിക്കയും
മത്തഗജങ്ങൾപിടഞ്ഞുകിടക്കയും
വെട്ടുകൊണ്ടറവുതുണ്ടിച്ചുപതിക്കയും
കൂട്ടമണ്ടുമ്പോൾമരിച്ചുപതിക്കയും
തൂകുന്നബാണഗണംകൊണ്ടുകൊണ്ടോരോ
കൈകാൽതലകൾമുറിഞ്ഞുതെറിക്കയും

ചക്രമെറിഞ്ഞുകഴുത്തുമുറിക്കയും
മുൽഗരംകൊണ്ടുഗാത്രങ്ങളമൎക്കയും
മുഷ്ക്കരമായഗദകൊണ്ടടിക്കയും
ഖഡ്ഗങ്ങളേറ്റുഖണ്ഡിച്ചുപതിക്കയും
രക്തംപലപലദിക്കിലൊലിക്കയും
നക്തഞ്ചരാദികളാൎത്തുവിളിക്കയും
വാനരരാക്ഷസന്മാർപൊരുംപോലെയും
ദാനവനിൎജ്ജരന്മാർപൊരുമ്പോലെയും
സംഹാരരുദ്രൻപ്രളയകാലത്തിങ്കൽ
സംഹരിച്ചീടുന്നതെന്നകണക്കെയും
ദാരുണമായിതുയുദ്ധമതുകണ്ടു
പോരാളിവീരൻധനഞ്ജയൻചൊല്ലിനാൻ
മാനമേറിടുന്നവീരരെല്ലാവരും
മാനിച്ചുഞാൻപറയുന്നതുകേൾക്കണം
നിദ്രാദികൊണ്ടുപലൎക്കുംവിഷമമു-
ണ്ടിത്ഥംമുഹൂൎത്തമുറങ്ങുകനാമിനി
അപ്പോളുദിക്കുമമൃതകിരണനും
പില്പാടുകാണാംജയവുമജയവും
യോഗിപ്രതിയോഗികളതുകേട്ടന്നു
രാഗവശാലവനാശിയുംചൊല്ലിനാർ
എല്ലാവരെയുംജയിക്കായ്വരികനീ
നല്ലനായ്വാഴ്കനേകംനാൾനരോത്തമ!
കുംഭികളോത്തമസ്കന്ധമമന്നവർ
കാളികുംഭസ്ഥലേവീണുറങ്ങീടിനാർ
സംഭോഗതാന്തരായംഭോജനേത്രമാർ

കുംഭസ്ഥനാന്തരെവീണുറങ്ങുംറണ്ണാം
പാരിൽനിന്നിട്ടുംപദാതികൾപാരിലും
തേരിൽമേവുംമഹാവീരന്മാർതേരിലും
അശ്വങ്ങൾതന്മേലിരുന്നോരവിടെയും
വിശ്വസിച്ചാനന്ദമുൾക്കൊണ്ടുറങ്ങിനാർ
കായികസാദവുംമാനസഖേദവും
പോയിതെല്ലാവനുംനിദ്രയാലന്നേരം
മന്ദമന്ദമുയർന്നീടിനാൻചന്ദ്രനും
ചന്ദ്രികയുംവന്നുപാരിൽപരന്നുതേ
നിർജ്ജരേന്ദ്രാത്മജനർജ്ജുനനുംഗ്ഗുണ
ഗർജ്ജനംചെയ്തുചൊല്ലീടിനാൻപിന്നെയും
ആരുമൊരുപദംപിന്നോക്കിവയ്ക്കാതെ
നേരേപൊരുവിനുറക്കവുംകൈവിട്ടു
മാനമോടേമരിച്ചീടുന്നതാകിലോ
വാനവർനാട്ടിൽസുഖിച്ചുവസിച്ചിടാം.
ശത്രുക്കളെക്കൊന്നൊടുക്കിനാംജീവിക്കിൽ
ഇത്രിലോകത്തിൽനിറഞ്ഞയശസ്സോടേ
മിത്രകളത്രാദികളോടൊരുമിച്ചു
പൃത്ഥ്വിയുംവാണുസുഖിച്ചുവസിച്ചിടാം
ഇത്ഥംപറകയുംബാണങ്ങൾതൂകയും
വൃത്രാരിപുത്രൻവിളയാട്ടുകണ്ടിട്ടു
ചിത്തംതെളിഞ്ഞുഗ്ഗുരുവട്ടത്തീടിനാൻ
അപ്പോളടുത്താൻവിരാടൻദ്രുപദനും
കെല്പോടുകൊന്നാൻഭരദ്വാജപുത്രനും
ചില്പുരുഷൻപുരുഷോത്തമൻചൊല്ലിനാ-

നാംപ്രമോദത്തോട്ടപാർത്ഥനോടന്നേരം
കണ്ണനെയുംഭരദ്വാജസുതനേയു
മിന്നുതന്നെകൊലചെയ്യണമജ്ജുനാ!
നമ്മുടെപൈതലെക്കൊന്നതുചിന്തിക്കിൽ
ചൊമ്മേജയദ്രഥനല്ലിവരായതും
ഏവംപലവുമരുൾചെയ്യുന്നേരത്തു
ദേവൻദിനകരൻസൂര്യ്യൻതിരുവടി
ചണ്ഡാംശുവേദസ്വരൂപൻവിഭാവസു
സ്വർണ്ണപിണ്ഡാഭകലൻസഹസ്രാംശു
തന്നെക്കിഴക്കത്തുട്ടുടകാണായി
മന്നവന്മാരുംതെളിഞ്ഞാരതുനേരം
ചൈനധിഷ്ടപന്മായുധാദിയോടുംതദാ
ന. സന്ധ്യാനമസ്കാരവുംചെയ്തിതെവരും
ആശുയുധിഷ്ഠിരശാസനയാലഥ
കേശവനർജ്ജുനൻതന്റെമഹാരഥം
ആശുഗതുല്യവേഗേനനടത്തിനാ
നാചാര്യനെവധിച്ചീടുവാനന്നേരം
ഹസ്ത്യശ്വപത്തിരഥാദിപെരുമ്പട
യെത്രയുണ്ടെന്നുമതിക്കരുതാർക്കുമേ
അംബുധിപോലെപരന്നിതുഭൂമിയു
മംബരദേശവുംഭാസ്കരൻതന്നുടെ
ബിംബവുംനന്നായ്മറഞ്ഞുചമഞ്ഞിതു
സംവിൽസ്വരൂപനവ്യക്തനജൻപരൻ
ആദിപരൻപുരുഷൻപരമേശനാ
മാദിമുകുന്ദനനന്തനനാകുലൻ

ശ്രീപതിഭൂപതിദേവൻജഗല്പതി
ഗോപതിധൎമ്മപതിഹരിസൽപതി
വൃഷ്ണിപതികരുണാനിധിശ്രീനിധി
കൃഷ്ണൻസതാമ്പതിസച്ചിന്മയൻഹരി
യജ്ഞപതിമതിസൽപതിമൽപതി
യജ്ഞവിദാംപതിയജ്ഞമയൻപരൻ
ശുദ്ധസ്ഥനവ്യയനായനാരായണൻ
കൂടസ്ഥനാഥാസ്യവൈഭവംകണ്ടിട്ടു
ശുദ്ധസ്മിതംചെയ്തിവണ്ണമരുൾചെയ്തു
കൂടലരന്തകനായഗുരുവിനെ
ദേവാസുരന്മാരൊരുമിച്ചെതിൎക്കിലു
മാവതല്ലാൎക്കുംജയിപ്പാനിനിയുടൻ
കൊൽവാനുപായംമകന്മരിച്ചാനെന്നു
ചൊൽവിൻപൊളിപറഞ്ഞാലെന്തുദൂഷണം
ജീവരക്ഷയ്ക്കസത്യംചൊൽകയെന്നതു
ദേവമുനീശ്വരന്മാൎക്കാമതമല്ലോ
എന്നതുകേട്ടതുചൊന്നാൻവൃകോദരൻ
നിന്നുഗുരുവരൻകോപിച്ചതുനേരം
ഇന്നേയൊട്ടുക്കുവൻപാണ്ഡവരെയെന്നു
തന്നെയുംകൂടെമറന്നട്ടത്തിടിനാൻ
മൂലബലാദികളോട്ടുംരഘുവരൻ
കോലാഹലത്തോടണഞ്ഞതുപോലെയ-
ത്താമുനിനന്ദനനായഗുരുവരൻ
മാമുനിശിഷ്യൻധനുൎവ്വേദപാരഗൻ
കണ്ണിലകപ്പെട്ടവൈരികളെയൊക്കെ-

കൊന്നൊടുക്കീടിനാനപ്പോളതുകണ്ടു
നിന്നവിശ്വാമിത്രനത്രിവസിഷ്ഠനും
പിന്നെയുമംഗിരസ്സാദികളാകിയ
ധന്യതപോധനർചൊല്ലിനാരാദരാൽ
സന്നാഹമിത്രവേണ്ടീലമഹാമതേ!
പോരുംപൊരുതതിനീയടങ്ങിടുക
പോരിലനേകംജനമൊടുങ്ങിടിനാർ
നല്ലതില്ലതുമഹിംസയ്ക്കുതുല്യമെ-
ന്നെല്ലാമുനികളുംചൊന്നതുകേട്ടവൻ
നല്ലൊരുതത്വമവരോടുചൊല്ലിനാൻ
ചൊല്ലുവാൻവേലതത്താല്പര്യമോക്കിലോ
ഈശ്വരേച്ഛാവശന്മാരായനാമെല്ലാ-
മീശ്വരൻതന്മതംചെയ്യുന്നതേവര്രു
ചെയ്തശുഭാശുഭകർമ്മാനുഭോഗവും
ചെയ്യേമതിയാവിതേവംനിണ്ണയം
മാരാരിപണ്ടുപുരമെരിചെയ്യതി-
നാത്രുദ്ധകോപമോടേയടുക്കുംവണ്ണം
പൊട്ടെന്നുവെട്ടുമിടിക്കുനേർവൈരികൾ
ഞെട്ടുമാറായ്‌ചെവുഞാണൊലിയിട്ടതി
നിഷ്ഠുരഭാവമോടേററമലറിയ
മ്മട്ടലർബാണാരിശിഷ്യശിഷ്യൻ ദ്രുതം
പാററലർക്കൂട്ടമൊടുക്കിത്തുടങ്ങിനാ
നററമില്ലാതോളംഭൂപതിവീരരും
മാറുംചതുരംഗമായുള്ളസൈന്യവും

മുറവുമരനാഴികയ്ക്കകമന്നേരം
ദ്രോണരൊട്ടുക്കിയതുകണ്ടവർകളും
പ്രാണനിലാശവെടിഞ്ഞുനിന്നിടിനാർ
ധൎമ്മത്തിനാധാരമായനാരായണൻ
കൎമ്മൈകസാക്ഷിജഗന്മയനീശ്വരൻ
സന്മയൻചിന്മയൻജന്മഹീനൻപരൻ
കല്മഷനാശനൻബ്രഹ്മാത്മകൻഹരി
നിൎമ്മമൻനിൎമ്മലൻജന്മമൃതിഹരൻ
സച്ചിന്മയൻസകലേശ്വരൻമാധവൻ
സമ്മതംപാണ്ഡവന്മാരോടുചൊല്ലിനാൻ
ധൎമ്മയുദ്ധേനജയിക്കരുതായ്കനെ
ധൎമ്മജൻതാനൊരസത്യംപറകിലേ
ചെമ്മേവധിച്ചുകൂട്ടുഗുരുവിരനെ
രോഹിതാശ്വപ്രഭൻരോഹിതാശ്വദ്വിജൻ
രോഹിതാശ്വാഃസ്രൂണ്ണസംഹരിക്കുംമുമ്പേ
വിശ്വരക്ഷാൎത്ഥമായാത്മരക്ഷാൎത്ഥമാ-
യശ്വത്ഥാമാഹതനെന്നൊന്നുചൊല്ലണം
മണ്ണുകൊണ്ടപ്പോളൊരുഗജംനിൎമ്മിച്ചു
മന്നവനശ്വത്ഥാമാവെന്നുപേരിട്ടാൻ
വിശ്വനാഥൻനിയോഗത്താലതുതക-
ത്തശ്വത്ഥാമാഹതനായതെന്നിങ്ങിനെ
ചൊല്ലിയുധിഷ്ഠിരനാചാൎയ്യനന്നേര
മല്ലലിൽവീണതുചൊല്ലാവതല്ലേതും
ഒല്ലാതപൊയ്പറയുംധൎമ്മപുത്രരെ-
ന്നുള്ളിലൊരുനേരമോൎത്തിലഞ്ഞോനയ്യോ

വില്ലിനിവെയ്ക്കുന്നതുംവരുംനിൎണ്ണയം
നല്ലഗതിയിനിക്കുണ്ടെന്നതുംവരും
കല്യാണദേവതാകാമുകനാകിയ
മല്ലാരിതന്മതംത്രൈലോക്യസമ്മതം
ദുഃഖംകലൎന്നുകൈയ്യുംതളൎന്നാകുലാൽ
നില്ക്കുംഗുരുവിനെനിഗ്രഹിച്ചീടുവാൻ
പെട്ടെന്നുവാളുമിളക്കിയടുത്തിതു
നിഷ്ഠുരനായധൃഷ്ടദ്യുമ്നനന്നേരം
ബാണങ്ങൾകൊണ്ടങ്ങടുത്തുകൂടാഞ്ഞയാൽ
പ്രാണഭയംകൊണ്ടുവാങ്ങിനാൻപിന്നെയും
ഇങ്ങനെപോന്നാനിരുപത്തൊരുതട
രങ്ങുപാറ്റപ്പാട്ടിലടുത്തിലൊരിക്കലും
എന്നുമിവനെയിനിവധിച്ചീടുവാ-
നെന്നടുത്താൻഗുരുവീരനുമന്നേരം
ധൃഷ്ട്യൽഗുണനാദവുംചെയ്തുശങ്കര
ശിഷ്യശിഷ്യപ്രിയശിഷ്യശിഷ്യൻതദാ
പിന്നാലുമങ്ങനുഃചെയ്തുമല്ലുക
സന്നാഹമോടുപോർചെയ്തോടുക്കീടിനാൻ
മാരുതിചൊന്നാൻഗുരുവിനോടന്നേരം
പോരുംപൊരുതിനിയെന്തൊരുകാരിയം
ഇല്ലമൊഴിഭവാനെങ്ങളെക്കൊല്ലുവാൻ
നല്ലമകൻമരിച്ചാനെന്നുകേട്ടീലേ
പൊല്ലുകയില്ലൊരുനാളുമേധൎമ്മജ-
നൊല്ലാതെപൊയ്യെന്നറികഗുരുവര!
ഉള്ളതെന്നോൎത്തുകലശോത്ഭവൻനിജ

വില്ലും വിരവോടു വെച്ചിരുന്നീടിനാൻ
കൊന്നതു ഞാനല്ല ചത്തതവനല്ല
നിർണ്ണയിക്കാമെന്നൊഴിഞ്ഞു മറ്റൊന്നില്ല
സന്ന്യസിച്ചു സമകർമ്മമെല്ലാമവ-
ച്ഛിന്നമാധുര്യവും പരബ്രഹ്മതേജസി
നന്ദിച്ചിവണ്ണം ഭരദ്വാജനന്ദനൻ
വന്ദിച്ചു തേർത്തട്ടിലാമ്മാറിരിക്കുമ്പോൾ
ചെന്നാനരികെ കൃപരുമംഗേശനും
മന്നവരായ ഗാന്ധാരീതനയരും
കുന്തീസുതന്മാരുമംഘ്രിദ്വയത്തിങ്കൽ
വന്ദിച്ചു നിന്നതു കണ്ടു ഗുരുവരൻ
നിങ്ങൾക്കു നല്ലതു മേന്മേൽ വരേണമേ!
നിങ്ങളിലൊന്നിൽ പൊരുന്നുക വേണ്ടതും
ആയുധം വെച്ചിതു ഞാനെന്നറിഞ്ഞാലു
മായുസ്സില്ലാത്തവരെല്ലാം മരിച്ചതും
ആരുമൊരുത്തരെക്കൊല്ലുമാറില്ലമ-
റ്റാരുമേ കൊല്ലുകയില്ലെന്നു തേറുവിൻ
ആത്മാവിനെപ്പരമാത്മാവിലാക്കിനാ-
നാത്മജ്ഞാനം കലർന്നോരു ഗുരുവരൻ
പ്രാണായാമം തുടങ്ങീടിനാനന്നേരം
പ്രാണിഹിംസാകർമ്മണാം പ്രായശ്ചിത്തമായ്
പ്രാണനിരോധവും ചെയ്തു ലോകത്തിനു
പ്രാണനാം നാരായണനെയും ധ്യാനിച്ചു
കാണായതെല്ലാം ഭഗവത്സ്വരൂപമാ-
യ്ക്കാണായനേരമാനന്ദനിമഗ്നനായ്
താനും ഭഗവാനുമൊന്നിച്ചിരിക്കുമ്പോൾ

ദ്രോണരെക്കൊൽവതിനുണ്ടായപാഞ്ചാലൻ
നിഷ്പൃനില്ലൊല്ലായിതെന്നതെല്ലാവരും
ചൊല്ലിവാവിട്ടുക്കൂടുന്നതിൻമുന്നമേ
കണ്ണുമടച്ചിരുന്നീടുമാചാൎയ്യനെ
തിണ്ണമണഞ്ഞുതലയറുത്തീടിനാൻ
മേല്പോട്ടുമിന്നൽപോലെപൊങ്ങിദേഹിയും
കീഴ്പോട്ടുദാരുപോലെവീണുദേഹവും
ഓടിനാർപേടിമുഴുത്തൊരുകൌരവർ
വാടിമുഖവുംവിജയാദികൾക്കെല്ലാം
ധൃഷ്ടനായ്മേവുന്നധൃഷ്ടദ്യുമ്നൻതന്നോ
ടൊട്ടുകോപിച്ചുപറഞ്ഞിതുസാത്യകി
ദുഷ്ടതയെത്രയുംകഷ്ടമേത്രതവ-
തുഷ്ടിവന്നീലിതുകണ്ടവൎക്കാൎക്കുമേ
ശിഷ്ടനായോരുപരമഗുരുവിനെ
നഷ്ടമാക്കീടുവാനാൎക്കതോന്നുംവൃഥാ
തങ്ങളിൽപേപറഞ്ഞോരൊട്ടുനേര
മങ്ങുകേട്ടാനിവിശേഷംഗുരുസുതൻ
കല്പാന്തവഹ്നിലോകംദഹിച്ചീടുവാ-
നൽഭുതനായുള്ളനുജ്ജ്വലിച്ചെത്രയും
കോപിച്ചലറിയടുക്കുന്നതുപോലെ
വേപിച്ചുവില്ലുംകുഴിഞ്ഞയക്കലച്ചതി
ശോഭിച്ചനാരായണാസ്ത്രംതൊടുത്തവൻ
ദീപിച്ചടുത്തതുകണ്ടോരുപാണ്ഡവർ
താപിച്ചുകന്നിതുഭീതിപൂണ്ടെത്രയും
ഗോപിച്ചുകൊണ്ടിതുഗോപികാകാന്തനും

കണ്ടുനിന്നോരുസുരാസുരർചൊല്ലിനാ
രുണ്ടാമിനിദ്ദുരിയോധനനുജയം
അസ്ത്രാഗ്നിയിൽശലഭോപമമായോരോ
പൃത്ഥ്വീപതികൾദഹിക്കുന്നതുനേരം
മുഗ്ദ്ധവിലോചനൻതാനരുളിച്ചെയ്തു
മുക്തശങ്കംവരുമസ്ത്രംവണങ്ങുവിൻ
വീണുനമസ്കരിച്ചീടുവിനേവരും
ദ്രോണജനോടുമററാവതില്ലാർക്കുമേ
ആദിജഗൽഗുരുവായനാരായണൻ
ആധിപോവാനരുൾചെയ്തതുകേട്ടോരു
മേദിനിശന്മാർനമസ്കരിച്ചീടിനാ-
രാദരവോടടങ്ങീതുലോമസ്ത്രവും
ആരുംനമസ്കരിച്ചീടായ്കമന്നരേ
പാരമഭിമാനഹാനിയുണ്ടാമതിൽ
പോരിനുനേരേഗ്ഗുരുസുതൻതന്നോടു
പോരുവിനെന്നോടുക്കൂടെമടിയാതെ
ശൂരരായുള്ളരിവീരരെവെല്ലുകിൽ
പാരിൽപരന്നോരുകീർത്തിയുണ്ടായ്വരും
പോരിൽമരിക്കിൽപരഗതിസാധിക്കു
മാരുംമരിക്കാതിരിക്കയില്ലൂഴിയിൽ
ശത്രുപ്രയുക്തമാമസ്ത്രശസ്ത്രങ്ങളിൽ
ചിത്തഭയംപൂണ്ടൊളിച്ചുമണ്ടീടുകിൽ
പൃത്ഥ്വിയിലാശുദുഷ്കീർത്തിയുണ്ടായ്വരും
മൃത്യുവന്നാൽനരകാപ്തിയുംനിശ്ചയം
മുഗ്ദ്ധാക്ഷിമാരുംപരിഹസിച്ചീടുമേ-

മിത്രവർഗ്ഗങ്ങളുംനിന്ദിക്കുമെത്രയും
ഫല്ഗുനൻപറഞ്ഞതണഞ്ഞിടുന്നമാരുതി
തന്നോടുനേരിട്ടിതശപഥമാവുതാൻ
ഭീമനെക്കൊല്ലുമവനെന്നഭീതിയാൽ
ശ്യാമളകോമളനായനാരായണൻ
അസ്ത്രംനമസ്കരിക്കെന്നരുൾചെയ്തിതു
വൃത്രാരിപുത്രനുംചൊല്ലിനാനങ്ങനെ
മാനിയാംമാരുതികൃഷ്ണപാർത്ഥോക്തികൾ
മാനിയാതേരണത്തിന്നുകോപ്പിട്ടപ്പോൾ
മാരുതിതന്നെപ്പിടിച്ചുപതിപ്പിച്ചു
പാരിൽനമസ്കരിപ്പിച്ചിതുപാർത്ഥനും
വന്ദിച്ചിതന്നേരംവായുതനയനും
വന്ദിച്ചിതന്നേരംനാരായണാസ്ത്രവും
അപ്പോഴതാഗ്നേയമസ്ത്രംഗുരുസുതൻ
കെല്പോടയച്ചാനതിന്നാശുപാണ്ഡവൻ
വാരുണാസ്ത്രംകൊണ്ടതിനെത്തടുത്തിതു
ധീരൻഗുരുസുതൻപോരിന്നുകോപ്പിട്ടാൻ
ദിവ്യാസ്ത്രജാലമന്യോന്യംപ്രയോഗിച്ചു
സവ്യസാചിക്കുവളർന്നിതുകോപവും
വേദാന്തവിത്തായവേദവ്യാസൻമുനി
വേദജ്ഞനോടറിയിച്ചുപുരാണവും
ഭൂഭാരനാശനാർത്ഥംപുരുഷോത്തമൻ
ഭൂപതിഭൂമിയിൽവന്നുപിറന്നിതു
ഭൂസുരസത്തമഭാരദ്വാജാത്മജ!
ഭൂസുരതാപസധർമ്മരക്ഷാർത്ഥമായ്

വാസുദേവന്മതംനേരേധരിയാതെ
വാസവനന്ദനനോടുകോപിക്കൊലാ
യജ്ഞസേനാത്മജനായ്പിറന്നുപുരാ-
യജ്ഞകുണ്ഡത്തിങ്കൽനിന്നുധൃഷ്ടദ്യുമ്നൻ
നിന്നുടെതാതമരണത്തിനെന്നാലും
മുന്നമേദൈവമതമെന്നറിയണം
തത്വാർത്ഥമായുള്ളവാക്യംബഹുവിധ-
മിത്തരംദ്വൈപായനനരുളിച്ചെയ്തു
വാങ്ങിച്ചുകൊണ്ടുപോയാനതുകണ്ടാശു
വാങ്ങിനാർപാണ്ഡവരുംപടക്കൂട്ടവും
ദേവകീനന്ദനൻദേവദേവൻവാസു-
ദേവനുംദേവരാജാത്മജൻതാനുമായ്
ദേവകൾചെയ്യുന്നപൂമഴയേററു
ദേവഭൂദേവാദികളെയുംവന്ദിച്ചു
യുദ്ധനിവൃത്തരായ്പോകുന്നനേരത്തു
പദ്ധതിതോറുംജയജയശബ്ദവും
വാദ്യഘോഷത്തോടുചെന്നുതൊഴുതളി
വാദ്യവുംചെയ്തുയുധിഷ്ഠിരാങ്ഘ്രിദ്വയം
കൃഷ്ണനാംപൈതാമഹനുമത്തുനേരം
കൃഷ്ണസമക്ഷമീവണ്ണമരുൾചെയ്തു
ദേവനുമാപതിരുദ്രൻമഹാദേവൻ
ദേവൻപശുപതിവാമദേവൻശിവൻ
കേവലൻചന്ദ്രചൂഡൻത്രിപുരാന്തകൻ
ഗോവിന്ദസേവിതൻഗോപതിവാഹനൻ

സേവിപ്പവക്കജയത്തെവരുത്തീടും
ദേവദേവനതിനില്ലൊരുസംശയം
ഭാവനയാഹ്റദിഭക്തിപൂണ്ടെപ്പൊഴും
സേവിച്ചുകൊള്ളുവിനെന്നരുൾചെയ്തൊരു
വേദവ്യാസൻമൊഴികേട്ടുതെളിഞ്ഞവർ
ഖേദവുംതീൎത്താർഗ്ഗുരുമരണോത്ഭവം
പാൎത്ഥാദികളുംജയിച്ചുനിലവിളി-
ച്ചാൎത്തുകളിച്ചുടൻകൈനിലപുക്കാരെ
ന്നാസ്ഥയാചൊല്ലീടിനാൾകിളിപ്പൈതലും

ഇതി ശ്രീമഹാഭാരതേ ദ്രോണപൎവ്വം സമാപ്തം.

# ടിപ്പണം.

ശ്രീഗുരുചരണാരവിന്ദാഭ്യാം നമഃ

1-ാം പജ്:- ശക്കര=പഞ്ചസാര. ഗ്രീഷ്മസമാനൻ=ഉഗ്രമായ വേനലിനു തുല്യൻ (ദുസ്സഹൻ) അരിനിവഹം=ശത്രുസംഘം.

2. എന്നാൻ=എന്നു പറഞ്ഞു. കണ്ണസുഖം പറയുക=സേവ പറയുക. വാനവർനാട്=ദേവലോകം. കൊണ്ടുപന്നു=കൊണ്ടുവന്നു.

3. കൂറുള്ള=നന്ദിയുള്ള. ധർമ്മജൻ=യുധിഷ്ഠിരൻ. ജിഷ്ണു=അർജ്ജുനൻ. അന്തകവൈരി=ശിവൻ. മാരുതി=ഭീമസേനൻ. ധാർത്തരാഷ്ട്രൻ=ദുര്യോധനൻ. പാർത്ഥിവനന്ദനൻ=രാജകുമാരൻ. മൂർത്തികൾമൂന്നു=ബ്രഹ്മൻ-വിഷ്ണു-മഹേശ്വരൻ.

4. സംശപ്തകന്മാർ=ഒന്നിച്ചു ശപഥംചെയ്തവർ. പന്തിരണ്ടായി=രണ്ടുപന്തിയായി. വൃത്രാരിപുത്രൻ=ഇന്ദ്രപുത്രൻ (അർജ്ജുനൻ) ആയോധനം=യുദ്ധം. പാഞ്ചാലൻ=ദ്രുപദപുത്രൻ. ഭാസ്കരനന്ദനൻ=സൂര്യപുത്രൻ (കർണ്ണൻ)

5. പാർത്ഥതനയൻ=അർജ്ജുനപുത്രൻ (അഭിമന്യു.) മാദ്രീതനയർ=നകുലസഹദേവന്മാർ. പാടീരം=ചന്ദനം.

6. വൃത്രാരിജാഗ്രജൻ=അർജ്ജുനന്റെ ജ്യേഷ്ഠൻ. കുംഭി=ആന. അപ്രതിമ........പമാ=അതുല്യമായ പ്രഭാവ.

ത്താൽ ഏററവുംപ്രബലനായ ഐരാവതത്തിൻെറ ഭ്രമണത്തിന്നു സമാനമാംവണ്ണം. സുപ്രതീകക്രമം=ആനയുടെ വ്യാപാരത്തെ. ജഗത്രയം=മൂന്നുലോകവും.

7. അബ്ധികൾ=സമുദ്രങ്ങൾ. നാകികൾ=ദേവന്മാർ. വാരണം=ആന. വാരിജലോചനൻ=ശ്രീകൃഷ്ണൻ. വെന്നു=ജയിച്ചു.

8. കാററിന്മകൻ=ഭീമൻ. സംഗരം=യുദ്ധം. വാസവി=ഇന്ദ്രപുത്രൻ.

9. അഭ്രമു... ... പ്രാണൻ=ഐരാവതത്തിന്നു തുല്യമായ ശക്തിയുള്ള. സുപ്ര.. ....പണാൽ=ആനയുടെ കോപത്തോടുകൂടിയ ചുഴററിയെറിയലിനാൽ. ജഗത്പ്രാണപുത്രൻ=വായുപുത്രൻ (ഭീമൻ.) ചിൽപുരുഷൻ=ഭഗവാൻ. ചരണോല്പലയുഗം=പദപത്മയുഗളം. ഉമ്പർകോൻ=ദേവേന്ദ്രൻ.

10. മായാമയസഖി=കൃഷ്ണൻെറസ്നേഹിതൻ. താണ്ഡവം=നൃത്തം. ദക്ഷന്മാർ=സമർത്ഥന്മാർ. അർണ്ണവം=സമുദ്രം.

11. പോരും=മതി. നാളീകലോചനൻ=പങ്കജാക്ഷൻ. ആഹവം=യുദ്ധം. പൃത്ഥ്വി=ഭൂമി. സനാതനം=ശാശ്വതം.

12. പത്മവ്യൂഹം=(തേർപട-കതിരപ്പട-കാലാൾപട-ആനപ്പട എന്നീക്രമത്തിൽ സൈന്യത്തെ വിഭജിച്ച് പത്മാകൃതിയിൽ നിർത്തുന്ന സമ്പ്രദായത്തിന്നു പത്മവ്യൂഹമെന്നുപറയുന്നു.) മാധവൻ....=ശ്രീകൃഷ്ണസോദരിയായ സുഭദ്രയിൽ ഇന്ദ്രപുത്രനായ അർജ്ജുനന്നുണ്ടായ പുത്രൻ. മേഘവാഹനനന്ദനൻ=ഇന്ദ്രപുത്രൻ.

13 കുമാരനുനേരായ=സുബ്രഹ്മണ്യതുല്യനായ. മാററലർ=ശത്രുക്കൾ. ഊററർ=പ്രബലന്മാർ. സൂതൻ=സാരഥി. സൗഭദ്രൻ=സുഭദ്രാപുത്രൻ. ദ്രൗണി=ദ്രോണപുത്രൻ.

14. വാസവൻ=ഇന്ദ്രൻ. ഗാണ്ഡീവധന്വാവ്=അർജ്ജുനൻ.

15 തൂണീരം=ആവനാഴി. കവചം=പടച്ചട്ട. ഉഷ്ണീഷം=തൊപ്പി(തലക്കെട്ട്) തോയാകരം=സമുദ്രം. നില്ലുകയില്ല.

16 വല്ലഭം=സാമർത്ഥ്യം. ഛന്നം=മറയ്ക്കപ്പെട്ടതു്. സന്നം=നഷ്ടം. മന്യു=കോപം. അരിമന്നർ=ശത്രുരാജാക്കന്മാർ.

17. വാരിധിവാരി=സമുദ്രജലം. നടുക്കം=ഭയം. വിക്രമം=പൗരുഷം. വിഖ്യാതർ=പ്രസിദ്ധർ. ഉൾക്കരുത്ത്=മനശ്ശക്തി

18 ഭീമഗജങ്ങൾ=വലിയ ആനകൾ. വാജികൾ=കുതിരകൾ. ഉമ്പർകോൻ=ഇന്ദ്രൻ. നന്ദനനന്ദനൻ=പൗത്രൻ സൗമിത്രി=സുമിത്രാപുത്രനായ ലക്ഷ്മണൻ. രാവണി=രാവണപുത്രനായ ഇന്ദ്രജിത്ത്. സൗഭദ്രൻ=അഭിമന്യു പൂഞ്ചായൽ=കേശപാശം.

19 മാരുതനന്ദനൻ=ഭീമൻ. പാർവ്വതീവല്ലഭൻ=ശിവൻ.

20. കള്ളമൊഴിഞ്ഞു=കപടംകൂടാതെ. അർജ്ജുനി=അർജ്ജുനപുത്രൻ.

21. കൗന്തേയസൂനു=കുന്തീപുത്രന്റെ പുത്രൻ.

22. വിഷണ്ണർ=ദുഃഖിതർ. ഭാസ്കരപുത്രൻ=കർണ്ണൻ. ഉമ്പർ=ദേവന്മാർ. ആയോധനം=യുദ്ധം.

23. അറുവർ=ആറുപേർ. അംഗേശ്വരൻ=അംഗരാജാവ് (കർണ്ണൻ) സജ്യചാപായുധന്മാർ=ഞാണേററിയ വില്ലു ധരിച്ചവർ (വില്ലാളികൾ) അർജ്ജുനവർണ്ണം=ശുഭ്രവർണ്ണം. ജഗത്രയം=മൂന്നുലോകം. മഹാരണേ=ഘോരയുദ്ധത്തിൽ. നിർജ്ജരലോകം=ദേവലോകം. വർജ്ജനകാര്യങ്ങൾ=നികൃഷ്ടകർമ്മങ്ങൾ

24. ആകർണ്ണ്യ=കേട്ടിട്ട്. വർണ്ണധർമ്മക്രിയാനിർണ്ണയം=ജാതിധർമ്മകർമ്മനിശ്ചയം. ആദിതേയാധിപപുത്രതനയൻ=ആദിതേയന്മാരുടെ അധിപന്റെ പുത്രന്റെ തനയൻ (ദേവരാജ പൗത്രൻ). അംഗേശൻ=കർണ്ണൻ. ചക്രായുധൻ=വിഷ്ണു.

25. വിത്രസ്തർ=ഭയപ്പെട്ടവർ. മാരിനേരായ=വൃഷ്ടിക്കു തുല്യമായ.

26. മരാമരം=വന്മരം. സത്യവതിസുതൻ=സത്യവതിയുടെ പുത്രൻ.

27. പുരീഷം=മലം.

28. ദേവരാജാത്മജൻ=അർജ്ജുനൻ. സായാഹ്നം=സന്ധ്യയ്ക്കുമുമ്പ്.

29. മോഹൈക നാശനൻ=മോഹത്തെ നിശ്ശേഷം കളയുന്നവൻ. വിണ്ണവർകോൻ=ദേവരാജൻ. ചാപല്യം=ചപലത.

30. ജാതനായാൽ=ജനിച്ചാൽ.

“ജാതസ്യഹിധ്രുവോമൃത്യുർധ്രുവംജന്മമൃതസ്യച

തസ്മാദപരിഹാൎയ്യേൎത്ഥ നത്വം ശോചിതു മഹ്സി"
"വാസാംസി ജീൎണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീൎണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹീ".

എന്ന ഗീതാവചനത്തെ സ്മരിപ്പിക്കുന്നു. അന്തകവൈരിവരപ്രസാദം=ശ്രീ പരമശിവന്റെ അനുഗ്രഹം സിന്ധുപതി=സിന്ധുരാജ്യാധിപൻ.

31. കിരീടികിരീടം=അൎജ്ജുനന്റെ കിരീടം. നിൎജ്ജരനായകനന്ദനൻ=ദേവരാജകുമാരൻ. സജ്ജനന്മാർ=ഭീതന്മാർ. മിത്രൻ=സൂൎയ്യൻ. പത്രി=ബാണം.

32. പിതൃദത്തം=അച്ഛൻകൊടുത്ത. ചീൎത്ത=വൎദ്ധിച്ച. ശക്രാത്മജൻ=ഇന്ദ്രപുത്രൻ.

33. ഇന്നും=ഇനിയും. വിശൈ്വക വീരൻ=ലോകൈകവീരൻ.

34. കൗന്തേയൻ=കുന്തിപുത്രൻ. സൈന്ധവൻ=ജയദ്രഥൻ. പുരാന്തകൻ=പരമേശ്വരൻ. പരിപന്ഥി=ശത്രു.

35. വൃത്രാരിലോകം=ഇന്ദ്രലോകം. ഏണാങ്കചൂഡപ്രസാദം=പരമേശ്വരാനുഗ്രഹം. മാധവൻ=കൃഷ്ണൻ.

36. ദാരുകൻ=കൃഷ്ണസാരഥി. ആന്തരമായെഴുമാത്മാ=അന്തരാത്മാവ്. വിരിഞ്ചൻ=ബ്രഹ്മാവ്. വിശ്വംഭരം=ഭൂമി. ഉഷ്ണേതരാംശുകുലോത്ഭവൻ=ചന്ദ്രവംശജാതൻ.

37. മൃത്യുഞ്ജയൻ=മൃത്യുവെ ജയിച്ചവൻ. ദൎവ്വീകരം=സൎപ്പം. തുംഗം=ഉന്നതം. ത്ര്യംബക=ത്രിലോചന.

മുണ്ഡം=ശിരസ്സ്. ദണ്ഡധരൻ=അന്തകൻ. പരശ്വമു ഖ=പരശ്വമുതലായ.

38. സാരസാക്ഷപ്രിയ=പങ്കജലോചനപ്രിയ. ഭൂ തിപ്രിയ=ഭസ്മപ്രിയ. ഭൂതിപ്രദ=ഐശ്വൎയ്യദായക ഭൂ തകൎത്താ=ബ്രഹ്മാവ്. ഭൂതഭൎത്താ=വിഷ്ണു ഭൂതഹൎത്താ= രുദ്രൻ. പത്മാക്ഷഫല്ഗുനന്മാർ=കൃഷ്ണാൎജ്ജുനന്മാർ.

39. പുരൈവ=പണ്ടുതന്നേ ജംഭാരി=ഇന്ദ്രൻ. അ ദ്വൈതധാമം=പരബ്രഹ്മരൂപിയായശിവൻ

40. ബ്രാഹ്മമുഹൂൎത്തം=മൂന്നേമുക്കാൽനാഴിക പു ലരുവാനുള്ളപ്പോൾ. ക്ഷ്മാദേവകൾ=ബ്രാഹ്മണർ പു ഷ്കരനേത്രൻ=പങ്കജാക്ഷൻ. വാസവി=അൎജ്ജുനൻ.

41 അംബികാവല്ലഭസേവിതൻ=ശിവനാൽസേ വിക്കപ്പെട്ടവൻ. ശാശ്വതൻ=സനാതനൻ. രമാവ രൻ=ലക്ഷ്മീകാന്തൻ. മാരാകാരൻ=കാമദേവന്റെ ആകൃ തിക്കൊത്ത സൌന്ദൎയ്യത്തോടുകൂടിയവൻ തേ=അങ്ങ യ്ക്കായ്ക്കൊണ്ട്. ത്വൽപദാബ്ജാൎച്ചിതപുഷ്പങ്ങൾ=അങ്ങയു ടെ പാദപങ്കജങ്ങളിലൎച്ചിച്ച പൂക്കൾ. ത്വൽപദാംഭോരു ഹം=അദ്ദേഹത്തിന്റെ പാദകമലത്തെ. പരം വിസ്മ യം കിം=വേറെ ആശ്ചൎയ്യമെന്ത്. അച്യുതൻ=വിഷ്ണു. അന്തകവൈരി=ശിവൻ.

42. മന്നവന്മാർ=രാജാക്കന്മാർ. അഗ്നിക....ത്രൻ= ഭീമൻ. അഗ്നി.......ലൻ=ധൃഷ്ടദ്യുമ്നൻ. ധാത്രീപതി കൾ=രാജാക്കന്മാർ. തേറിനാർ=സമ്മതിച്ചു. നരനാ രായണന്മാർ=അൎജ്ജുനകൃഷ്ണന്മാർ.

43. വാരണന്മാർ=ഗജങ്ങൾ. തുരഗാളിഹേഷാരവങ്ങൾ=കുതിരപ്പടയുടെ ശബ്ദങ്ങൾ. സരസിജവ്യൂഹം=പത്മവ്യൂഹം. ശകടാഹ്വയവ്യൂഹം=ശകടവ്യൂഹം (ശകടത്തിന്റെ ആകൃതിയിൽ പടകൾനിൽക്കുക) വാമഭാഗേ=ഇടത്തുഭാഗത്ത്. ധൂളധനിലമായൊരാകാശം=പോക്കളമാകുന്നആകാശം. ഹസ്തി=ഗജം അശ്വം=കുതിര. പത്തി=കാലാൾ, എന്നിവയാകുന്നമേഘങ്ങൾ. ധൂളി=പൊടി.

44. മിത്രബിംബം=ആദിത്യബിംബം. വക്ത്രങ്ങൾ=മുഖങ്ങൾ ശൈവലം=പണ്ടി പാഷാണം=പാറ. മുക്താ=മുത്തുമണി. മാററലർ=ശത്രുക്കൾ

45. ശ്രുതായുരാഖ്യൻ=ശ്രുതായുസ്സ് എന്നപേരായവൻ.

46. ഖാണ്ഡവം=ഖാണ്ഡവവനം. പാവകൻ=അഗ്നി. ഗാണ്ഡീവധന്വാവ=അജ്ജുനൻ. ആനന്ദാളിതമായി=ഇളകിവശായി. ആഹവം=യുദ്ധം ചാപികൾ=വില്ലാളികൾ. ഉമ്പർ=ദേവന്മാർ.

47. മല്ലാരി=കൃഷ്ണൻ. അഞ്ചി=പേടിച്ച്. വൈദഗ്ദ്ധ്യം=സാമർത്ഥ്യം. മുഗ്ദ്ധ ......രൻ=സാത്യകി. ക്ഷത്ര........രൻ=ദ്രോണൻ. ദുഗ്ദ്ധാംബുരാശി തിരുമകൾ=ലക്ഷ്മീദേവി. ആശുഗവേഗം =വായുവേഗം. ജാലം=സമൂഹം.

48. ആഖണ്ഡലൻ=ഇന്ദ്രൻ. ഇന്ദിരാവല്ലഭൻ=കൃഷ്ണൻ. കൈതവം=കപടം. വൈകാര്യം=ന്യൂനത. പന്നാഗശായി=അനന്തശയനൻ. ഹരിദ്രം=പഴുത് (തഞ്ചം).

49. നാഗദ്ധ്വജൻ=ദുഃര്യോധനൻ. നാഗാരി=ഗരുഡൻ. നാഗദ്ധ്വജാദികൾ=ദുര്യോധനാദികൾ.

50 പററലർ=വൈരികൾ. വാതാത്മജൻ=ഭീമസേനൻ.

51. നിമ്മലൻ=കളങ്കമില്ലാത്തവൻ. ധമ്മസുതൻ=യുധിഷ്ഠിരൻ. അരിവാഹിനി=ശത്രുസൈന്യം. ശിനിസുതൻ=സാത്യകി.

52. പ്രധനം=യുദ്ധം. കബന്ധം=അപമൂദ്ധകളേബരം (തലപോയ്പോയപെട്ടശരീരം.)

53. നാഗധ്വജനൃപൻ=ദുഃര്യോധനരാജാവ്. ജന്യം=യുദ്ധം. രണഭൂവി=പോക്കളത്തിൽ. ജന്യമാം=ഉണ്ടാകുന്ന. പാഞ്ചജന്യനിനാദം=പാഞ്ചജന്യശംഖത്തിന്റെ ശബ്ദം. ധന്വികൾ=വില്ലാളികൾ. മാരുതി=ഭീമൻ. ഉഗ്രവി....... ഭവാൻ=പരമശിവനാൽഉണ്ടാക്കപ്പെട്ട അനുഗ്രഹശക്തികൊണ്ട് പരിപൂർണ്ണമായ പ്രഭാവമുള്ളവൻ. (ശിവന്റെ അനുഗ്രഹത്താൽ പ്രബലനായിത്തീന്നു) ശക്രതനയൻ=അർജ്ജുനൻ. വ്യഗ്രം=അസുഖം. അഗ്രഗണ്യൻ=മുമ്പൻ.

54. അഗ്രാഹ്യശൌര്യം=ഗ്രഹിപ്പാനരുതാത്ത ശൌര്യം. അഗ്ര്യകുലോത്ഭവൻ=ശ്രേഷ്ഠവംശജാതൻ. ഉഗ്രശിഷ്യോത്തമശിഷ്യൻ=പരമേശ്വരശിഷ്യന്റെ (പരശുരാമന്റെ) ഉത്തമശിഷ്യൻ. തൽഗ്രഹണാഗ്രഹം=അതിനെപിടിപ്പാനുള്ള ആശ. അവരജൻ=അനുജൻ. ശിനിസുതൻ=സാത്യകി. ചെന്താരിൽ.........സഃമ!=അല്ലയോ ശ്രീപതേ!. വൈകല്യം=ന്യൂനത.

55. പൂർവ്വജൻ=ജേഷ്ഠൻ. മനോരമം=മനോഹരം. കന്ധരം=കഴുത്ത്. ഘണ്ടാ=മണി. രവം=ശബ്ദം. സിന്ധുരം=സിന്ധുദേശജാതം. ബന്ധുരം=മനോഹരം. സ്യന്ദനാശ്വങ്ങൾ=തേർക്കുതിരകൾ.

56. അണ്ഡകടാഹം=ബ്രഹ്മാണ്ഡം. ദണ്ഡധരൻ=അന്തകൻ. ഖണ്ഡപരശു=ശിവൻ. ചണ്ഡകരകുലജാതൻ=സൂര്യകുലജാതൻ. കേസരി=സിംഹം. പത്രികൾ=ബാണങ്ങൾ. മിത്രാത്മജൻ=സൂര്യപുത്രൻ—(കർണ്ണൻ) അംബികാനന്ദനനന്ദനന്മാർ=ധൃതരാഷ്ട്രന്റെ പുത്രന്മാർ. അടച്ചുതീവെച്ചത്=അരക്കില്ലത്തിലിട്ടു ചുട്ടത്.

57. മദ്ധ്യസഭം=സഭനടുവിൽവെച്ച്. നിജം=സ്വന്തം. ഇമ്മിണിപോലും=ലേശംപോലും. തമ്പിമാർ=സഹോദരന്മാർ. പഞ്ചത=മരണം. കിഞ്ചന=കുറച്ച്.

58. അംഗേശൻ=കർണ്ണൻ. തമ്പിമാർ=അനുജന്മാർ. സൂര്യാത്മജൻ=കർണ്ണൻ.

59. വൃകോദരൻ=ഭീമൻ. പാക്ക-നോക്കുക. മാഗധൻ=ജരാസന്ധൻ. മിത്രാത്മജൻ=സൂര്യപുത്രൻ. ബകൻ=ബകാസുരൻ.

60. ഇത്ഥം=ഇപ്രകാരം. വൃത്രാരിപുത്രൻ=അർജ്ജുനൻ. മിത്രതനയൻ=കർണ്ണൻ. വാജികൾ=കുതിരകൾ. കല്ലോലം=തിര. കാലാരി=രുദ്രൻ

61. ഖഡ്ഗചർമ്മങ്ങൾ=വാളുംപരിചയും. പുഷ്കരേ=ആകാശത്തിൽ. സംഗരം=യുദ്ധം. മാററലരന്തകന്മാർ=ശത്രുനാശകന്മാർ.

62. ഗളഭുവി=കഴുത്തിൽ. ശാർങ്ഗവരായുധൻ=ശാർങ്ഗമെന്ന ശ്രേഷ്ഠമായ ആയുധമുള്ളവൻ. മൂർത്തികൾമൂവർ=ബ്രഹ്മൻ-വിഷ്ണു-മഹേശ്വരൻ. രുഷാ=കോപത്താൽ.

63. കാരണപൂരുഷൻ=ശ്രീകൃഷ്ണൻ. അഭിരാമം=മനോഹരം. ദാരുകൻ=കൃഷ്ണസാരഥി. വിണ്ണവർ=ദേവന്മാർ.

64. വിണ്ണവർകോൻ=ദേവേന്ദ്രൻ. വിൺ=സ്വർഗ്ഗം ദിവാകരൻ=സൂര്യൻ. സൈന്ധവൻ=ജയദ്രഥൻ. കൗന്തേയസത്യം=അർജ്ജുനന്റെ ശപഥം. ശില്പമായ്=നല്ലവണ്ണം.

65. ഊഴി=ഭൂമി. വിഷ്ണുപദം=ആകാശം. കല്യാണശീലൻ=സുശീലൻ. തൽകരം=അവന്റെ കൈ.

66. അർത്ഥപുരുഷകാരാദി=ധനം പൗരുഷം മുതലായത്. വെല്ലുവാൻ=ജയിപ്പാൻ. ജാള്യം=വിഡ്ഢിത്തം. മോഹം=മൂർച്ഛ. ആഹവചാതുര്യം=യുദ്ധവൈദഗ്ദ്ധ്യം. ജലധരവാഹനപുത്രൻ=ഇന്ദ്രപുത്രൻ.

67. ശാർങ്ഗപരായണൻ=ശ്രീകൃഷ്ണൻ. കമലാവരൻ=ലക്ഷ്മീകാന്തൻ. വിരിഞ്ചൻ=ബ്രഹ്മാവ്. ജിഷ്ണുമുഖാമരന്മാർ=ഇന്ദ്രാദി ദേവന്മാർ. മുഴക്കുക=വർദ്ധിക്കുക.

68. വിജയൻ=പാർത്ഥൻ. ധാർത്തരാഷ്ട്രന്മാർ=ധൃതരാഷ്ട്രന്റെ മക്കൾ. (ദുര്യോധനാദികൾ) ആതുരൻ=പരവശൻ.

69. അക്ഷൗഹിണി="ഇരുപത്തോരായിരത്തെണ്ണൂറു മെഴുപതും, കരികൾവേണം നല്ല രഥവുമത്രവേണം,

മുമ്മടങ്ങിതിലശ്വം, കാലാളുമഞ്ചുമടങ്ങിമ്മത മിറിയിച്ചാൻ മുനികളോടുസൂതൻ" എന്നു 'പൗലോമം'. ഘടോൽക്കചൻ=ഭീമസേനനു ഹിഡിംബിയിലുണ്ടായ പുത്രൻ അശ്വത്ഥാമാ=ദ്രോണപുത്രൻ. ദ്രൗണി=അശ്വത്ഥാമാവ്. അല്ലൽ=ദുഃഖം.

70 ഭുവനങ്ങൾ=ലോകങ്ങൾ. കൃഷ്ണാവിവാഹം=പാഞ്ചാലീസ്വയംവരം. ഉത്തരദിക്ക്=വടക്കേദിക്ക്. മൃത്യുഞ്ജയൻ=ശിവൻ

71 പേപറയുക=നിന്ദിക്കുക. മാതുലൻ=അമ്മാമൻ. അന്തരാ=മദ്ധ്യേ പിടിയാതവൻ=ഒന്നുമറിയാത്തവൻ.

72. പൊള്ളപറഞ്ഞ=ഢീക്കിളക്കിയ. വൃത്രാരിപുത്രൻ=അർജ്ജുനൻ. ഗുരുസുതൻ=ഗുരുനാഥന്റെ പുത്രൻ (അശ്വത്ഥാമാവ്)

73 അംബരം=ആകാശം. ഉമ്പർകോൻ പുത്രൻ=അർജ്ജുനൻ. ഏകാദശം=പതിനൊന്നു. ഈഷൽ=സന്ദേഹം.

74. പൊഴുത്=അവസരം. കാലബലാവലോകനം=കാലശക്തിനോക്കാഞ്ഞ കാലാവലോകനം=കാലംനോക്കൽ. ആനന്ദിനാം=ആനന്ദമുള്ളവർക്ക്. ആനനാംഭോജം=മുഖകമലം.

75. പംക്തികണ്ഠോപമൻ=രാവണസദൃശൻ. വിടവഴങ്ങുക=അനുവാദം നൽകുക. ചെങ്കതിരോൻ=ആദിത്യൻ അരക്കർ=രാക്ഷസർ. ഛായാപതി=സൂര്യൻ. ആയർകോൻ=ശ്രീകൃഷ്ണൻ. വായുസുതാത്മജൻ=മാരുത

പുത്രപുത്രൻ-ഘടോൽക്കചൻ. അംഭോജനേത്രൻ=താമരക്കണ്ണൻ.

76. അംഗാരലോചനൻ=സംഹാരരുദ്രൻ. അംബികാസൂനുതനയൻ=ധൃതരാഷ്ട്രപുത്രൻ. പാവനി=വായുപുത്രൻ-ഭീമൻ. ശക്തി=ശക്തിയെന്ന ആയുധം. മമ=എന്റെ.

77. പരിപന്ഥികൾ=ശത്രുക്കൾ. അസി=വാൾ. അന്ധകാരാന്തരേ=ഇരുട്ടിന്റെ ഇടയിൽ.

78. നക്തഞ്ചരാദികൾ=രാക്ഷസാദികൾ. ദാനവനിർജ്ജരന്മാർ=അസുരന്മാരും സുരന്മാരും. അമൃതകിരണൻ=ചന്ദ്രൻ. കുംഭികുലോത്തമസ്കന്ധം=മത്തഗജങ്ങളുടെ കഴുത്ത്. കുംഭികുംഭസ്ഥലേ=ആനകളുടെ മസ്തകത്തിൽ. സംഭോഗതാന്തരായ്=സംഭോഗംനിമിത്തം തളർന്നവരായിട്ട്. അംഭോജനേത്രമാരുടെ=സുന്ദരിമാരായ സ്ത്രീകളുടെ കുംഭസ്തനാന്തരേ=സ്തനകലശത്തിൽ.

79. കായികസാദം=ശരീരക്ഷീണം. ഗുണഗർജ്ജനം=ചെറുഞാണൊലി. പുരുഷോത്തമൻ=ശ്രീകൃഷ്ണൻ.

80. ആശുഗതുല്യവേഗേന=കാററിനൊത്ത വേഗത്തിൽ.

81. കൂടലരന്തകൻ=ശത്രുസംഹാരകൻ.

82. തത്താല്പര്യം=അതിന്റെ ആന്തരാർത്ഥം. ശുഭാശുഭകർമ്മാനുഭോഗം= സൽകർമ്മദുഷ്കർമ്മഫലാനുഭവം. മാരാരി=കാമശത്രു-ശിവൻ. മട്ടലർ.......ശിഷ്യൻ=പരമേശ്വരശിഷ്യന്റെ ശിഷ്യൻ. പററലർ=ശത്രുക്കൾ ച

തുരംഗം=നാലംഗങ്ങളോടുകൂടിയതു്. (ആന—കുതിര—തേർ—കാലാൾ)

83. കല്മഷം=പാപം. രോഹിതാശ്വപ്രഭൻ=അഗ്നിയെപ്പോലെ ശോഭിക്കുന്നവൻ. രോഹിതാശ്വദ്വിജൻ=അഗ്നിക്കു തുല്യനായ ബ്രാഹ്മണൻ. രോഹിതാശ്വാസ്ത്രേണ=ആഗ്നേയാസ്ത്രം കൊണ്ടു്. വിശ്വരക്ഷാർത്ഥം=ലോകരക്ഷയ്ക്കുവേണ്ടി. ആത്മരക്ഷാർത്ഥം=സ്വന്തം രക്ഷയ്ക്കുവേണ്ടി. അശ്വത്ഥാമാഹതൻ=അശ്വത്ഥാമാവു് ഹനിക്കപ്പെട്ടു.

84. കല്യാണദേവതാകാമുകൻ=ലക്ഷ്മീകാന്തൻ. വാങ്ങിനാൻ=പിൻമാറി. ഘുഷ്യൽഗുണനാദം=ഘോഷിക്കുന്ന ചെറുഞാണൊലി. ശങ്കര...... ശിഷ്യൻ=പരമേശ്വരശിഷ്യനായ പരശുരാമന്റെ ശിഷ്യനും ശിഷ്യപ്രിയനും ആയ ദ്രോണർ. കലശോത്ഭവൻ=ദ്രോണർ.

85. സന്ന്യസിച്ചേൻ=ഉപേക്ഷിച്ചു. പരബ്രഹ്മതേജസി=പരബ്രഹ്മമാകുന്ന അഗ്നിയിൽ. ഗാന്ധാരീതനയർ=ദുര്യോധനാദികൾ. അംഘ്രിദ്വയം=പാദയുഗളം. പ്രാണിഹിംസാകർമ്മണാം=പ്രാണിഹിംസയാകുന്ന കർമ്മങ്ങൾക്കു്.

86. പാഞ്ചാലൻ=ധൃഷ്ടദ്യുമ്നൻ. വിജയാദികൾ=അർജ്ജുനൻ മുതലായവർ. കല്പാന്തവഹ്നി=പ്രളയാഗ്നി. വേപിച്ചു=വിറച്ചു. താപിച്ചു=ദുഃഖിച്ചു. ഗോപിച്ചു=മറച്ചു.

87. ശലഭോപമം=പാററകൾക്കു തുല്യം. മുക്തശങ്കം=ശങ്കകളഞ്ഞു്. ദ്രോണജൻ=ദ്രോണപുത്രൻ - അശ്വത്ഥാമാവ്. മേദിനീശന്മാർ=ഭൂപാലന്മാർ. നരകാപ്തി=നരകപ്രാപ്തി. മുഗ്ദ്ധാക്ഷിമാർ=സ്ത്രീകൾ.

88. മിത്രവർഗ്ഗങ്ങൾ=ബന്ധുസംഘങ്ങൾ. പൃഥാതിപുത്രൻ=അർജ്ജുനൻ. മാരുതി=ഭീമൻ. കൃഷ്ണപാർത്ഥോക്തികൾ=കൃഷ്ണന്റെയും അർജ്ജുനന്റെയും വചനങ്ങൾ. രണം=യുദ്ധം. സവ്യസാചി=അർജ്ജുനൻ. വേദാന്തവിത്ത്=വേദാന്തമറിയുന്നവൻ. ഭൂസുരതാപസധർമ്മരക്ഷാർത്ഥം=ബ്രാഹ്മണരുടേയും താപസരുടേയും ധർമ്മത്തിന്റെയും രക്ഷണത്തിന്നായിട്ട്.

89. യജ്ഞസേനൻ=പാഞ്ചാലൻ. ദ്വൈപായനൻ=വ്യാസർ. യുദ്ധനിവൃത്തർ=യുദ്ധത്തിൽനിന്നു മടങ്ങിയവർ. പദ്ധതി=മാർഗ്ഗം. കൃഷ്ണനാം പൈതാമഹൻ=വ്യാസഭഗവാൻ.

90. ദേവദേവൻ=പരമശിവൻ. ഭാവനയാ=ധ്യാനത്താൽ.

---

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 26 JUL 1990 | | |

DC Library
*00003957*
T61 D87

T61
D87